

കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ
വികസന റിപ്പോർട്ട്




കോഴിക്കോട്
മലപ്പുറം ജില്ല

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണം
സമഗ്ര വികസന രേഖ 1996

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്



ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ
സമഗ്രവികസന റിപ്പോർട്ട്.

പഞ്ചായത്തുകൾക്ക്
പൗരാണികസൗരഭ്യമുണ്ട്
- ഗാന്ധിജി

❋

ഗ്രാമസ്വരാജ് എന്റെ സ്വപ്നമാണ്
- ഗാന്ധിജി

❋

ഇന്ത്യയുടെ ജീവൻ നിലകൊള്ളുന്നത്
ഗ്രാമങ്ങളിലാണ്
- ഗാന്ധിജി

എഡിറ്റർ

ഖദീജാ നർഗീസ്

എഡിറ്റോറിയൽ ബോഡ്

ടി. കെ. അബ്ദുസ്സലാം

എം. അഹമ്മദ്

കെ. രായിൻ

കെ. മുജീബു റഹ്മാൻ

ഇ. അബ്ദുറസാക്

സുദർശനാബായി

ഓടായപുറത്ത് കുഞ്ഞിമുഹമ്മദ് മാസ്റ്റർ

സഹായികൾ

മയ്യേരി കുഞ്ഞിമുഹമ്മദ്

കെ. ആറ്റക്കോയ തങ്ങൾ

ടി. പി. നഫീസ

പി. ടി. കുഞ്ഞുമുഹമ്മദ്

കെ. ഹംസ

കെ. കെ. കുഞ്ഞീവി ടീച്ചർ

ടി. പി. തെയ്യൻ

കൊടപ്പനക്കൽ മൂയ്തീൻകുട്ടി. എന്ന ബാവ

പി. സൈതലവി മാസ്റ്റർ

പി. നഫീസ

ഇ. സതീശൻ

പി. സുരേഷ് ബാബു

എബ്രഹാം മാത്യു

എം. രാജഗോപാലൻ

ഇ. രാജൻ

കെ. നാരായണൻ

D.T.P. പ്രൂഫ് റീഡിങ്ങ്

ടി.കെ.അബ്ദുസലാം

ഒ.കുഞ്ഞിമുഹമ്മദ് (O.K)

ജമാലുദ്ദീൻ കാനാഞ്ചേരി


കെ.രായിൻ

1.	ആമുഖം
2.	പഞ്ചായത്ത് : പൊതുവിവരണം
3.	സാമൂഹിക സാംസ്കാരിക ചരിത്രം
4.	ഭൂപ്രകൃതി - ജനപ്രകൃതി, ജലവിഭവം
5.	സാമൂഹിക - സാമ്പത്തിക മേഖലകൾ
5-1,	കൃഷിയും ജലസേചനവും
5-2,	മൃഗസംരക്ഷണവും മത്സ്യബന്ധനവും
5-3,	വ്യവസായം
5-4,	വിദ്യഭ്യാസം
5-5,	കുടിവെള്ളവും പൊതുജന ആരോഗ്യവും
5-6,	ഗതാഗതം, ഊർജ്ജം മാർക്കറ്റ്
5-7,	പാർപ്പിടവും സാമൂഹ്യക്ഷേമവും
5-8,	സംസ്കാരം
5-9,	വനിത
5-10,	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
5-11,	സഹകരണം
5-12,	വിഭവ സമാഹരണം
6	ഉപസംഹാരം
അനുബന്ധം: പ്രവർത്തനമേഖല	

കൽപകഞ്ചേരി പഞ്ചായത്ത് നിലവിലുള്ള, ഭരണസമിതി അംഗങ്ങൾ



N. ഖദീജാ നർഗീസ്
പ്രസിഡണ്ട്



കെ. ആറ്റക്കോയതങ്ങൾ
(വൈ. പ്രസിഡണ്ട്)



T.P. നഫീസ
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൻ

P.T. കുഞ്ഞിമുഹമ്മദ്
K. ഹംസ
K.K കുഞ്ഞീവി ടീച്ചർ
T.P. തെയ്യൻ
കൊടപ്പനക്കൽ മുയ്തീൻകുട്ടി എന്ന ബാവ.
പി. സൈതലവി മാസ്റ്റർ
പി. നഫീസ
മയ്യേരി കുഞ്ഞിമുഹമ്മദ്

പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റ് ജനപ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത്	: ശ്രീ അൻവർ അമീൻ. എ. പി
"	: കുന്നത്ത് സുലൈഖ
ജില്ലാപഞ്ചായത്ത്	: അബുദുറഹിമാൻ രണ്ടത്താണി
സംസ്ഥാന നിയമസഭ	: പി.കെ. കുഞ്ഞാലിക്കുട്ടി
ലോകസഭ	: ഗുലാം മഹ്മൂദ് ബനാത്ത് വാല

1. ആമുഖം

ബ്രിട്ടീഷ് ഇന്ത്യയിൽ തന്നെ കല്പകഞ്ചേരി പ്രദേശങ്ങളിൽ പ്രദേശീയ സ്വയംഭരണ സംവിധാനമെന്ന നിലയിൽ കല്പകഞ്ചേരി പഞ്ചായത്ത് നിലവിലുണ്ടായിരുന്നു. പഞ്ചായത്ത് സ്ഥാപിതമായത് 1940 ഒക്ടോബർ 10ാം തിയ്യതിയാണെന്ന് രേഖകകൾ പറയുന്നു.

ഭാരതം സ്വതന്ത്രമായിട്ട് നീണ്ട 49 വർഷങ്ങൾ കഴിഞ്ഞിട്ടും വികസനസമ്പന്നങ്ങൾ പൂർത്തികരിച്ചില്ല. ഭരണക്കൂടങ്ങൾ മാറിമാറി വന്നിട്ടും ഭരണരംഗത്തും വികസനരംഗത്തും ജനകീയ വികേന്ദ്രീകരണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനായില്ല രാഷ്ട്രപിതാവ് മഹാത്മാഗന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് പ്രവർത്തികമാക്കാൻ നീണ്ട 49 വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നെങ്കിലും ഇപ്പോൾ അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യവുമായി പഞ്ചായത്ത് രാജ് സംവിധാനം നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിരിക്കുകയാണല്ലോ അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ട് എന്ന അവസ്ഥക്ക് പകരം അടിത്തട്ടിൽ നിന്ന് മേലോട്ട് എന്ന പുതിയ ആസൂത്രണ തന്ത്രമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്നത്

ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും തുല്ല്യപങ്കാളിത്തം, ജാതിമതാദി ഭിന്നതകൾക്കതീതമായി ഉറപ്പ് വരുത്താൻ ജനകീയആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കയാണല്ലോ, ഇത് വികസന ചരിത്രത്തിലെ ഒരു നാഴികകല്ലാണ് അധികാരത്തോടപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നൽകുന്ന തിന്നനുസൃതമായി ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതി

വിശേഷം വളർന്നു വരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (35-40 ശതമാനം പദ്ധതി വിഹിതം) കേരള സർക്കാറിന്റെ 60 ശതമാനത്തിൻപെട്ട ചില സ്കീമുകൾ കേന്ദ്ര-സർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമേ ജനകീയ സംഭാവനകൾ, (പണം, വിഭവങ്ങൾ, അധ്വാനം) തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധികൾക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണുവാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തികളുടെയും നടത്തിപ്പ് കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കാം.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി കൽപകഞ്ചേരി പഞ്ചായത്ത് ബോർഡ് 1996 സപ്റ്റമ്പർ 9 ന് പഞ്ചായത്താഫീസിൽ ചേർന്ന ജനകീയാസൂത്രണത്തിന് സംസ്ഥാന, ജില്ല, പ്രദേശിക പിരശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരുടെയും, ബോർഡ് മെമ്പർമാരുടെയും നേതൃത്വത്തിൽ 11 വാർഡുകളിലും 96 സപ്തമ്പർ 22 മുതൽ ഒക്ടോബർ 2 വരെയുള്ള തിയ്യതികളിൽ വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചു.

ഓരോഗ്രാമസഭയിലും വാർഡുകളുടെ ചരിത്രം, വിസകന പ്രവർത്തനങ്ങൾ, ജനകീയ പ്രശ്നങ്ങൾ തുടങ്ങിയവ സജീവമായി ചർച്ചചെയ്തു. വിശേഷാൽ ഗ്രാമസഭകളിൽ വനിതകളുടെ പങ്കാളിത്തം എടുത്ത് പറയേണ്ടതാണ്. പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർക്ക് L.R.P മാർക്കായി 7-10-96, 4-11-96 എന്നീ തിയ്യതികളിൽ രണ്ട് പരിശീലന ക്യാമ്പുകൾ നടന്നു. ഒമ്പതാം പദ്ധതിയുടെ ഭാഗമായി 1996 നവമ്പർ 1 കേരള പിറവി ദിനം പുനരർപ്പണദിനമായി ആചരിച്ചു. ഓവുങ്ങൽ തേവർകുളം റോഡ് പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചു.

കല്പകഞ്ചേരി പഞ്ചായത്തിലെ ബഹുജനസാംസ്കാരിക രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധസേവന തൃഷ്ണയുടെയും അടിത്തറയിൽ മുൻകാല പ്രവർത്തകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾകൊണ്ട് ജനകീയാസൂത്രണവും നിർവ്വാഹണവും യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ശ്രമിക്കാം. അതുവഴി ചരിത്രത്തിന്റെ പ്രവർത്തന ദശാസന്ധിയിൽ നിങ്ങളാലാകുന്ന രാജ്യസേനവത്തിന് സ്വയം സമർപ്പിക്കുവാൻ ഈ വികസന രേഖ നമുക്ക് പ്രചോദനമാകട്ടെ.

2. പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	: കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്
ഉൽപ്പെടുന്ന വില്ലേജ്	: കൽപകഞ്ചേരി
ബ്ലോക്ക് പഞ്ചായത്ത്	: താനൂർ
താലൂക്ക്	: തിരൂർ
അസംബ്ലിമണ്ഡലം	: കുറ്റിപ്പുറം
വിസ്തീർണ്ണം	: 16.25 ചതുരശ്ര കി. മി.
അതിരുകൾ	: വടക്ക് എടരിക്കോട് പഞ്ചായത്തിലെ ചെറുശോല ഭാഗങ്ങൾ
	തെക്ക് വളവന്നൂർ പഞ്ചായത്ത്
	കിഴക്ക് ആതവനാട്, മാറാക്കര പഞ്ചായത്തുകൾ
	പടിഞ്ഞാറ് വളവന്നൂർ, പൊന്മുണ്ടം പഞ്ചായത്തുകൾ
ജനസംഖ്യ	: 26983
പുരുഷൻമാർ	: 12881
സ്ത്രീകൾ	: 14102
ജനസാന്ദ്രത	: 1660
അക്ഷരഭ്യാസമുള്ളവർ	: 19158
വാർഡുകൾ	: 11
പ്രസിഡന്റിന്റെ പേര്	: ഖദീജ നർഗീസ്
വൈസ് പ്രസിഡന്റിന്റെ പേര്	: കീക്കോട്ട് ആറ്റക്കോയ തങ്ങൾ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	: ടി. പി. നഫീസ

3. സാമൂഹിക സാംസ്കാരിക ചരിത്രം

കല്പക വൃക്ഷം തിങ്ങി വളർന്നിരുന്ന പ്രദേശമായതിനാൽ ആണ് ഈ പ്രദേശത്തിന് കല്പകഞ്ചേരി എന്ന നാമകരണം കിട്ടിയത് എന്ന് പറയപ്പെടുന്നു. വെട്ടത്ത് തമ്പുരാന്റെ അധീനത്തിലായിരുന്ന കല്പകഞ്ചേരി വെട്ടത്ത് നാട് കോഴിക്കോട്ട് സാമൂതിരി കീഴ്പ്പെടുത്തിയപ്പോൾ ഭൂപ്രദേശങ്ങൾ മണ്ടായത്ത് പുറത്ത് കാരുടെയും കിഴക്കേ കോവിലകം പുമുള്ളിമന, പാക്കത്ത്മന കേരളാധിശ്വരപുരം ഊട്ട് ബ്രഹ്മസ്വം എന്നിവരുടെ അധീനത്തിലായി. കുറച്ച് ഭൂപ്രദേശം വട്ടപറമ്പുകാരുടെയും കൈവശവും മായിരുന്നു അന്ന് ഭൂപ്രദേശം 60 ശതമാനവും തരിശു ഭൂമിയായിരുന്നു.

ടിപ്പുവിന്റെ പടയാളികൾ കല്പകഞ്ചേരി പഞ്ചായത്തിലെ നടയാൽപറമ്പ്, ചോലക്കമാട് എന്നിവിടങ്ങളിൽ ടെന്റ് ടിച്ച് കൂടിയതായി പൂർവ്വികർ പറയുന്നു. ചോലക്കമാട് പ്രദേശത്ത് പാറപ്പുറത്ത് നൂറോളം കുഴികൾ ഇപ്പോഴും കാണാവുന്നതാണ്. നടയാൽ പറമ്പിൽ അടുത്തകാലം വരെ കുഴികളും മറ്റ് അടയാളങ്ങളും കാണാമായിരുന്നു. സ്വതന്ത്രമായി ചുറ്റുപാടുകൾ നേരിൽ കാണുന്നനിലയിൽ ഉയർന്ന സ്ഥലമായതിനാലായിരിക്കും അവിടെ തമ്പടിച്ചത്.

അക്കാലത്ത് കല്പകഞ്ചേരിയിലെ പ്രമുഖകുടുംബമായ മണ്ടായപുറത്ത് തറവാട്ടിലെ കാരണവർ മുയ്തീൻ മൂപ്പന്റെ പിതാവ് ഇവരുമായി സുഹൃത് ബന്ധത്തിൽ ഏർപ്പെട്ടതായും പറഞ്ഞുകേൾക്കുന്നു.

സെമിന്താരി വ്യവസ്ഥയിൽ നികുതി ചുമത്തുവാനും പിരിക്കുവാനും അധികാരമുള്ളവരായിരുന്നു അവർ. ആദ്യ കാല പഞ്ചായത്ത് പ്രസിഡണ്ടന്റ് മാരായ മണ്ടായപുറത്ത് അഹമ്മദ് ഉണ്ണി മൂപ്പൻ എന്ന എം. എ. മൂപ്പൻ, കൊച്ചുണ്ണി എന്ന ആലികുട്ടി മൂപ്പൻ എന്നിവർ ആ സന്താനപരമ്പരയിൽപ്പെടുന്നു. പഞ്ചായത്ത് രൂപീകരണത്തിന് മുമ്പുള്ള അംശകച്ചേരിയിൽ പാരമ്പര്യമായി കള്ളിയത്ത് ബീരാൻകുട്ടിഹാജി മുതൽ കള്ളിയത്ത് ഹുസൈൻകുഞ്ഞിവരെ മേനോന്മാരായി 6 പേർ സേവനം ചെയ്തിട്ടുണ്ട്. 1940 കൽപകഞ്ചേരി പഞ്ചായത്ത് ജുഡീഷറിയായി പ്രവർത്തിച്ചിട്ടുണ്ട് 30-9-40 Court Hall of I.P.M

1. കെ. മൊയ്തീൻ സാഹിബ് 2. കൊച്ചുണ്ണി എന്ന ആലികുട്ടി മൂപ്പൻ 3. മുയതീൻ എന്ന ബാവ മൂപ്പൻ 4. കുഞ്ഞാലികുട്ടി സാഹിബ് 5. കുഞ്ഞിമുയതീൻ സാഹിബ് 6. നായാടി കണക്കൻ 7. ചേകുട്ടിസാഹിബ് 8. മുഹമ്മദ് സാഹിബ് 9. കുഞ്ഞഹമ്മദ് സാഹിബ് 10. അഹമ്മദുണ്ണി മൂപ്പൻ 11. സയ്യിദ് മുഹമ്മദ് എന്ന കോയകുട്ടി തങ്ങൾ 12. ഗോവിന്ദമാരാർ 13.

ആലികുട്ടിസാഹിബ് 14. കുഞ്ഞിമുയതീൻ സാഹിബ് 15. ആറ്റക്കോയതങ്ങൾ 16. മുഹമ്മദ് സാഹിബ് എന്നിവർ പങ്കെടുത്ത സിറ്റിംഗിൽ M.A. മൂപ്പൻ ജഡ്ജി സ്ഥാനവും വഹിച്ചിട്ടുണ്ട് കൊച്ചുണ്ണിമൂപ്പൻ വിലേജ് ഓഫീസറായും സേവനം ചെയ്തിട്ടുണ്ട്. നെടുവഞ്ചേരി വല്ലിക്കാട്ട് കുഞ്ഞഹമ്മദ്ഹാജി വിജിലൻസ് കമ്മറ്റി മെമ്പറായി സേവനം ചെയ്തിട്ടുണ്ട് താൻ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടായിരിക്കെ ബോർഡിന്റെ അനുമതി ഇല്ലാതെ അനധികൃതമായി ബോർഡ് കുളത്തിലെമീൻ ഒരു വിഭാഗം പിടിക്കുകയും പിടിച്ച മീനിന്റെ ഒരു വിഹിതം പ്രസിഡണ്ടിന്റെ വീട്ടിലെത്തിച്ചപ്പോൾ കൊണ്ട് ചെന്നവ്യക്തിയോട് അതിനെപ്പറ്റി അന്വേഷിച്ച് അറിയുകയും ബോർഡ് കുളത്തിലെ മീൻ ആണെന്ന് അറിഞ്ഞപ്പോൾ ആദ്യം നിരസിക്കുകയും പിന്നീട് കൊടുത്തയച്ച വ്യക്തിയുടെ മാന്യതയോർത്ത് തിരിച്ചവാങ്ങുകയും മീനിന്റെ വില പഞ്ചായത്തിൽ അടച്ചതിനുശേഷം ഭക്ഷിക്കുകയും ചെയ്തു ഇന്നും ജീവിക്കുന്ന വ്യക്തിയാണ് കൊച്ചുണ്ണിമൂപ്പൻ

കൽപകഞ്ചേരി പഞ്ചായത്തിന്റെ 1,4,5 വാർഡുകളിലായി കിടക്കുന്ന രണ്ടത്താണി അങ്ങാടി, രണ്ടത്താണിയിലൂടെ കടന്നുപോകുന്ന പഴയ ഊടുവഴികളിൽ ചുമടുകൾ ഇറക്കിവെക്കാൻ പൂർവ്വികർ അത്താണികൾ സ്ഥാപിച്ചിരുന്നു. കല്ലുവെട്ടിച്ചന്ത എന്ന പുത്തൻ ചന്തക്കും, കോട്ടക്കൽ ചന്തക്കും ചുമടുകളുമായി പോകുന്ന ചുമട്ടുകാർക്ക് ചുമടുകൾ ഇറക്കിവെക്കാൻ രണ്ട് അത്താണികൾ സ്ഥാപിച്ചിരുന്നു. രണ്ട് അത്താണിയിലും ചുമടുകൾ ഇറക്കിവെച്ചിരുന്നു. വഴിപോക്കരാണ് രണ്ടത്താണി എന്ന പേര് നൽകിയത്. അത് പ്രകാരം തന്നെ കൽപകഞ്ചേരി പഞ്ചായത്തിന്റെ അതൃത്തികളിൽ സ്ഥിതിചെയ്യുന്ന പുത്തനത്താണി, കുട്ടികളത്താണി, കുറുകത്താണി എന്നീ സ്ഥലങ്ങളിൽ അത്താണികൾ സ്ഥാപിതമായത്കൊണ്ടാണ് ഈ പേരിൽ അറിയപ്പെടുന്നത്.

മമ്പുറത്ത് നിന്ന് കിഴക്കെപുറത്ത് വന്ന് താമസമാക്കിയ തങ്ങൾ കുടുംബം കനാഞ്ചേരിപള്ളിയുടെ കിഴക്ക് പുറമാണ് താമസമെന്ന് പറഞ്ഞു വന്നതിനാലാണ് കിഴക്കെ പുറം എന്ന പേര് വന്നത്.

പഞ്ചായത്തിലെ പുരാതന മസ്ജിദുകളിൽ ഒന്നാണ് കാനാഞ്ചേരി ജുമാഅത്ത് പള്ളി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകൾ (400 ലേറെ) പഴക്കമുണ്ടെന്ന് പഴമക്കാർ പറയുന്നു. പ്രശസ്തരായ പല മതപണ്ഡിതന്മാരും ഇവിടെ താമസിച്ച് പഠിച്ചിട്ടുണ്ട്. പാണക്കാട്ട് സയ്യിദ് മഹമ്മദലി ശിഹാബ് തങ്ങൾ അക്കൂട്ടത്തിൽ പെടും പ്രശസ്ത ഖുർആൻ പരിഭാഷകനായ മർഹും മുഹമ്മദ് അമാനി മൗലവി , മുദർയ്യിസ് അബ്ദുറഹ്മാൻ ഫസ്ഫരി എന്ന കുട്ടി മുസ്ല്യാർ തുടങ്ങിയവർ അദ്ധ്യാപകരായി സേവനം ചെയ്തിട്ടുണ്ട്. നാൽപതോളം കി. മീ ചുറ്റളവിൽ നിന്ന് താനൂർ, പാങ്ങ് കരേക്കാട് പ്രദേശങ്ങളിൽ നിന്നുമുള്ള മയ്യത്തുകൾ കനാഞ്ചേരി ജുമാഅത്ത് പള്ളി ശ്മശാനത്തിൽ മറവ് ചെയ്തിട്ടുണ്ട്. 1911 ൽ കൊടക്കല്ലിങ്ങൽ സ്ഥാപിതമായ ബാസൽ മിഷ്യൻ ഓടു കമ്പനിയുടെ ആദ്യ ഉല്പന്നമായ ഓടുകളാണ് കാനാഞ്ചേരി പള്ളിയുടെ ഇപ്പോഴത്തെ ഓടുകൾ കാനാഞ്ചേരി പ്രദേശങ്ങൾ മലബാർ സ്വതന്ത്രസമര സേനാനികളുടെ ഒളിതാവളമായും ഇരുന്നിട്ടുണ്ട്. മുൻ സ്പീക്കർ ബാവഹാജിയുടെ മാതാവ് കാനാഞ്ചേരി സ്വദേശിനിയുമാണ്.

മമ്പുറം സയ്യിദ് സൈതലവി കോയതങ്ങൾ കുടുംബത്തിൽ നിന്ന് സയ്യിദ് സൈനുദ്ദീൻ ബുഖാരി മമ്പുറത്ത് നിന്നും കിഴക്കെപുറത്ത് വന്ന് താമസമാക്കി അദ്ദേഹത്തിന്റെ സന്താന പരമ്പരയാണ് കിഴക്കെ പുറത്ത് മുഹ് യിദ്ദീൻ പള്ളിക്കൽ തങ്ങൾ കുടുംബങ്ങൾ ഇപ്രകാരം തന്നെ 1917 ൽ കൊയിലാണ്ടിയിലെ നടുവണ്ണൂർ എന്ന സ്ഥലത്ത്നിന്നും കീക്കോട് കുടുംബത്തിലെ സയ്യിദ് ചെറുകോയതങ്ങൾ അയിരാനിപള്ളിയിൽ മതപഠനത്തിന് എത്തുകയും ഇവിടെ സ്ഥിരതാമസമാക്കി അയിരാനി തങ്ങൾ എന്ന നാമദേയത്തിൽ അറിയപ്പെടുകയും ചെയ്യുന്നു.

കൽപകഞ്ചേരി പഞ്ചായത്തിലും വളവന്നൂർ പഞ്ചായത്തിലുമായി സ്ഥിതിചെയ്യുന്ന ഒരു പുരാതന ഹൈന്ദവ ക്ഷേത്രമാണ് "ഹൈവന്ദരം കാവ്" ഇതിന് 200 വർഷത്തോളം പഴക്കമുണ്ട്. പാറക്കാട് നായന്മാർ ഹൈവന്ദരം കാവിൽ താമസമാക്കിയിരുന്നു എന്ന് പറയപ്പെടുന്നു. കാലക്രമേണ കാവിന്റെ ആദ്യകാല പ്രതാപം ക്ഷയിച്ചു പോവുകയാൽ സമീപകാലത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ഇന്നും അതിന്റെ ഉടമസ്ഥാവകാശം മാറാക്കര പഞ്ചായത്തിലെ ഒരു പുരാതനമനയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് കേന്ദ്രമായുള്ള പുമുള്ളിമന വക പഞ്ചായത്തിലുണ്ടായിരുന്ന ഭൂമി ഭൂപരിഷ്കരണ നിയമം മൂലം കുടിയാൻമാർക്ക് പതിച്ചു നൽകി പുമുള്ളിമനയുമായി ബന്ധപ്പെട്ട കാടേങ്ങൽ മന നഷ്ടപ്രതാപങ്ങളുമായി ഇന്നും തേക്കും പാല സമീപത്ത് സ്ഥിതിചെയ്യുന്നു.

ദേശീയ സ്വാതന്ത്രസമരത്തിന്റെ മുന്നണി പോരാളികളായി ചിലരെയെങ്കിലും സംഭവന ചെയ്യുവാൻ പഞ്ചായത്തിന്

സാധിച്ചിട്ടുണ്ട്. അതിൽ പ്രമുഖനാണ് ഓടായപ്പുറത്ത് ചേക്കുട്ടി സാഹിബ്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ വലൻ കൈ ആയി സ്വതന്ത്ര്യസമരത്തിന് ഇറങ്ങിയ ചേക്കുട്ടിസാഹിബ് ജയിൽ വാസം അനുഷ്ടിച്ചിട്ടുണ്ട്. സ്വഭാവ മഹിമയുടെയും, പക്വതയുടെയും, ധീരതയുടെയും പര്യായമായിരുന്നു സാഹിബ്. അദ്ദേഹം ഒളിവിൽ കഴിഞ്ഞിരുന്ന കാലത്ത് വ്യത്യസ്ഥ വേഷത്തിലും നാമത്തിലും ജനങ്ങൾക്ക് ഇടയിൽ ഇറങ്ങി. സ്വതന്ത്ര്യസമരവും മത നവോഥാന പ്രവർത്തനവും ഒപ്പം നടത്തിയിരുന്നു. കൽപകഞ്ചേരിയിൽ ആയിരുന്നപ്പോൾ രണ്ടത്താണിയും കല്പകഞ്ചേരിയുമായിരുന്നു പ്രവർത്തന കേന്ദ്രം. 1963 ൽ 72ാം മത്തെവയസ്സിൽ നിര്യാതനായി നിമിഷ കവിയായിരുന്ന അദ്ദേഹം ജയിലിൽ ആയിരുന്നപ്പോൾ കവിതയിൽ ആയിരുന്നു കത്തുകൾ അയച്ചിരുന്നത് മാപ്പിളപാട്ട് രചയിതാവായ അദ്ദേഹത്തിന്റെ സൃഷ്ടികൾ കുടുംബങ്ങളുടെയും അടുത്ത സുഹൃത്തുക്കളുടെയും കൈവശമുണ്ട്.

1936 ൽ മദ്രാസ് പൊതുമരാമത്ത് വകുപ്പ് മന്ത്രി: ശ്രീ യഹ്ഖൂബ് ഹസ്സൻ രണ്ടത്താണിയിൽ സ്ഥീകരണം കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശ്രമ ഫലമാണ് നാഷണൽ ഹൈവേ 17 രണ്ടത്താണിയിൽ കൂടി പോകുവാൻ ഇടയായത്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരുമായി ബന്ധപ്പെട്ടാണ് രണ്ടത്താണി മസ്ജിദ് റഹ്മാനിയയുടെ നാമകരണം നടത്തിയിട്ടുള്ളത് ദേശീയസമരത്തിന്റെ ഭാഗമായ ഖിലാഫത്ത് മലബാർ സ്വതന്ത്ര്യസമരത്തിലും പഞ്ചായത്തിലെ നിരവതി ദേശാഭിമാനികൾ പങ്കെടുത്തിട്ടുണ്ട് സമരക്കാരെ അമർച്ച ചെയ്യുവാൻ ബ്രട്ടീഷ് പട്ടാളം പഞ്ചായത്തിലെ വീടുകൾ മുഴുവനും റൈഡ് ചെയ്യുകയും പുരുഷന്മാരെ ബന്ധനസ്ഥരാക്കികൊണ്ട് പോവുകയും ചെയ്തിട്ടുണ്ട്. ഇവരിൽ പലരും വർഷങ്ങളോളം ജയിലിൽ കിടക്കുയും നാട് കടത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ചിലരെ ബ്രട്ടീഷ് പട്ടാളം തൂക്കിലേറ്റിട്ടുണ്ട്. കല്പകഞ്ചേരി സ്വദേശി പള്ളിയത്ത് മുയ്തീൻ തൂക്കിലേറ്റപ്പെട്ടവരിൽപ്പെടും.

തിരൂരങ്ങാടി പള്ളിക്ക് ബ്രട്ടീഷ് പട്ടാളം വെടിവെച്ചു എന്ന് കേട്ടപ്പോൾ അതിൽ രോഷാകുലരായ സമരക്കാർ തിരൂർ ട്രഷറി കല്പകാഞ്ചേരി സബ്റജിസ്റ്റാർ ഓഫീസ് കല്പകഞ്ചേരി പോലീസ് സ്റ്റേഷൻ എന്നിവയെ ആക്രമിച്ചിട്ടുണ്ട്. പട്ടാളം കടുങ്ങാത്തകുണ്ടിൽ ക്യാമ്പ് ചെയ്യുമ്പോഴും സമര സേനാനികൾ തൊട്ടടുത്ത അതിരുമട പ്രദേശത്ത് തോക്ക് കൊണ്ട് വെടിവെക്കാൻ പരിശീലിക്കുകയായിരുന്നു.

സ്വതന്ത്ര്യസമരകാലത്ത് കെ. കെ. ഇപ്പൻ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കേരളീയൻ തുടങ്ങിയ, നേതാക്കൾ പലവട്ടം കൽപകഞ്ചേരി സന്ദർശിച്ചിട്ടുണ്ട്. സഖാവ്. ഇ. എം. എസ്. നമ്പൂരിതിപാട്, ഇ. കെ നായനാർ, കോയകുഞ്ഞിനഹ തുടങ്ങിയ നേതാക്കൾ ഈ പഞ്ചായത്തിൽ ഓടായപ്പുറത്ത് മുഹമ്മദ് മാസ്റ്ററുടെ ഉടമയിലുള്ള നക്കചിറയിലെ വീട്ടിൽ വന്ന് ഒളി ജിവിതം നയിച്ചിട്ടുണ്ട്.

മലബാർ മാപ്പിള ലഹള എന്ന് ബ്രട്ടീഷുകാർ നാമകരണം നൽകിയ മലബാർ സ്വാതന്ത്ര്യ സരമത്തെ അടിച്ചമർത്തിയ പട്ടാള നിയമത്തെ തുടർന്ന് ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് പ്രവർത്തനം വളരെ സജീവമാക്കുകയും 1939 ൽ പറപ്പൂരിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന് ജാഥകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്വതന്ത്രാനന്തര പഞ്ചായത്തിൽ കോൺഗ്രസ്സിനോട് ആഭിമുഖ്യം കുറഞ്ഞവർ മറ്റ് പാർട്ടികളുമായി അടുക്കുകയും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ എന്നിവയിൽ പ്രവർത്തിക്കുവാനും തുടങ്ങി വളപ്പിൽ കുഞ്ഞീൻ സാഹിബിന്റെ നേതൃത്വത്തിൽ രണ്ടത്താണിയിലും പരിസര പ്രദേശങ്ങളിലും ലീഗ് പ്രാവർത്തനം സജീവമായി 1952 ൽ മദ്രാസ് അസംബ്ലിയിലേക്ക് മണായപ്പുറത്ത് അഹമ്മദ് കുട്ടിമൂപ്പൻ കോൺഗ്രസ്സ് ട്രിക്കറ്റിൽ മത്സരിക്കുകയും ലീഗ് നേതാവ് ഉപ്പിസാഹിബ് വിജയിക്കുകയും ചെയ്തു.

ഭൂസ്വത്തുകളിൽ 90 ശതമാനവും ജന്മി കുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. മണായപ്പുറം, പൂമുള്ളിമന, പാകാത്തമന, ചെമ്മങ്ങാട്ട് മന, കേലളാധീശ്വര പുരം ഊട്ടു ബ്രഹ്മസ്വം, കോട്ടക്കൽ കോവിലകം തുടങ്ങിയവരുടെ കൈവശത്തിലായിരുന്നു. ഭൂപരിഷ്കരണ നിയമം മൂലം ബഹുഭൂരിപക്ഷം സാധാരണജനങ്ങളും ഭൂസ്വത്തുക്കളുടെ ഉടമകളായി.

പഴയ മലബാർ ഡിസ്ട്രിക് ബോഡിന്റെ കീഴിലായിരുന്നു കല്പകഞ്ചേരി പഞ്ചായത്ത്. 1940 ഓക്ടോബർ 10-ാം തിയ്യതിയാണ് പഞ്ചായത്ത് നിലവിൽ വന്നത് (K.Drs. 15941/39/dt 10.10.401) അന്ന് ഭൂ സ്വത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മെമ്പർമാരെ റവന്യു വകുപ്പായിരുന്നു തിരഞ്ഞെടുത്തിരുന്നത്. ഏഴ് ചതുരശ്ര നാഴിക ചുറ്റളവാണ് പഞ്ചായത്തിനുണ്ടായിരുന്നത്.

1940 ലെ പഞ്ചായത്ത് ബോർഡ് അംഗങ്ങൾ 1 അഹമ്മദുണ്ണി മൂപ്പൻ. 2. വട്ടപറമ്പിൽ മുഹമ്മദ് 3. എം. കൊച്ചുണ്ണി മൂപ്പൻ 4. എൻ. പി. കുഞ്ഞഹമ്മദ് 5. പൊട്ടേങ്ങൽ കുഞ്ഞാ

ലികുട്ടി 6. തെയ്യമ്പാട്ടിൽ മുഹമ്മദ് എന്ന മാനു 7. കെ. ടി. കോയകുട്ടിതങ്ങൾ. 8. എം. മൊയ്തീൻ എന്ന ബാവമൂപ്പൻ 9. പുതിയമാളിയേക്കൽ ആറ്റക്കോയ തങ്ങൾ. 10. ഓടായപ്പു റത്ത് ചേക്കുട്ടി 11. ടി. വി. ഗോവിന്ദമാരാർ 12. ചേരപ്പൊളി ക്കൽ കുഞ്ഞിമൊയ്തീൻ 13. കള്ളിയത്ത് ആലികുട്ടി 14. കരിമ്പം കണ്ടത്തിൽ മൊയ്തു. 15. ചെമ്പൻ നയാടി.

പിന്നീട് അക്ഷരാഭ്യാസമുള്ളവർ ഒത്ത് കൂടി കൈപൊക്കി വോട്ടു ചെയ്ത് തെരഞ്ഞെടുപ്പു നടത്തി 31-7-45 ലെ ബോർഡ് അംഗങ്ങൾ :- 1. എം. കൊച്ചുണ്ണി എന്ന ആലികുട്ടി മൂപ്പൻ 2. വി. എം. ആറ്റക്കോയ തങ്ങൾ 3. ആലികുട്ടി മൂപ്പൻ 4. സി. പി. കുഞ്ഞിമൊയ്തീൻ 5. സി. നായാടി. 6. കെ. ആലികുട്ടി 7. എ. കുഞ്ഞിമുഹമ്മദ്. 8. കെ. മൊയ്തു 9. ടി. മുഹമ്മദ് 10. എൻ. പി. കുഞ്ഞഹമ്മദ്

1953 ലെ ബോർഡ് മെമ്പർമാർ:

1. ഒ. കുഞ്ഞഹമ്മദ്. 2. ടി. കെ. മുഹമ്മദ്കുട്ടി 3. എട ത്തടത്തിൽ കുഞ്ഞമ്മു 4. കെ. ആലസ്സൻകുട്ടി 5. ടി. മുഹ മ്മദ് 6. എൻ. പി. കുഞ്ഞഹമ്മദ് 7. എം. ആലികുട്ടി മൂപ്പൻ 8. എം. ഏനുസീൻ 9. വി. സി. മൊയ്തീൻ ഹാജി 10. എ. കുഞ്ഞിമുഹമ്മദ് 11. ടി.സി. മുഹമ്മദ് 12. കെ. ഉണ്ണീൻ 13. എം. കെ. മൂപ്പൻ.

1962 ലെ ബോർഡ് അംഗങ്ങൾ:-

1. ഒ കുഞ്ഞിബാവ. 2. ചെമ്പൻകുഞ്ഞീൻ 3. കെ. എം. സെയ്തുമുഹമ്മദ്കോയ തങ്ങൾ 4. എൻ. മൊയ്തീൻ 5. വി. ഐ. കെ. തങ്ങൾ 6. കുഞ്ഞികൊലയൻ.

ഓടായപ്പുറത്ത് കുഞ്ഞഹമ്മദ് മാസ്റ്റർ നെയ്യമ്പാട്ടിൽ മഹു മ്മദ് എന്ന മാനു, ചേരപ്പൊളിയൽ കുഞ്ഞിമൊയ്തീൻ, ആറ്റ ക്കോയതങ്ങൾ എന്ന ആറ്റാപ്പു എന്നിവർ പ്രസിഡണ്ടുമാരാ യിട്ടുണ്ട്. പഞ്ചായത്തിന്റെ ആദ്യകാലം മുതൽ 1953 വരെ ചെമ്പൻ നായാടിയും അതിനുശേഷം കുഞ്ഞിക്കൊലയനും ഹരിജൻ മെമ്പർമാരായി സേവനം ചെയ്തിട്ടുണ്ട്.

കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ രഹസ്യബാലറ്റ് സമ്പ്ര ദായമനുസരിച്ച് 1963 ൽ നടന്ന പഞ്ചായത്ത് പൊതുതെര ഞ്ഞെടുപ്പിൽ താഴെ പറയുന്നവരെ തെരഞ്ഞെടുക്കപ്പെട്ടു. 1. നെടുവഞ്ചേരി മുഹമ്മദ് കുട്ടി 2. ആലുങ്ങൽ മൊയ്തീൻ കുട്ടി ഹാജി 3. കരിമ്പൻ കണ്ടത്തിൽ മുഹമ്മദ് 4. നെടുവഞ്ചേരി കുട്ടി രായിൻ 5. ഒ. കുഞ്ഞിബാവ 6. ടി. മമ്മുകുട്ടി ഹാജി 7. എം. ഏന്തീൻ ഒ. കുഞ്ഞിബാവ പ്രസിഡണ്ടും എൻ. മുഹ മ്മദ് കുട്ടി വൈസ് പ്രസിഡണ്ടുമായിരുന്നു.

1979 ൽ നടന്ന പഞ്ചായത്ത് പൊതു തെരഞ്ഞെടുപ്പിൽ താഴെ പറയുന്നവരെ തെരഞ്ഞെടുക്കപ്പെട്ടു. 1. എ. സെയ്ത ലവി. 2. പി. ടി. കുഞ്ഞിമുഹമ്മദ്, 3. കെ. കുഞ്ഞിപോക്കർ 4. കെ. അബ്ദുറഹ്മാൻകുട്ടി 5. എ. കുഞ്ഞാലൻകുട്ടി 6. കെ. സരസ്വതി അമ്മ 7. ഒ. കുഞ്ഞിബാവ 8. സി. നീലകണ്ടൻ 9. മയ്യേരി മഹമ്മദ് എന്ന ബാവ ഒ കുഞ്ഞിബാവ പ്രസിഡണ്ടും പി.ടി. കുഞ്ഞിമുഹമ്മദ് വൈസ് പ്രസിഡണ്ടുമായിരുന്നു.

1963 മുതൽ 1985 വരെ 22 വർഷം ഒ. കുഞ്ഞിബാവ സാഹിബ് പ്രസിഡണ്ടായി ഇരുന്നിട്ടുണ്ട്. പ്രസിദ്ധമായ ഹീ ച്ച് കോക്ക് സ്മാരകം പൊളിക്കാൻ പോയ കൽപകഞ്ചേരി യിലെ ഏക വ്യക്തിയായിരുന്നു മുൻ മെമ്പർ ടി.സി.മുഹമ്മ ദ്. അക്കാരണത്താൽ അദ്ദേഹത്തെ ഹീച്ച്കോക്ക് എന്നപേ രിൽ അറിയപ്പെടുന്നു.

തുടർന്ന് 1988 ലെ പഞ്ചായത്ത് പൊതു തിരഞ്ഞെടു പ്പിൽ താഴെ പറയുന്നവരെ തെരഞ്ഞെടുത്തു. 1. പി. ടി. കുഞ്ഞിമുഹമ്മദ്. 2. സി. നീലകണ്ഠൻ 3. ഓടായപ്പുറത്ത് റുഖിയ 4. പന്നിയത്ത് മൊയ്തീൻ കുട്ടി 5. കെ. കുഞ്ഞമ്മു 6. ടി. പി. സെയ്താലികുട്ടി എന്ന ബാവ 7. പി. കെ. കുഞ്ഞോൻ 8. കെ.എം. ഇമ്പിച്ചികോയതങ്ങൾ. 9. പള്ളിയത്ത് മറിയകുട്ടി 10. മയ്യേരി കുഞ്ഞിമുഹമ്മദ് ആദ്യം കെ. എം. ഇമ്പിച്ചികോയ തങ്ങളും പിന്നീട് പി. ടി കുഞ്ഞിമുഹമ്മദും പ്രസിഡണ്ടായും പള്ളിയത്ത് മറിയകുട്ടി, വൈസ് പ്രസിഡ ണ്ടായും സേവനം ചെയ്തിട്ടുണ്ട്.

1963 ൽ തെരഞ്ഞെടുത്ത പഞ്ചായത്ത് ബോർസാണ് പഞ്ചായത്തിന്ന് സ്വന്തമായി ഇപ്പോഴുള്ള കെട്ടിടം നിർമ്മിച്ചു. എന്നാൽ ഈ കെട്ടിടം ഇന്ന് ജീർണ്ണാവസ്ഥയിലാണ് പഞ്ചാ യത്ത് സാംസ്കാരിക നിലയം 20.2.93 ന് അന്നത്തെ വ്യവ സായ വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലികുട്ടി സാഹിബ് ഉൽഘാടനം ചെയ്തു. പഞ്ചായത്തിലെ 7-ാം വാർഡിലെ ചാലിയിലും 10-ാം വാർഡിലെ പറവന്നൂരിലും ഓരോ മിനി സ്റ്റേഡിയങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

സന്നദ്ധ പ്രവർത്തന മേഘല

സന്നദ്ധ പ്രവർത്തകരും മഹൽവ്യക്തികളും നാടിന്റെ വികസനത്തിന്ന് നൽകിയ സംഭാവനകൾ നിരവധിയാണ്. പഞ്ചായത്തിലെ പ്രമുഖ വിദ്യാലയമായ കല്പകഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ തുടക്കം 1958 ലാണ്. ഹൈസ്കൂളിന് വേണ്ട ആവശ്യസ്ഥലം എം. എ. മൂപ്പൻ സംഭാവന നൽകി. അദ്ദേഹ

ത്തിന്റെ നേതൃത്വത്തിലുള്ള കമ്മറ്റി നാട്ടുകാരിൽ നിന്നും 10000 കയും ബ്ലോക്കിൽ നിന്ന് 10000 കയും സ്വരൂപിച്ചു 5 ക്ലാസുമുറികളുള്ള കെട്ടിടം നിർമ്മിച്ചു നൽകി.

വളവന്നൂർ ഹെൽത്ത് സെന്റർ, കടുങ്ങാത്തു കുണ്ടിലെ മൃഗാശുപത്രി. പോലീസ് സ്റ്റേഷൻ കല്പകഞ്ചേരി വളവന്നൂർ പഞ്ചായത്തുകളിലെ പ്രമുഖരുടെ സന്നദ്ധ പ്രവർത്തകരുടെ സംഭാവനകളിലൂടെ സ്ഥാപിതമായതാണ്.

1979 ൽ കുറ്റിപ്പുറം നിയോജക മണ്ഡലം എം. എൽ എ യും കേരള അസംബ്ലി സ്പീക്കറുമായിരുന്ന ചാക്കേരി അഹമ്മദ് കുട്ടി സാഹിബിന്റെയും അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ഒ. കുഞ്ഞിബാവ സാഹിബിന്റെയും അശ്രാന്തപരിശ്രമ ഫലമായി തോഴന്നൂരിൽ സ്ഥാപിതമായ തോഴന്നൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ സ്ഥലവും കെട്ടിടവും നാട്ടുകാരുടെ സംഭാവനയാണ്. എടത്തടത്തിൽ അലവികുട്ടി സംഭാവന ചെയ്ത സ്ഥലത്ത് ഒരുലക്ഷത്തോളം രൂപ നാട്ടുകാരിൽനിന്നും പിരിച്ചെടുത്താണ് ആശുപത്രി കെട്ടിടം പണിത് സർക്കാരിനെ ഏല്പിച്ചത്.

പഞ്ചായത്തിലെ പല ഭാഗങ്ങളിലും ആദ്യകാലത്ത് മത പഠനവും ഭൗതിക പഠനവും ഒന്നിച്ചുള്ള ഓത്തുപള്ളികൾ നിലവിലുണ്ടായിരുന്നു. ഇവയാണ് പലയിടത്തും പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കാൻ സാഹചര്യമൊരുക്കിയത് ഇതാണ് പഞ്ചായത്തിന്റെ പുരാതന ഔപചാരിക വിദ്യാഭ്യാസ ചരിത്രം.

പഞ്ചായത്തുകളിലെ റോഡുകളിൽ പ്രധാനഭാഗവും നാട്ടുകാരുടെ ശ്രമദാന ഫലമായി നിർമ്മിക്കപ്പെട്ടതാണ്.

ശ്രമദാനമായി നിർമ്മിച്ച പഞ്ചായത്ത് രോഡുകൾ

1. രണ്ടത്താണി - വാരിയത്ത് കുറുകത്താണി pwd റോഡ്
2. കാനാഞ്ചേരി - കുറുപ്പത്ത്പ്പടി റോഡ്
3. കാക്കത്തടം - ചാറപ്പുറം റോഡ്
4. കല്ലട്ടി - കണക്കാം കുന്ന് റോഡ്
5. തവളംചിന - പൊരിയാട് റോഡ്
6. കല്പകഞ്ചേരി അങ്ങാടി - തോട്ടായി - തിരുത്തിറോഡ്
7. തവളംചിന - ചവിടിക്കുന്ന് റോഡ്
8. മാമ്പറ - കാവപ്പുര റോഡ്
9. മയ്യേരിച്ചിറ - കാവപ്പുര റോഡ്
10. കാവും ചടി - കല്ലിങ്ങൽപറമ്പ് റോഡ്
11. കാനാഞ്ചേരി - ചിറ്റാണി റോഡ്
12. കിഴക്കെ പുറം - മേലേതൊടി റോഡ്
13. ചോലക്കമാട് - കിഴക്കെപുറം റോഡ്
14. പറവന്നൂർ - കിഴക്കെപാറ റോഡ്
15. ഉമ്മർപടി - ചീന്നം പടിറോഡ്
16. ഉമ്മർപടി - മഠത്തിൽപടി റോഡ്
17. പൊറ്റത്ത് പടി - അയിരാതി റോഡ്
18. ചാത്തം കുന്ന് - പുതുക്കുടി നിലം റോഡ്
19. കണ്ണൻകടായി - തലാപ്പിൽ പറമ്പ് റോഡ്
20. കാനാഞ്ചേരി - കടിയാപ്പുറം റോഡ്
21. ചെറുശോല - പള്ളിതൈക്കാട് പടി റോഡ്
22. മസ്ജിദ് സലാം റോഡ്
23. പറവന്നൂർ ചോല റോഡ്
24. ഇല്ലത്ത് കുളം റോഡ്
25. രണ്ടത്താണി - മൂച്ചിക്കുഴി റോഡ്
26. ഒടുവത്ത് പറമ്പ് - മുണ്ടോളിനിലം റോഡ്
27. ചിന്നം പടി - കടിയാപുറം റോഡ്
28. ചിറ്റാണി - മുക്കിൽ പടി റോഡ്
29. ചിറ്റാണി - തിരുത്തി റോഡ്
30. ചിറ്റാണി - തറയിൽ റോഡ്

മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിൽ പഞ്ചായത്തിൽ 1902 ൽ സ്ഥാപിതമായ വിദ്യാലയമാണ് ജി. എം. എൽ. പി. സ്കൂൾ കല്പകഞ്ചേരി പാലേത്ത്. തുടർന്ന് പാറപ്പുറം ജി. എം. എൽ. പി. കാനാഞ്ചേരി ജി. എം., എൽ. പി. ഐരാനി ജി. എം. എൽ. പി സ്കൂളുകൾ സ്ഥാപിതമായി. കിഴക്കെപുറം മുഹിയദ്ദീൻ പള്ളിക്കൽ തങ്ങന്മാർ, കിഴക്കെ പുറത്ത് സ്ഥാപിച്ച് തുടർന്ന് രണ്ടത്താണിയിലേക്ക് മാറ്റപ്പെട്ട സ്ക്കൂളാമ് ഇന്നത്തെ രണ്ടത്താണി ജി. യു. പി. സ്കൂൾ അക്കാലത്ത് തന്നെ മൊല്ലാക്കമാർ ഓത്ത് പള്ളിക്കൂടങ്ങൾ എന്ന പേരിൽ നടത്തിയിരുന്ന വിദ്യാലയങ്ങളാണ് കാലാന്തരത്തിൽ തോഴനൂർ വെസ്റ്റ് എ. എം. എൽ. പിയും തോഴനൂർ ഈസ്റ്റ് എ. എം. എൽ. പിയുമായി മാറിയത്.

സ്ത്രീ വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം പെൺകുട്ടി

കൾക്ക് മാത്രമായി ഒരു വിദ്യാലയം വേണമെന്ന ആവശ്യത്തെ തുടർന്ന് കല്പകഞ്ചേരി — മേലെ അങ്ങാടിയിൽ സ്ഥാപിത മായ ഗവൺമെന്റു ബോർഡ് മാപ്പിള യു. പി. സ്ക്കൂൾ പിന്നീട് കല്കഞ്ചേരി ഗവ. ഹൈസ്കൂൾ ആയി മാറുകയും അതിൽ നിന്ന് എൽ. പി. വിഭാഗം വേർതിരിച്ചു ജി. എൽ. പി. എസ്സ് കല്കഞ്ചേരി ആയി മാറുകയും ചെയ്തു. മഞ്ഞച്ചോല ജി. എം. എൽ. പി. സി. എം എ. എൽ. പി. തോഴന്നൂർ ചിനക്കൽ എം. എസ്സ എം. ഹയർ സെക്കന്ററി സ്കൂൾ കഴിങ്ങൽ പറമ്പ് എന്നിവ സ്ഥാപിതമായി.

1935 ൽ മദ്രാസ്സ് പ്രസിഡൻസി കോളേജിൽ നിന്ന് ബിരുദം നേടിയ മണ്ടായ പുറത്ത് മുഹമ്മദ് മൂപ്പൻ മകൻ അഹമ്മദ് കുട്ടി മൂപ്പൻ മങ്ങായപ്പുറത്ത് ബാവമൂപ്പൻ മകൻ അഹമ്മദ്കുട്ടി മൂപ്പൻ, ബാവുണ്ണി മൂപ്പൻ, ഓടായപുറത്ത് ചേക്കുട്ടി മാസ്റ്റർ മകൻ കുഞ്ഞഹമ്മദ് എന്നിവർ പഞ്ചായ ത്തിലെ ആദ്യകാല ബിരുദ ധാരികളിൽ പെടുന്നു. അതിനു മുമ്പ് തന്നെ ട്രൈനിംഗ് നേടിയ ധാരാളം അധ്യാപകർ പഞ്ചാ യത്തിൽ ഉണ്ടായിരുന്നു. ഓടായപുറത്ത് കുഞ്ഞഹമ്മദ് മാസ്റ്റർ, നെടുവഞ്ചേരി കുഞ്ഞിപ്പോക്കർ മാസ്റ്റർ, മച്ചിഞ്ചേരി ചേക്കുട്ടി മാസ്റ്റർ, ഓടായപുറത്ത് മുഹമ്മദ് മാസ്റ്റർ, കമ്മുകുട്ടി മാസ്റ്റർ, ഇ. പി. മമ്മുതു മാസ്റ്റർ, വി. ടി. മൊയ്തീൻ കുട്ടി മാസ്റ്റർ. ടി. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ. സി. അബ്ദുൽ ഖാദർ മാസ്റ്റർ, ആനപ്പടിക്കൽ അബ്ദുറഹ്മാൻ മാസ്റ്റർ, പീച്ചിമാസ്റ്റർ തൈക്കാട്ട് ഹംസ മാസ്റ്റർ, ടി. പി. ഉസ്സൻ മാസ്റ്റർ, കലാടി മുഹമ്മദ് മാസ്റ്റർ നെടുവഞ്ചേരി കുഞ്ഞമ്മദുട്ടി മാസ്റ്റർ, കെ. കുഞ്ഞിക്കമ്മു മാസ്റ്റർ തുടങ്ങിയവരാണ് അവർ. പഞ്ചായ ത്തിലെ ബിരുദം നേടിയ ആദ്യവനിതയാണ് ഡോക്ടർ ഓടാ യപുറത്ത് റസിയ

മലബാറിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥത്തിന്റെ രച യിതാവ്. തോഴനൂർ സ്വദേശിയായ ഓടായപുറത്ത് ചേക്കുട്ടി മാസ്റ്റർ അവർകളാണ്. ഒന്നാം തരം മുതൽ 5-ാം തരം വരെ യുള്ള പാഠാവലികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1963 ലാണ് ഒന്നാം തരത്തിലെ വിദ്യാർത്ഥികൾക്കായുള്ള കോമളപാഠാ വലി ഒന്നാം പുസ്തകം പ്രസിദ്ധപ്പെടുത്തിയത്. 1943 ൽ ആണ് ബ്രട്ടീഷ് ഗവൺ. അംഗീകരാരം നല്കിയത്. Approved By the Text Book committee Madrass. at the meetting held in February 1943. Vide fort St George Gazette off 27th April 1943.

കല്പകഞ്ചേരി പഞ്ചായത്തിലെ പറവന്നൂരിൽ എട ത്താടി കുഞ്ഞുദുട്ടി സാഹിബ് എന്ന ഒരു സംസ്കൃത കവിയും പണ്ഡിതനും ജീവിച്ചിരുന്നിരുന്നു. 1966 മുതൽ മഹിളാസമാജങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആദ്യകാല മഹിളാ സമാജങ്ങളിൽ ഒന്നാണ് കല്പകഞ്ചേരി ദേശസേ വിനി മഹിളാ സമാജം - കടുങ്ങാത്ത് കുണ്ട് കസ്തൂർബാ മഹിളാ സമാജം പാലേത്ത്. പറവന്നൂരിൽ മുമ്പ് തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

കൽപകഞ്ചേരി പഞ്ചായത്തിൽ രണ്ടു സബ്ബ് പോസ്റ്റാ ഫീസുകളുണ്ട്. കല്പകഞ്ചേരി സബ്ബ് പോസ്റ്റാഫീസ്, രണ്ട ത്താണി സബ്ബ് പോസ്റ്റാഫീസ്. അതേപ്രകാരംതന്നെ രണ്ട് ടെലഫോൺ എക്സേഞ്ചുകളുണ്ട്. രണ്ടത്താണി ടെല ഫോൺ Exchange കല്പകഞ്ചേരി ടെലഫോൺ Exchange

പഞ്ചായത്തിൽ മൂന്ന് ബേങ്കുകൾ നിലവിലുണ്ട്. 1 കനറാ ബേങ്ക് കല്പകഞ്ചേരി 2. കാത്തലിക് സിറിയൻ ബാങ്ക്.3. കൽപകഞ്ചേരി സർവ്വീസ് സഹകരണ ബേങ്ക്.

ടെലഫോൺ ആദ്യം കല്പകഞ്ചേരിയിലും പിന്നീട് രണ്ടത്താണിയിലും സ്ഥാപിക്കപ്പെട്ടു. കല്പകഞ്ചേരി സബ്ബ് റജിസതാർ ഓഫീസിന് ഒരു നൂറ്റാണ്ട് പഴക്കമുണ്ട്. ഇപ്പോൾ വളവന്നൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കല്പകഞ്ചേരി സബ്ബ് റജിസ്താഫീസ് സ്ഥീപിക്കുന്നതിന് മുമ്പ് തിരുനാ വായ കൊടക്കൽ റജിസ്ത്രാഫീസായിരുന്നു കല്പകഞ്ചേ രിക്കാരുടെ റജിസ്ത്രാർ കേന്ദ്രം.

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് കൽപകഞ്ചേരി പഞ്ചായത്ത്. മൊത്തത്തിൽ നിമ്നോന്നത ഭൂ പ്രകൃതിയാണ് പഞ്ചായത്തിനുള്ളതെന്ന് പറയാം.

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം വളവന്നൂർ പഞ്ചായത്തിന്റെയും കുറച്ചുഭാഗം പൊൻമുണ്ടം പഞ്ചായത്തിന്റെയും കിഴക്ക് ഭാഗം മാറാക്കര പഞ്ചായത്തിന്റെയും ആതവനാട് പഞ്ചായത്തിന്റെയും, തെക്ക്ഭാഗം വളവന്നൂർ പഞ്ചായത്തിന്റെയും വടക്കുഭാഗം എടരിക്കോട് പഞ്ചായത്തിന്റെയും അതിരുകൾക്കിടയിൽ 16.25 ചതുരശ്ര കി. മീ. (7 ചതുരശ്ര നാഴിക) വിസ്തീർണ്ണത്തിൽ സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതിയനുസരിച്ച് നാലായി തരം തിരിക്കാം.

1. കുന്നിൻ പ്രദേശം
2. ചെറിയ ചെരിവ്
3. സമതലം
4. വയൽ പ്രദേശം

പഞ്ചായത്തിന്റെ 50 ശതമാനം ചരൽ ചെമ്മണ്ണും 25 ശതമാനം ചെങ്കൽ പ്രദേശവും 25 ശതമാനം കളിമണ്ണ് പ്രദേശവുമാണ്.

ജനപ്രകൃതി

1991 സെൻസസനുസരിച്ച് കല്പകഞ്ചേരി പഞ്ചായത്തിലെ ജനസംഖ്യ 26983 ആയിരുന്നു. ഇതിൽ 12881 പുരുഷന്മാരും 14102 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 1221 സ്ത്രീകൾ കൂടുതലുണ്ട്. ആൾതാമസമുള്ള വീടുകളിൽ ശരാശരി 6.82 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1660 ആകുന്നു.

പട്ടികജാതി ജനസംഖ്യ	: 306
ഇതിൽ ആൺ	: 159
പെൺ	: 147

19158 ജനങ്ങൾ സാക്ഷരരാണ് ഇതിൽ 9497 പുരുഷന്മാരും 9661 സ്ത്രീകളുമാകുന്നു. എന്നാൽ 1990 ലെ സാക്ഷരത പ്രവർത്തനത്തിന് വേണ്ടി നടത്തിയ സർവ്വെ പ്രകാരം (5-60) പ്രായപരിധിയിൽ : 2218 നിരക്ഷരരായിരുന്നു പഞ്ചായത്തിലുണ്ടായിരുന്നത്. സാക്ഷതാ പ്രവർത്തനങ്ങൾ വഴി 71 ശതമാനം പേരെ സാക്ഷരരാക്കുവാൻ കഴിഞ്ഞു. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം 11.11.91 മുതൽ ആരംഭിച്ചു. തുടർസാക്ഷരതാ പ്രവർത്തനങ്ങൾ തുടർന്നുവരുന്നുമുണ്ട്.

വിദ്യാഭ്യാസരംഗത്ത് മലപ്പുറം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് കല്പകഞ്ചേരി, വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായി വർദ്ധനവുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ് ഈ സ്ഥിതി വിശേഷം അടിയന്തരമായി മാറ്റിയെടു

ക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റമുണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാനവരുമാന മാർഗ്ഗമായിരുന്ന കാർഷിരംഗം ആദായകര മല്ലാത്തതായതോടെ മറ്റ് തൊഴിൽ മേഖലകളിലേക്കുള്ള കടന്ന് കയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്തേക്കാണ് ഇങ്ങിനെ കടന്ന് കയറ്റം നടന്നു കൊണ്ടിരിക്കുന്നത്. കാർഷികരംഗവും പരമ്പരാഗത തൊഴിൽ മേഖലയും കൂടുതൽ അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. തൊഴിൽ മേഖലകളിൽ സ്ത്രീപങ്കാളിത്തം കുറവാണ്.

ജലപ്രകൃതി:

വർഷത്തിൽ ശരാശരി 24.68 മി. മി മഴലഭിക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പഞ്ചായത്തിലെ പ്രധാനതോടുകൾ ചാന്ദേരിയിൽ നിന്നാരംഭിച്ച് കടലുണ്ടി പുഴയിൽ ചേരുന്ന വലിയ തോടും പറവന്നൂർ ചോലയിൽ നിന്നാരംഭിച്ച് ഏഴൂർപുഴയിൽ ചേരുന്ന പറവന്നൂർ തോടുമാണ് പ്രധാനജലസ്ത്രോതസ്സുകളുടെ പട്ടിക താഴെ ചേർക്കുന്നു

പേര്	വാർഡ്
1. തേവർകുളം	7
2. പഞ്ചായത്ത് കുളം	4
3. കരിങ്ങായി കുളം	5
4. പെരിങ്ങോട്ട് കുളം	1
5. മഠത്തിൽ കുളം	5
6. ചിറ്റാനികുളം	4
7. വാരിയത്ത് കുളം	2
8 പന്നിക്കാട്ടൊടികുളം	3
9. കടിയാപ്പുറം കുളം	3
10. ഇല്ലത്ത് കുളം	10
11. ആമ്പൽകുളം	8
12. കക്കുന്നിക്കുളം	
13. പാവംകുളം	

പഞ്ചായത്തിലെ പ്രധാന നീരുറവുകൾ പ്രദേശികമായി ചോല എന്ന പേരിൽ അറിയപ്പെടുന്നു

പ്രധാന ചോലകൾ

പേര്	വാർഡ്
1. വീട്ടികുണ്ട് ചോല	1
2. വെളുത്തേടത്ത് കുണ്ട് ചോല	2
3. കുഞ്ഞിയേപ്പൻ ച്ചോല	2
4. പുംകുളങ്ങര ച്ചോല	1
5. മോലക്കാട് ചോലകൾ	5
6. പൊരിയാട് ചോല	5
7. ഇല്ലിച്ചോല	5
8. മഞ്ഞച്ചോല	6
9. കരിമ്പുംകുരംച്ചോല	3
10. പറവന്നൂർ ച്ചോല	9
11. ബേരത്തിച്ചോല	1

പ്രകൃതി തീർത്ത ഒരു സ്റ്റേഡിയം പോലെ പഞ്ചായത്തിലെ ചില നെൽവയലുകൾ നാല് ഭാഗത്തും കുന്നുകളാൽ ചുറ്റപ്പെട്ടവയാണ്. ഇത്തരം ഭൂ ഭാഗങ്ങളിൽ മഴക്കാലത്ത് ഒരു പ്രത്യേകതരം ജലസംഭരണി രൂപം കൊള്ളുന്നു. ചാലി എന്നാണ് ഈ ഭൂവിഭാഗത്തെ വിളിക്കപ്പെടുന്നത്. നാല് ഭാഗമുള്ള കുന്നുകളിൽ നിന്ന് വർഷക്കാലത്ത് കുത്തിയൊഴുകുന്ന ജലം വയൽ സമതലത്തിൽ കേന്ദ്രീകരിക്കുന്നു. വർഷക്കാലം അവസാനിക്കുവരെ നിറഞ്ഞു നിൽക്കുന്ന ചാലികൾ തോട് കീറിവെള്ളമൊഴിവാക്കിയാണ് കൃഷിചെയ്യുന്നത്.

വേനൽകാലത്ത് ഇവിടെ ജലക്ഷാമം രൂക്ഷമാകുന്നു.

പ്രധാന ചാലികൾ

പേര്	വാർഡ്
1. പെരികുളത്ത് ചാലി	2
2. ചെറുകുളത്ത് ചാലി	3
3. കടക്കുളത്ത് ചാലി	7

മുകളിൽ പറഞ്ഞവക്ക് പുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറിയ തോടുകളും കുളങ്ങളും ചോലകളുമുണ്ട് ചീനകളും ഉണ്ട്. ചോലകളും കുളങ്ങളും മിക്കവയും മണ്ണ് തൂർന്ന് കിടക്കുന്നവയും വേനൽക്കാലത്ത് വെള്ളംവറ്റുന്നവയുമായി തീർന്നിട്ടുണ്ട്. മാത്രമല്ല അശാസ്ത്രീയ ജല വിനിയോഗവും നീരുവകളിലെ വെള്ളം വറ്റുന്നതിനും കാരണമാവുന്നുണ്ട്.

ഏപ്രിൽ മെയ്മാസത്തിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കുന്നിൻ പ്രദേശങ്ങളും ചരിവുകളും ഉൾക്കൊള്ളുന്ന കൽപകഞ്ചേരി അങ്ങാടിമേലങ്ങാടി, പാറക്കല്ല് ചെരിപ്പാറകുന്ന്, കല്ലാങ്കൽ, പാറപ്പുറം മുതുകപറമ്പ്, തുറച്ചികുന്ന്, ചാലികുന്ന് മുണ്ടോത്ത് പറമ്പ്പ്രദേശങ്ങൾ ജലക്ഷാമം അനുഭവപ്പെടുന്നവയാണ്. പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളും അതിൽ നിന്ന് ഒഴിവല്ലന്ന് പറയാവുന്നതാണ്.

5(1)കൃഷിയും ജലസേചനവും

കല്പകഞ്ചേരി പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക ഗ്രാമപഞ്ചായത്താണ്. കുന്നുകളും ചെരിവുകളും തട്ടുകളും ഈ ഭൂപ്രദേശത്തിന്റെ പ്രത്യേകതയാണ്. തെങ്ങ്, കവുങ്ങ്, വെറ്റില, എന്നിവയാണ് പ്രധാന വിളകൾ. കൂടാതെ നെല്ല്, വാഴ, പൂള, കുരുമുളക്, മറ്റ് കിഴങ്ങുവർഗങ്ങൾ എന്നിവയും കൃഷിചെയ്യുന്നു. വളരെക്കാലം മുതല്ക്കുതന്നെ, ഈ പ്രദേശത്തുള്ള ജനങ്ങൾ തെങ്ങ്, കവുങ്ങ്, വെറ്റില എന്നിവ കൃഷിചെയ്തിട്ടായിരുന്നു ജീവിച്ചിരുന്നത്.

ഈ പഞ്ചായത്തിൽ മൊത്തം 1592 ഹെക്ടർ സ്ഥലമുണ്ട്. (കുന്നുകളും ചെരിവുകളും മറ്റും ഉൾപ്പെടെ) ഈ പഞ്ചായത്തിന്റെ കിഴക്ക് മാറാക്കരയും ആതവനാടും പടിഞ്ഞാറ് പൊന്മുണ്ടം വളവന്നൂർ പഞ്ചായത്തുകളും തെക്ക് തിരുനാവായ പഞ്ചായത്തും വടക്ക് എടരിക്കോട് പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഭൂരിഭാഗം കർഷകരും, ഇടത്തരക്കാരാണ്.ഇതു സംബന്ധമായ വിവരം താഴെ ചേർക്കുന്നു.

പട്ടിക I

ക്രമനമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ
1.	ഒരു ഹെക്ടറിൽതാഴെ	2980	1043
2.	ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ	235	376
3.	രണ്ട് ഹെക്ടറിനു മുകളിൽ	29	173

പ്രധാന കൃഷി നെൽകൃഷിയാണെങ്കിലും വെറ്റില, തെങ്ങ്, കവുങ്ങ് എന്നിവയും കൃഷിചെയ്യുന്നു. ജലസേചനം മഴയെ ആശ്രയിച്ചായിരുന്നു. ആകെ ഭൂമിയുടെ 6% നെൽവയലുകളായിരുന്നു. അത്യുല്പാദനശേഷിയുള്ള അപൂർവ്വം വിത്തിനങ്ങളെ ഉപയോഗിച്ചിരുന്നുള്ളു. വരൾച്ചയെ നേരിടാൻ കഴിവുള്ള ആര്യൻ, തവളക്കണ്ണൻ, ചിറ്റ്യാനി, കുമ്പളൻ വെള്ളരി എന്നീ വിത്തുകളാണ് അധികവും ഉപയോഗിച്ചിരുന്നത്. ജൈവവളങ്ങൾ ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. പറമ്പുകളിൽ മോടനും കൃഷിചെയ്തിരുന്നു. വേനൽക്കാലത്ത് പാടങ്ങളിൽ ഇടവിളയായി ചാമ, പയർ, പൂള, വാഴ മധുരക്കിഴങ്ങ്, വെള്ളരി, തണ്ണിമത്തൻ എന്നിവ കൃഷിചെയ്യാറുണ്ടായിരുന്നു. തോടുകളിൽ ചിറകെട്ടി വെള്ളം ജലസേചനത്തിന് ഉപയോഗിച്ചിരുന്നു. കൂടാതെ താല്ക്കാലിക കുളങ്ങൾ നിർമ്മിച്ച് ഏത്തം വെച്ച് തേവി നനച്ചിരുന്നു. കളനിയന്ത്രണത്തിന് കള പറിച്ചുനീക്കിയും എലിയെ നശിപ്പിക്കാൻ എലിപാഷാണം, മുളങ്കുറ്റി, കെണി എന്നിവയും നെൽച്ചാഴിയെ നശിപ്പിക്കാൻ മുറംവീശൽ, വെണ്ണീർ പറപ്പിക്കൽ, തുണിവീശൽ എന്നിവയും നടത്തിയിരുന്നു. കാർഷിക ഉല്പന്നങ്ങൾ ചന്തയിലാണ് വിറ്റഴിച്ചിരുന്നത്.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ കരപ്രദേശം വളരെ കുറവാണ്. അതുകാരണം നെൽകൃഷിചെയ്തിരുന്ന വയലുകൾ നികത്തി വീട് വെയ്ക്കുവാനും, നാണ്യവിളകൾ കൃഷിചെയ്യാനും തുടങ്ങി. കാർഷികരംഗത്തേക്ക് ജനങ്ങൾ വരാതെയായി. തന്നിമിത്തം ചിലസ്ഥലങ്ങളിൽ ഫല

ഭൂയിഷ്ഠമായ ഭൂമി തരിശിടാനും തുടങ്ങി. ജീവിതത്തോത് വർദ്ധിച്ചതിനാൽ കർഷകതൊഴിലാളികളുടെ ദിവസക്കൂലിയും വർദ്ധിച്ചു. കൃഷിഭൂമിയിൽ അദ്ധ്വാനിക്കുന്നവരുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവന്നു. കൃഷികൊണ്ട് ഉപജീവനം കഴിയാൻ സാധ്യമല്ല എന്ന സ്ഥിതിവന്നപ്പോൾ യുവാക്കൾ മറ്റു തൊഴിൽമേഖലകൾ തേടിപ്പോകാൻ തുടങ്ങി. ഒട്ടേറെ ആളുകൾ വിദേശത്തേക്ക് നീങ്ങി. ഇക്കാരണത്താൽ കർഷകതൊഴിലാളികളുടെ എണ്ണം കുറവായി. അയൽ സംസ്ഥാനങ്ങളിൽനിന്ന് തൊഴിലന്വേഷകരുടെ എണ്ണം വർദ്ധിച്ചു. അങ്ങനെ വന്നുചേർന്ന തൊഴിലാളികളെ കൊണ്ട് വയലുകൾ നികത്തി വീട് വെയ്ക്കാനും നാണ്യവിളകൾ കൃഷിചെയ്യുന്ന ഭൂമിയാക്കി മാറ്റാനുമുള്ള ശ്രമങ്ങൾ തുടങ്ങി. നെൽകൃഷി ചെയ്തിരുന്ന വയലുകളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

മറ്റൊരു കാര്യവും ഇവിടെ എടുത്തുപറയേണ്ടതായിട്ടുണ്ട്. ഇതരകാർഷിക വിളകളെ അപേക്ഷിച്ച് തെങ്ങിന് പരിചരണം വളരെ കുറച്ചുമാത്രമേ ആവശ്യമായി വരുന്നുള്ളൂ. അക്കാരണത്താൽ കൃഷിക്കാർ അധികവും തെങ്ങുകൃഷിയിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങി. ജനങ്ങൾക്ക് കാർഷിക വിളകൾ (ഉല്പന്നങ്ങൾ) വിപണികളിൽ എത്തിക്കുന്നതിനും മറ്റുമായി മിക്ക ഗ്രാമപ്രദേശങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് വയലുകൾക്കിടയിലൂടെ ഗ്രാമീണ റോഡുകൾ രൂപംകൊണ്ടു. കാർഷിക രംഗത്തുനിന്നും ജനങ്ങൾ പിന്നോക്കം പോന്നതിന്റെ ഫലമായി പൂർവ്വീകർ നിർമ്മിച്ച് ഉപയോഗിച്ചു വന്നിരുന്ന കുളങ്ങളും മറ്റു ജലാശയങ്ങളും മണ്ണിടിഞ്ഞ് തൂർന്ന് ഉപയോഗശൂന്യമായി.

ഭൂവിനിയോഗം

പട്ടിക 2

ഉല്പന്നം	കൃഷിചെയ്യുന്നഏരിയ	ഉല്പാദനം	വൃക്ഷങ്ങളുടെ എണ്ണം
തെങ്ങ്	525 ഹെക്ടർ	56,50000	1,05000
അടയ്ക്ക	382 "	7,44,90,000	4,96600
നെല്ല്	50 ഹെക്ടർ	ഒരുവിള, 125 ടൺ	-
		രണ്ടാംവിള140 ടൺ	-
കുരുമുളക്	16 ഹെക്ടർ	4320 കി.ഗ്രാം	-
വെറ്റില	376 ഹെക്ടർ	752ലക്ഷംകെട്ട്	
വാഴ	25 ഹെക്ടർ	312.5 ടൺ	-
മരച്ചീനി	16 ഹെക്ടർ	288 ടൺ	-
പച്ചക്കറി	6 ഹെക്ടർ	24 ടൺ	-

(കൃഷിഭവൻ രേഖകൾ പ്രകാരം)

മൊത്തം 1592 ഹെക്ടറിൽ 54.26 ഹെക്ടർ ഉപയോഗശൂന്യമായതും, 406.48 ഹെക്ടർ കെട്ടിടങ്ങൾക്കും റോഡുകൾക്കു വേണ്ടിയും നീക്കിയിട്ടതായി മനസ്സിലാക്കാം.

കൃഷിഭവൻ രേഖ പ്രകാരം മണ്ണിന്റെ ഗുണനിലവാരം താഴെ പറയുന്ന പ്രകാരമാണ്.

പട്ടിക 3 (കൃഷിഭവൻ രേഖ പ്രകാരം)

നമ്പർ	മണ്ണ്	ജൈവാംശം ശതമാനം	ദ്രാവകം കി.ഹെ.	ക്ഷാരഗുണം കിലൊ
1.	ലാറ്ററൈറ്റ്	0.58%	60 കി.ഗ്രാം	360 കി.ഗ്രാം
2.	എക്കൽമണ്ണ്	ഇല്ല		
3.	മണൽ	ഇല്ല		

കൃഷിക്കാർ ഭൂരിഭാഗവും ജൈവവളം ഉപയോഗിച്ചുള്ള കൃഷിരീതിയാണ് സ്വീകരിച്ചുവരുന്നത്. വലിയ തെങ്ങിൻതോപ്പുകളൊന്നും തന്നെ ഈ പ്രദേശത്തില്ല. പുരയിടങ്ങളോട് തൊട്ടാണ് തെങ്ങിൻ തോപ്പുകൾ. ഇവയ്ക്കിടയിൽ മരച്ചീനി, വാഴ, എള്ള്, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ, എന്നിവ കൃഷിചെയ്യുന്നു. കവുങ്ങിൻ തോട്ടങ്ങളും അവയ്ക്കിടയിലെ വെറ്റിലകൃഷിയും ഒട്ടേറെ കർഷകരുടെ ഉപജീവനമാർഗവുമാണ് കവുങ്ങിന് മഞ്ഞളിപ്പുരോഗവും വെറ്റിലകൃഷിക്ക് വള്ളിച്ചീയൽ രോഗവും ബാധിക്കുന്നതിനാൽ ഈ രണ്ടു കൃഷികളും നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ സർക്കാരിൽനിന്ന് യാതൊരു വിധത്തിലുമുള്ള പരിഹാരമാർഗങ്ങളും കർഷകർക്ക് ലഭിച്ചിട്ടില്ല. മൾബറി കൃഷിചെയ്ത് പട്ടുനൂൽ ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി ഏതാനും യുവാക്കൾ മുന്നോട്ടുവരികയുണ്ടായി. ഉല്പാദനവും തുടങ്ങി. എന്നാൽ വിപണി കണ്ടെത്താൻ കഴിയാതെ കർഷകർ വിഷമിച്ചു. ആ കൃഷി നശിക്കുകയും ചെയ്തു.

നെൽകൃഷി

പട്ടിക 4

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)
1	നെല്ല് -ഒന്നാംവിള	65
2	നെല്ല് - രണ്ടാംവിള	65
3	നെല്ല് - മൂന്നാംവിള	ഇല്ല

ഉല്പാദനം

നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1800 മുതൽ 200 കി.ഗ്രാം വരെയും സങ്കരയിനം വിത്തിനങ്ങൾക്ക് ഹെക്ടറിന് 2800 മുതൽ 3000 കി.ഗ്രാം വരെയും നെല്ലുല്പാദനം നടത്താൻ സാധിക്കുന്നു. എന്നാൽ ഇപ്പോൾ അത്യുല്പാദനശേഷിയുള്ള വിത്തുകളോടാണ് കൃഷിക്കാർക്ക് താല്പര്യം. മുൻകാലങ്ങളിൽ നാടൻ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തുകൾ ജ്യോജി (400 കി.ഗ്രാം) ത്രിവേണി (300 കി.ഗ്രാം) പവിഴം (250 കി.ഗ്രാം) എന്നിവയാണ്. വിളപരിവർത്തനരീതി മുൻകാല

ങ്ങളെപോലെ ഇപ്പോൾ കാണപ്പെടുന്നില്ല. നെൽകൃഷിക്കു ശേഷം വയലുകൾ അപൂർവ്വം ചിലയിനങ്ങളിൽ തരിശിടുക യാണ് പതിവ്. ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടാൻ കാര ണമാകുന്നു.

മുഖ്യ ഇടവിളകളുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക 5 ഇടവിളകൾ

കൃഷിഭവൻ (രേഖ)

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	പയർ	30
2	എള്ള്	12
3	പച്ചക്കറി	6
4	വാഴ	25
5	മരച്ചീനി	16

ഇതിൽ മരച്ചീനിയുടെ ഉല്പാദനക്ഷമത 18 ടണ്ണും (ഹെക്ടറിന്), എള്ള് 176 കി.ഗ്രാമും പയർ 320 കി.ഗ്രാമും ആണ്. മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷ മത തെങ്ങൊന്നിന് 60 എന്നു കണക്കാക്കാം. ജലസേചന സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങളിൽ ഉല്പാദനം മെച്ചമായും ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ഉല്പാദനം വളരെ മോശമായും കാണപ്പെടുന്നു. ജലക്ഷാമവും ജൈവ വളത്തിന്റെ ലഭ്യതക്കുറവും തെങ്ങ് കൃഷിയുടെ മുഖ്യപ്രശ്ന ങ്ങളാണ്. നെൽകൃഷിയേക്കാൾ ലാഭകരം തെങ്ങാണെന്നുള്ള ബോധം നെൽവയൽ നികത്തി തെങ്ങു കൃഷിചെയ്യാൻ കർഷ കരെ പ്രേരിപ്പിക്കുന്നു.

വളം

കല്പകഞ്ചേരി പഞ്ചായത്തിൽ രാസവള വിപണന കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. 60%ത്തോളം കൃഷിക്കാരും ജൈവവളവും 40 % പേർ രാസവളവും ആശ്രയിച്ച് കൃഷി ചെയ്യുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗം വേണ്ടരീതിയിൽ നടന്നിട്ടില്ല. രാസവളത്തിന്റെ ഡിപ്പോ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ വളത്തിന്റെ പട്ടികയുടെ വിവരം ഇവിടെ ചേർക്കുന്നില്ല.

കീടനാശിനി

ഈ പ്രദേശത്തെ മുഖ്യവിളകളായ തെങ്ങ്, കവുങ്ങ്, നെല്ല് എന്നിവയ്ക്കുമാത്രമേ കീടനാശിനി പ്രയോഗം നടത്താ റുള്ളു. ചുരുക്കം ചില പച്ചക്കറികൾക്കും കീടനാശിനി ഉപ യോഗിക്കാറുണ്ട്. ശാസ്ത്രീയമായ രീതിയിലല്ല കീടനാശിനി പ്രയോഗിക്കുന്നത്. തെങ്ങിനെ ബാധിക്കുന്ന രോഗത്തിനുള്ള കീടനാശിനി പ്രയോഗം, തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം കാരണം ഈ പ്രദേശത്ത് നടത്താറില്ല.

കാർഷിക ഉപകരണങ്ങൾ

പാടശേഖരകമ്മിറ്റികൾക്കായി കൃഷിഭവൻ മുഖേന ഒരു കാർഷിക ഉപകരണവും നല്കിയിട്ടില്ല. വ്യക്തികൾക്കായിട്ട് പവർ ഡ്രില്ലറും, മെതിയന്ത്രവും തെങ്ങുകയറ്റ യന്ത്രവും, സ്പേയറുകളും വിതരണം ചെയ്യുകയുണ്ടായിട്ടുണ്ട്. ബഹു ഭൂരിപക്ഷം വ്യക്തികളും ഉപയോഗിക്കുന്നത് ട്രാക്ടറാണ്.

പാടശേഖര സമിതികൾ

ഈ പഞ്ചായത്തിൽ മൂന്ന് പാടശേഖര സമിതികളാണു ള്ളത്. തൊഴിലാളികളെ, യഥാസമയം കിട്ടാനുള്ള വിഷമ ത്താലും, വിത്ത് സമയത്ത് കിട്ടാത്തതും കാരണം ഫലപ്രദ മായ രീതിയിലല്ല പാടശേഖര സമിതികളുടെ പ്രവർത്തനം

പട്ടിക –6

പാടശേഖര സമിതിയും വിളക്രമങ്ങളും

നമ്പർ	പാടശേഖരത്തിന്റെപേർ	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
1	തോഴന്നൂർ	നെല്ല്	നെല്ല്	പയർ, എള്ള്
2.	പറവന്നൂർ	നെല്ല്	നെല്ല്	പച്ചക്കറി,എള്ള്,പയർ
3.	പാറപ്പുറം	-	-	വാഴ

കൂലിനിരക്ക്

വർദ്ധിച്ച കൂലിനിരക്കു കാരണം കർഷകർക്ക് കാർഷിക പ്രവർത്തിയോട് ആഭിമുഖ്യം കുറഞ്ഞുവരുന്നു. ഈ പഞ്ചാ യത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരും കർഷകതൊ ഴിലാളികളുമാണ്. കർഷക തൊഴിലാളികളുടെ ദിവസക്കൂലി പുരുഷന് 125 രൂപയും സ്ത്രീക്ക് 100 രൂപയുമാണ്.

കാർഷിക വായ്പ

ഈ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് അടക്കം 3 ധനകാര്യസ്ഥാപനങ്ങളുണ്ട്. ഇത്തരം ധനകാര്യസ്ഥാപനങ്ങ ളിലൂടെ നൽകുന്ന കാർഷികവായ്പകൾ കർഷകർക്ക് ഒരു പരിധിവരെ സഹായം ചെയ്യുന്നു.

ജലസേചനം

ഇടവപ്പാതി വർഷത്തേയും തുലാവർഷത്തേയും ആശ്ര യിച്ചുള്ള കൃഷികളാണ് ഈ പ്രദേശത്തുള്ളത്. പഞ്ചായ ത്തിലെ പ്രധാനപ്പെട്ട തോടുകൾ പറവന്നൂർ ചോല യിൽനിന്നും ആരംഭിക്കുന്നതും പടിഞ്ഞാറോട്ടൊഴുകി ഏഴൂർ പുഴയിൽ അവസാനിക്കുന്നതുമാണ്. ഈങ്ങാചിനയിൽ നിന്നും അയിരാനി വഴി ഒഴുകുന്ന ഒരു അനുബന്ധത്തോടും ഇതിനുണ്ട്. മഞ്ഞച്ചോലയിൽ നിന്നും തുടങ്ങി വളഞ്ഞ തോടു വഴി വടക്കോട്ടൊഴുകി വിവിധ പഞ്ചായത്തുകളിലൂടെ കട

ന്നുപോയി. മമ്പുറം പുഴയിൽ ചേരുന്ന പഞ്ചായത്തിലെ നീളം കൂടിയ തോടായ കിഴക്കെപുറം തോടും, വീട്ടുകുണ്ടിൽ നിന്നും തുടങ്ങുന്ന തോഴന്നൂർ തോടും, തോഴന്നൂർ ചാലി പാടത്തുനിന്ന് തുടങ്ങുന്ന തോടും ഇതിന്റെ അനുബന്ധതോടുകളാണ്.

കൃഷിഭവൻ

1987 -ൽ രൂപീകൃതമായ കൃഷിഭവൻ ഓഫീസിലിപ്പോൾ ഒരു കൃഷിഓഫീസറും രണ്ടു അസിസ്റ്റന്റുകളും മാത്രമേയുള്ളൂ. ഇവരിൽനിന്ന് കർഷകർക്കാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ലഭിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

നെല്ലുല്പാദന ചെലവിൽ വന്ന വർദ്ധനവ്, കർഷകതൊഴിലാളികളുടെ അപര്യാപ്തത, ഉല്പന്നങ്ങൾക്ക് വിലയിടിവ്, കാലവർഷക്കുറവ്, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ കുറവ്, തുടങ്ങിയവ നെൽകൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. വയൽ നികത്തി വീട് വെയ്ക്കുന്നതും കാരണം വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതും വൃക്ഷക്കൊമ്പുകൾ കൃഷിസ്ഥലത്തേക്ക് പടർന്നു പന്തലിച്ചു നിൽക്കുന്നതമൂലമുള്ള കാനലും, വളർത്തു മൃഗങ്ങളുടെ ഉപദ്രവവും, ഗതാഗത അസൗകര്യങ്ങളും നെൽകൃഷിയെ കാര്യമായി ബാധിക്കുന്നു. തോടുകളിലും കുളങ്ങളിലും മതിലുകൽ കെട്ടുകയും തോടുകൾക്കിടയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്താൽ അത് നെൽകൃഷിക്കും തെങ്ങുകൃഷിക്കും ഉപകാരപ്രദമായിരിക്കും. തോടുകളിൽനിന്ന് മണ്ണ് കോരുന്നത് നിയമാനുസൃതമായി നിരോധിക്കുകയും കാലാകാലങ്ങളിൽ മണ്ണടിഞ്ഞുതൂർന്നുകൊണ്ടിരിക്കുന്നവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

തെങ്ങുകൃഷിക്കാവശ്യമായ വെള്ളം ലഭിക്കാതെ വരിക, ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, തെങ്കയറ്റ തൊഴിലാളി അപര്യാപ്തത, ഇന്നത്തെ കൂലിച്ചെലവിനനുസരിച്ച് നാളികേരത്തിന് വില ലഭിക്കാതെ വരുന്നത്. യഥാസമയം കൃഷിയിടങ്ങളിൽ വരമ്പിടുകയോ മണ്ണിളക്കുകയോ ചെയ്യാത്തതിനാൽ മണ്ണൊലിപ്പ് തടയാൻ കഴിയാതെ വരിക തുടങ്ങിയ പ്രശ്നങ്ങൾ തെങ്ങുകൃഷിക്കാരെ ബാധിക്കുന്നതാണ്. തെങ്ങിനെ ബാധിക്കുന്ന ചെള്ളുകുത്ത്, മഹാളി, കൂമ്പുചീയൽ, മൂതലായ രോഗങ്ങളും നാളികേര ഉല്പാദനത്തെ കാര്യമായി ബാധിക്കുന്നു. ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ കശുമാവ് കൃഷിക്ക് അനുയോജ്യമാണെങ്കിലും അധികമാളുകളും ഈ കൃഷിരംഗത്തേക്ക് കടന്നു വരുന്നില്ല. ആദ്യകാലങ്ങളിൽ, നെൽപ്പാടങ്ങളിൽ ഇടവിളയായി പച്ചക്കറികൾ, വാഴ, മരച്ചീനി, എള്ള് തുടങ്ങിയവ കൃഷിചെയ്തിരുന്നു. ഇന്നത് നാമമാത്രമായിരിക്കുന്നു.

വാഴകൃഷിയെ ബാധിക്കുന്ന കുമ്പടയൽ എന്ന രോഗം, ശക്തിയായ കാറ്റ് എന്നിവ കർഷകർക്ക് കനത്ത നഷ്ടം വരുത്തിവെയ്ക്കുന്നു.

നിർദ്ദേശങ്ങൾ

1. യന്ത്രവൽക്കരണത്തിലൂടെ കൃഷി പരിപോഷിപ്പിച്ചാൽ ഈ പഞ്ചായത്തിലെ തൊഴിലാളികളുടെ ദൗർലഭ്യത്തിനും കൂലി വർദ്ധനവിനും ഒരുപരിധി വരെ പരിഹാരം കണ്ടെത്താൻ കഴിയും.
2. കൃഷിക്കാർക്കാവശ്യമായ ജൈവവളവും രാസവളവും യഥാസമയത്ത് കർഷകർക്ക് ലഭിക്കാനുള്ള സംവിധാനം കൃഷിഭവൻ മുഖേന ഉണ്ടാവണം.
3. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി വാഴ,ചേന, ചേമ്പ്, പയർ, കൈതച്ചക്ക, രായി, ഔഷധസസ്യങ്ങൾ എന്നിത്യാദി കൃഷികൾ കൃഷിഭവൻ മുഖേന മാതൃകാത്തോട്ടങ്ങളായി നിർമ്മിക്കാനുള്ള പ്രോത്സാഹനം നല്കുക.
4. ഈ പഞ്ചായത്തിലെ രണ്ടത്താണി, കല്പകഞ്ചേരി എന്നീ ഏരിയകളിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.
5. മുമ്പ് കൃഷിഭവൻ മുഖേന ഉണ്ടായിരുന്ന മണ്ണൊലിപ്പ് തടയാനുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ കാര്യക്ഷമമാക്കി പുനഃസ്ഥാപിക്കുക.
6. ജലസേചനസൗകര്യാർത്ഥം വൈദ്യുതി സൗജന്യമാക്കുക. എല്ലാതരം കൃഷിക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
7. ഏക്കറിന് 20 ലിറ്റർ മണ്ണെണ്ണ അനുവദിച്ചിരുന്നത് 5 ലിറ്ററാക്കി കുറച്ചത് പുർവ്വസ്ഥിതിയിലാക്കുക.
8. വെറ്റിലകൃഷി ഇടത്തരം കർഷകന്റെ പ്രധാന കൃഷിയായതുകൊണ്ട് അതിന് കൂടുതൽ സാമ്പത്തികസഹായം അനുവദിക്കുക.
9. കൃഷിയെ സംരക്ഷിക്കുന്നതിന് വിളകൾക്ക് വിള ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കുക.
10. വോൾട്ടേജ് ക്ഷാമം പരിഹരിച്ച് ജലസേചനം സുഗമമാക്കുക.
11. പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടെ സാദ്ധ്യതയുള്ള വാർഡിൽ ഒരു മാതൃകാ പച്ചക്കറിതോട്ടം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുക.
12. കൃഷിവികനത്തിന്റെ ഭാഗമായി നെൽവയലുകളിൽ കൂടി

കടന്നുപോകുന്ന തോടുകളിൽ തടയണകൾ നിർമ്മിച്ച് വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക.

13. അത്യുല്പാദനശേഷിയുള്ള വിത്തുകളും തൈകളും യഥാസമയങ്ങളിൽ വിതരണം നടത്തുക.

14. കേര കർഷകനെ സഹായിക്കുന്നതിന് റബ്ബർബോർഡ് പോലെയുള്ള ഒരു സംവിധാനം ആവശ്യമാണ്.

15. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അറിവ് സാധാരണ കർഷകന് നല്കുക.

16. പഞ്ചായത്തിൽ ഒരു വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുക.

17. നെൽകൃഷി സംരക്ഷിക്കുന്നതിന് കല്പകഞ്ചേരി വളഞ്ഞതോടിന്റെ വശങ്ങൾ കെട്ടി വെള്ളം കെട്ടിനിർത്തുക.

18. പൊതു കുളങ്ങളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

19. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് വിത്തും വളവും കീടനാശിനിയും സൗജന്യമായി നല്കുകയും, യന്ത്രസാമഗ്രികൾ സബ്സിഡി ഇനത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാവുകയും വേണം. തെങ്ങ്, കവുങ്ങ്, വെറ്റില, കുരുമുളക്, എന്നിവയ്ക്ക് പൊതുവായുണ്ടാകുന്ന മഹാളിരോഗത്തിനും, കൂമ്പ് ചീയൽ, വരിക്കല്ലരികേട്, വള്ളിചീയൽ, തുടങ്ങിയ രോഗങ്ങൾക്കും കാരണം കണ്ടെത്താൻ വിദഗ്ധമായ മണ്ണ് പരിശോധനയും പരിഹാരമാർഗ്ഗങ്ങളും ലഭ്യമാക്കണം.

സഹകരണ യൂണിറ്റുകൾ കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ മൂലമുള്ള ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കാം. കുരുമുളക് പോലുള്ള സുഗന്ധ നാണ്യവിളകൾ കൃഷിചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. ഓരോ കൃഷിയും നല്ല രീതിയിൽ നടത്തുന്ന കർഷകർക്ക് പഞ്ചായത്തുതലത്തിൽ അവാർഡ് ഏർപ്പെടുത്തണം. കർഷക തൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം എർപ്പെടുത്തണം. നിലവിലുള്ള കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഈ പഞ്ചായത്തിന്റെ കാർഷിക പുരോഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുതിയവികസന -സംസ്കാരം ഉൾക്കൊള്ളാൻ നാം സന്നദ്ധരാവണം.

5(2) മൃഗസംരക്ഷണം

ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ, പോത്ത്, കാള എന്നിവയാണ്. മിക്കവാറും എല്ലാ വീടുകളിലും കോഴികളും, ചെറിയ തോതിൽ താറാവുകളും വളർത്തപ്പെടുന്നു. ഏകദേശം 1300 പശുക്കളും 975 ആടുകളും 240 എരുമകളുമാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിലെ 95% വീടുകളിലും കോഴികൾ വളർത്തപ്പെടുന്നുണ്ട്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ പഞ്ചായത്തിലെ പാലുൽപാദനം ഏകദേശം ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ വീടുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതുകാരണം സുലഭമായി മേച്ചിൽപുറങ്ങൾ ഇല്ല. അതുകൊണ്ട് കർഷകർ വൈക്കോൽ, പുല്ല്, എന്നിവ വിലകൊടുത്തു വാങ്ങേണ്ടതായിവരുന്നു. പ്രസ്തുത സാധനങ്ങളുടെ വില വർദ്ധന ഈ രംഗത്ത്, ജനങ്ങളുടെ താൽപര്യം കുറയ്ക്കുന്നു, കാലിത്തീറ്റ വിതരണ കേന്ദ്രങ്ങളോ, പാൽ സൊസൈറ്റികളോ ഇല്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

വളർത്തുമൃഗങ്ങളും പക്ഷികളും

(പട്ടിക)

പശു	: 1300
കന്നുകുട്ടികൾ	: 250
എരുമ	: 90
കാള (ഉഴവ്)	: 125
ആട്	:7500
കോഴി	: 12000
താറാവ്	: 150

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് തോഴന്നൂർ എന്ന സ്ഥലത്താണ്. 26-9-92 ലാണ് ഇത് സ്ഥാപിതമായത്. അതുമായി ബന്ധപ്പെട്ട കുത്തിവെയ്പുകേന്ദ്രവും അവിടെ തന്നെയാണ സ്ഥിതിചെയ്യുന്നത്. ഇത്, ഈ പഞ്ചായത്തിലെ 5 വാർഡുകളിലെ ജനങ്ങൾക്കേ ഉപകാരപ്പെടുന്നുള്ളു. മറ്റു വാർഡുകളിലെ ജനങ്ങൾ വളവന്നൂർ മൃഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളാണ് അകിടുവീക്കം, കുളമ്പുരോഗം, മുടന്തൻപനി എന്നിവ. ഉള്ള സൗകര്യങ്ങൾതന്നെ ഉപയോഗപ്പെടുത്താൻ തദ്ദേശവാസികൾ അമാന്തം കാണിക്കുന്നതിനാൽ, പലപ്പോഴും കന്നുകാലികളുടെ ജീവഹാനിക്ക് തന്നെ കാരണമാകാറുണ്ട്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകൾ വളർത്തുമൃഗങ്ങളെ കടിച്ചു മുറിവേല്പിക്കുന്നതിനാൽ നല്ലൊരു ശതമാനം കാലികൾ ചികിത്സക്കായി എത്തുന്നുണ്ട്. എന്നാൽ, ഇവയിൽ പതുതിയിലധികവും രക്ഷപ്പെടാറില്ല.

95% വീടുകളിലും കോഴികൾ വളർത്തപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പൊതുകോഴി വളർത്തൽ കേന്ദ്രങ്ങളില്ല. ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ

മറുനാടുകളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇങ്ങനെ ഇറക്കുമതിചെയ്യപ്പെടുന്ന കോഴികൾ രോഗബാധിതരായിട്ടാണ് കാണപ്പെടാറുള്ളത്. താൽപര്യമുള്ള കോഴികർഷകർക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകിയാൽ കോഴിവളർത്തലിന് പഞ്ചായത്തിൽ ധാരാളംസൗകര്യങ്ങളുണ്ട്.

കൽപകഞ്ചേരി പഞ്ചായത്തിൽ ഏഴ് ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഈ പ്ലാന്റുകൾക്ക് പഞ്ചായത്തിന് വേണ്ടത്ര പ്രചാരം കിട്ടിയിട്ടില്ല. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് മുഖേന സബ്സിഡി ലഭ്യമാണെങ്കിലും ജനങ്ങൾ ഇതിനെക്കുറിച്ചൊന്നും ബോധവാന്മാരല്ല.

മുൻകാലങ്ങളെ അപേക്ഷിച്ച് അത്യുൽപാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് കർഷകർ താൽപര്യം കാണിച്ചുവരുന്നുണ്ട്. ഗോസംവർദ്ധനത്തിന് മൃഗാശുപത്രിയിലെ ബിജാദാന സൗകര്യം കർഷകർ ധാരാളമായി ഉപയോഗപ്പെടുത്തുന്നു. താറാവ് വളർത്തലിലും മുയൽ വളർത്തലിലും പഞ്ചായത്തിലെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ

1. മെച്ചപ്പെട്ട കാലിത്തീറ്റകളുടെ ദൗർലഭ്യം.
2. കാലിത്തീറ്റയുടെ വിലക്കൂടുതൽ
3. സൊസൈറ്റികളുടെ അഭാവംമൂലം പാൽ, മാംസം, മുട്ട, എന്നിവയുടെ വിപണനത്തിലുള്ള പ്രയാസം.
4. ശാസ്ത്രീയമായ മൃഗപരിപാലനത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
5. അത്യുൽപാദന ശേഷിയുള്ള ജെനുസ്സുകളുടെ അഭാവം.
6. കാലിവളർത്തലിന് ധനസഹായം ലഭിക്കുവാനുള്ള പ്രയാസം.
7. പേപ്പട്ടി ശല്യം.
8. മൃഗചികിത്സാ സൗകര്യങ്ങളുടെയും മരുന്നുകളുടെയും അപര്യാപ്തത.

സാധ്യതകൾ

1. കൽപകഞ്ചേരി പഞ്ചായത്തിൽ ആവശ്യമായ ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും പാൽ സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കുക. പാലിന്റെ വിവിധ ഉപയോഗങ്ങൾക്കായുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക.
2. സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ വിലയ്ക്ക് മെച്ചപ്പെട്ട കാലിത്തീറ്റകൾ ലഭ്യമാക്കുക. തേങ്ങാപ്പിണ്ണാക്ക് പോലുള്ള അസംസ്കൃത വസ്തുക്കൾ മേൽത്തരം കാലിത്തീറ്റകളുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുക.
3. സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളും കോഴിത്തീറ്റ നിർമ്മാണ കേന്ദ്രങ്ങളും നിർമ്മിക്കാവുന്നതാണ്.
4. ഉൽപാദന ശേഷിയുള്ള കന്നുകാലികളെ വളർത്തുന്നവർക്ക് പ്രോത്സാഹനം നൽകുകയും സംഘങ്ങളുമായി അവരെ സ്ഥിരമായി ബന്ധപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
5. അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും കന്നുകാലികളുടെ തോലും രക്തവും എല്ലും വ്യവസായികാടിസ്ഥാനത്തിൽ പരമാവധി ഉപയോഗപ്പെടത്തുകയും ചെയ്യണം. അറവുമാടുകളുടെയും, കോഴികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ ശ്രമിക്കേണ്ടതാണ്.
6. പേപ്പട്ടി വിഷ നിയന്ത്രണത്തിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വീടുകളിൽ വളർത്തുന്ന നായകളെ പ്രതിരോധ കുത്തിവെയ്പുകൾക്ക് വിധേയമാക്കി അധികൃതരിൽനിന്ന് സാക്ഷിപത്രം വാങ്ങിവെക്കുന്നതിന് കർഷകരെ ഉദ്ബോധിപ്പിക്കുക.
7. പശുക്കളുടെയും എരുമകളുടെയും ഇണചേരലിനായി കാളകളെയും പോത്തുകളെയും പരിപാലിക്കുന്ന അശാസ്ത്രീയമായ രീതി അവസാനിപ്പിക്കുകയും കൃത്രിമ ബീജദാന സൗകര്യങ്ങൾ കർഷകരെ പറഞ്ഞുമനസ്സിലാക്കുകയും ചെയേണ്ടതാണ്. നാടൻ ഇണചേരൽ വഴി ധാരാളം രോഗങ്ങൾ പകരുന്നതായി കാണപ്പെടുന്നു. അവ ഗണ്യമായ രീതിയിൽ കുറയ്ക്കാൻ ഇതുകൊണ്ടു സാധിക്കും.
8. അപൂർവ്വമായിട്ടാണെങ്കിലും, പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ള കുളങ്ങളിൽ വളർത്തപ്പെടുന്ന മത്സ്യങ്ങളിൽ കണ്ടുവരുന്ന രോഗമില്ലാതാക്കുന്നതിനാവശ്യമായ ശാസ്ത്രീയ നടപടികൾ സ്വീകരിക്കാവുന്നതാണ്. മത്സ്യകൃഷിക്ക് പുതിയ മാനങ്ങൾ സൃഷ്ടിക്കുവാൻ ഇതുകൊണ്ടു സാധിക്കും.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് സൗകര്യമുള്ള വാർഡുകളിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം. ജില്ലാ കോഴിവളർത്തൽ കേന്ദ്രത്തിൽനിന്ന് പരിശീലനം കിട്ടാൻവേണ്ട സൗകര്യങ്ങൾ ചെയ്യേണ്ടതാണ്. അവർക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക. കോഴി വസന്തപോലുള്ള അസുഖങ്ങൾക്ക് ചികിത്സ കിട്ടുന്നതിന് മൃഗസംരക്ഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കുക.

2. പഞ്ചായത്തിലെ ഇല്ലത്തെകുളം, അമ്പലക്കുളം, തേവർകുളം, ബോർഡ് കുളം, കരിങ്ങാഴിക്കുളം, വാരിയത്തുകുളം, എന്നിവയുടെ നിയന്ത്രണം മുഴുവനായി പഞ്ചായത്ത് ഏറ്റെടുത്ത് ഈ കുളങ്ങളിൽ മത്സ്യകൃഷി ഊർജ്ജിതമാക്കണം.

3. പഞ്ചായത്തിലെ താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി മുയൽ വളർത്തൽ നടത്താനുള്ള സൗകര്യം വേണം.

4. കോഴിവളർത്തലിനും മുയൽ വളർത്തലിനും പഞ്ചായത്തു വഴി ധന സഹായം നൽകാൻ സൗകര്യമുണ്ടാവണം.

5. ഇത്തരം സംരംഭകരെ വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും മുൻകൈയെടുക്കുക. ബോധവൽക്കരണത്തിനാവശ്യമായ സെമിനാറുകൾ നടത്തുന്നതും നല്ലതാണ്.

6. കോഴിവളർത്തൽ, മുയൽ വളർത്തൽ എന്നിവ ഉപജീവനമാർഗ്ഗമാക്കുന്നവരുടെ കോഴി, മുട്ട, മുയലിറച്ചി എന്നിവ വിതരണം ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ സൗകര്യമുണ്ടാക്കണം.

7. രണ്ടത്താണി മൃഗാശുപത്രിയുടെ കൂടെയുള്ള ബീജസങ്കലന യൂണിറ്റ് പറവന്നൂർ ഭാഗത്തേയ്ക്കോ, കല്ലിങ്ങൾ ഭാഗത്തേക്കോ മാറ്റി സ്ഥാപിക്കണം.

8. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ടാവുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. വെറ്റിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

10. ബീജസങ്കലനം സൗജന്യമാക്കുകയും അതോടൊപ്പം കോഴിവന്തപോലെയുള്ള രോഗ പ്രതിരോധ കുത്തിവെയ്പുകൾ വാർഡുകളിലെ പ്രത്യേകം പ്രത്യേകം കേന്ദ്രങ്ങളിൽ ക്യാമ്പ് ചെയ്ത് നടത്തുകയും ചെയ്യാനുള്ള സംവിധാനം വേണം.

11. കന്നുകാലികൾക്ക് ഇൻഷ്വറൻസ് സമ്പ്രദായം എർപ്പെടുത്തുക.

12. കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് ഇപ്പോഴുള്ള നടപടികൾ തീരെ അപര്യാപ്തമാണ്. ആവശ്യമുള്ള കോഴികുഞ്ഞുങ്ങളെ വാർഡടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് പദ്ധതികൾ വേണം.

13. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് പഞ്ചായത്തിൽ ആവശ്യമാണ്.

14. IRDP ലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കോഴിക്കൂടുകൾ ലഭ്യമാക്കുന്നതിനും സബ്സിഡിയിനത്തിൽ വായ്പാ സമ്പ്രദായമേർപ്പെടുത്തുക.

15. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാലികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുക.

5(3) വ്യവസായം

കൽപകഞ്ചേരി പഞ്ചായത്തിൽ വ്യവസായത്തിന് വളരെ കൊല്ലങ്ങൾക്കുമുമ്പ് തന്നെ തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതിന് കാര്യമായ നേട്ടമൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മുഖ്യ വ്യവസായങ്ങളായിരുന്ന അടക്കാ വ്യവസായവും, തുകൽഫാക്ടറിയും അശാസ്ത്രീയമായ ആസൂത്രണത്താലും മറ്റും നഷ്ടം സംഭവിച്ചു. പിൽക്കാലത്ത് അടക്കാ വ്യവസായം വീണ്ടും ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. പ്രസ്സ്, എണ്ണ ഉൽപാദനം, അടക്കാ വ്യവസായം എന്നിവ എടുത്തു പറയത്തക്ക രൂപത്തിൽ നിലനിൽക്കുന്നു.

കൽപകഞ്ചേരി പഞ്ചായത്തിൽ സർക്കാർ തലത്തിലോ സഹകാര്യ മേഖലയിലോ വൻകിട വ്യവസായസ്ഥാപനങ്ങളില്ല. സഹകാര്യ മേഖലയിൽ അത്യാവശ്യം ഭേദപ്പെട്ട ചില വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അതിൽപ്രധാനപ്പെട്ടത് സ്റ്റീൽ ഇൻഡസ്ട്രീസ്, സിൽക്ക് - കോട്ടൺമിൽ, ഹോളോബ്രിക്സ് യൂണിറ്റ്, ഫ്ളവർമിൽസ്, തടിക്കച്ചവടം, ഫർണിച്ചർ നിർമ്മാണം അടക്കാവ്യവസായം എന്നിവയാണ്. പഞ്ചായത്ത് പരിധിയിൽ ഒരു സഹകരണബാങ്കും കനറാബാങ്കും കത്തലിക്ക് സിറിയൻ ബാങ്കും പ്രവർത്തിക്കുന്നു. വ്യവസായത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യത്തിൽ ബാങ്കുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ 300 പേർ ജോലിചെയ്യുന്നു. പുരുഷന്മാർ 117 പേരും സ്ത്രീകൾ 83 പേരും വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ, പപ്പടനിർമ്മാണം, മെഴുകുതിരി നിർമ്മാണം, സ്വർണ്ണപ്പണി, കൊല്ലപ്പണി, ഫർണിച്ചർ നിർമ്മാണം എന്നിവയാണ് പ്രചാരത്തിലുള്ളത്.

വ്യവസായ സ്ഥാപനങ്ങൾ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1.	വ്യവസായം സ്റ്റീൽ ഇൻഡസ്ട്രീസ് സിൽക്ക് കോട്ടൺമിൽ	23	35	58
2.	പരമ്പരാഗതകുടിൽ വ്യവസായം, സ്വർണ്ണ വ്യാപാരം ഫർണിച്ചർ	60	-	60
3.	ഹോളോബ്രിക്സ്	8	-	8
	മെഴുക് തിരി,പപ്പടം എന്നീ ചെറുകിട വ്യവസായങ്ങൾ	35	26	61
5.	മറ്റു വ്യവസായങ്ങൾ	90	20	110
6	ക്ഷീരോത്പന്നം 1	2	3	
	ആകെ	217	83	300

നാളികേരം, അടക്ക, വെറ്റില എന്നവയെ ആശ്രയിച്ചാണ് ചെറുകിട മേഖല പ്രവർത്തിക്കുന്നത്. ഭൂരിപക്ഷ വ്യവസായവും കാർഷിമേഖലയുമായി ബന്ധപ്പെട്ടതാണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ കിഴക്കുഭാഗം NH 17 ഉം പടിഞ്ഞാറ് എടരിക്കോട്- കടുങ്ങാത്തുകുണ്ട് വഴിയും ഉള്ള റോഡാണ്. വ്യവസായത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം, തുടങ്ങിയ സൗകര്യങ്ങൾ അപര്യാപ്തമാണ്.

7 ചതുരശ്ര മൈൽ വിസ്തീർണ്ണവും 25679 ജനസംഖ്യയും 6401 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരുപങ്കും അന്യസ്ഥലങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വേണ്ടത്ര മാർക്കറ്റിംഗ് സംവിധാനം ഇവിടെയില്ല. ഈ കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

പഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അനുകൂല ഘടകങ്ങൾ ഉയർന്നതോതിലുള്ള സാക്ഷരത, വാർത്താവിനിമയ സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത എന്നിവയെല്ലാം ഉണ്ടെങ്കിലും ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ വ്യവസായ മാന്ദ്യത്തിന് കാരണമാകുന്നു.

വ്യവസായം വളരാതിരിക്കാനുള്ള കാരണങ്ങൾ

1. മുഖ്യ കാർഷികോൽപന്നമായ നാളികേരം വേണ്ട വിധത്തിൽ വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. വൈദ്യുതിയുടെ അപര്യാപ്തതയും വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുമുള്ള ട്രാൻസ്ഫോർമറുകളുടെ അഭാവവും
3. സാങ്കേതിക പരിജ്ഞാനക്കുറവ്
4. വിപണന സാധ്യത കുറവ്.
5. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്
6. ധനസഹായം ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
7. വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.
8. വ്യവസായത്തിന് അനുയോജ്യമായ ഗതാഗത അസൗകര്യം. (ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ)
9. വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മാമൂൽ സമ്പ്രദായം വ്യവസായികളെ നിരുത്സാഹപ്പെടുത്തുന്നു.
10. വ്യവസായം തുടങ്ങുന്നതിനുവേണ്ടിയുള്ള ലൈസൻസും വൈദ്യുതിയും മറ്റും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ അലംഭാവം.

വിവിധ മേഖലകളിലെ കൂലി നിരക്ക്

ക്രമന.	ഇനം	കൂലിനിരക്ക്	
		പുരു	സ്ത്രീ
1.	കാർഷികമേഖല	100	80
2.	നിർമ്മാണ തൊഴിലാളി	135	80
3.	സാധാരണ കൂലിക്കാർ	100	80
4.	വ്യവസായം	-	-
5.	വിദഗ്ധർ	150	-

സാധ്യതകൾ

മലപ്പുറം ജില്ലയിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കളിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ നല്ലൊരു ശതമാനം പേർ തൊഴിൽ രഹിതരാണ്. 5% പേർ അന്യസംസ്ഥാനങ്ങളിലും 40% പേർ വിദേശത്തും ജോലി ചെയ്യുന്നു. എങ്കിലും വളരെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട ചകിരി ഇവ ഉപയോഗിച്ചുള്ള വിവിധ വ്യവസായങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കാനുമുള്ള സാഹചര്യവും ഈ പഞ്ചായത്തിലുണ്ട്. അടക്കാ വ്യവസായത്തിനു തുകൽ വ്യവസായത്തിനും സാധ്യതകളുണ്ട്. എല്ല് സംസ്കരണം സഹകരണ മേഖലയിൽ ആരംഭിക്കാനുള്ള സാങ്കേതിക വിദ്യ ലഭിക്കുകയാണെങ്കിൽ നല്ല തൊഴിൽ സാധ്യതകളുണ്ടാവും. തിരുപ്പൂർ മോഡൽ (ആധുനിക സൗകര്യത്തോടുകൂടിയ യന്ത്രസാമഗ്രികൾ) വസ്ത്രനിർമ്മാണശാല ആരംഭിക്കാൻ വേണ്ട മാനവ വിഭവശേഷി, കൽപകഞ്ചേരി പഞ്ചായത്തിലുണ്ട്. പ്രസ്തുത വ്യവസായം ആരംഭിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ നല്ലൊരു വിഭാഗം വനിതകൾക്കും തൊഴിൽ നൽകാൻകഴിയും. അടക്ക സംസ്കരിച്ചുണ്ടാക്കുന്ന പ്രധാന ഉൽപന്നമായ് മുറുക്കാൻ പാക്ക് നിർമ്മിക്കുന്ന ഒരു വ്യവസായശാല അരംഭിക്കാൻ സാധിച്ചാൽ പഞ്ചായത്തിലെ കാർഷികോൽപന്നം ഉപയോഗിച്ച് വ്യവസായ വളർച്ച കൈവരിക്കാൻ കഴിയും.

സഹകരണമ മേഖലയിലോ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലോ ചുരുങ്ങിയത് 100 സ്പിന്റിലുകളുള്ള ഒരു തുണിമിൽ വ്യവസായം ആരംഭിക്കുന്നതു കൊണ്ട് പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കുറ്റിപ്പുറം 'മാൽകേടെക്സ്' ആരംഭിക്കുന്നതോടെ അതോടനുബന്ധ ചെറുകിട വ്യവസായം (പേപ്പർ കോൺസ്)ങ്ങൾ ആരംഭിക്കാൻ സാധ്യതകൾ ഉണ്ട്.

കറിപൗഡർ നിർമ്മാണം, അച്ചാർനിർമ്മാണം, ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണം, ഐസ്ക്രീം നിർമ്മാണം, ചക്ക ചുളകൾ വറുത്തത്, കായവറുത്തത്, തുടങ്ങിയ വ്യവസായ ശൃംഖലകൾക്ക് സാധ്യതയുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ wood furniture; ഹോളോ ബ്രിക്സ്, ചെങ്കൽ ക്വാറി, തുടങ്ങിയവക്കും സാധ്യതകൾ ഏറെയാണ്.

ഖാദിമേഖല: ഖാദിബോർഡിന്റെ സഹായത്തോടെ വളരെ ചെറിയ സംരഭങ്ങളേ ഇവിടെയുള്ളൂ. ക്ഷീരോൽപ്പന്നവും വിതരണവും മാത്രമാണ് നിലവിലുള്ളത്. ഈ മേഖലയിൽ പല വ്യവസായ സാധ്യതകളും കാണുന്നുണ്ട്. കയറ്റുമതിയിലും ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ഒരു മരം ഫർണിച്ചർ കമ്പനിക്കും സാധ്യതയുണ്ട്.

ലഭ്യമായ അസംസ്കൃത സാധനങ്ങളാൽ കുറഞ്ഞ ചിലവിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ

വിഭാഗം

നമ്പർ	ഇനം
1.	യന്ത്രം ഉപയോഗിച്ച ചകിരിനാര് നിർമ്മാണം
2.	യന്ത്രവൽകൃത ചൂടി നിർമ്മാണം
3.	ചവിട്ടി, ചൂടിപ്പടം, ചകിരി നാരിന്റെ കിടക്ക, തലയിണ, തുടങ്ങിയവ
4.	ചകിരി ചവറ് ഉപയോഗിച്ചുള്ള വളം.
5.	തെങ്ങ്കൊണ്ട്, കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറും
6.	ചിരട്ടപ്പൊടി
7.	വെളിച്ചെണ്ണ
8.	കന്നുകാലിത്തീറ്റ
9.	ചിപ്സ് നിർമ്മാണം
10.	മെഴുക് തിരി നിർമ്മാണം
11.	ഭക്ഷ്യ സംസ്കരണം
12.	ക്ഷീരോൽപന്നം

വനിത

1.	തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ: കയിൽ, ചട്ടുകം, സ്പൂൺ, മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, കപ്പ് സോസറും ഹെയർപിൻ, ക്ലിപ്സ് തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ്.
2.	പഴം, ജാമുകൾ, കൈതച്ചക്ക, നേന്ത്രപ്പഴം. ചക്ക, മാങ്ങ
3.	പോളിത്തിൻ കവർ നിർമ്മാണം
4.	ബുക്ക് ബൈൻന്റിംഗ്, പ്രിന്റിംഗ്
5.	കറിപൗഡർ നിർമ്മാണം, റെഡിമെയ്ഡ്സ് ഗാർമെന്റ്സ്, റേഡിയോ ടി.വി. അസംബ്ലിംഗ് യൂണിറ്റ്.

ഇങ്ങിനെ അനവധി വ്യവസായങ്ങൾ തുടങ്ങാൻ സാധ്യതകളുണ്ടെങ്കിലും ജനങ്ങളിൽ ശരിയായ വ്യവസായ ബോധവൽക്കരണം ആവശ്യമാണ്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

വിഭാഗം	
നമ്പർ	ഇനം
1.	ശാസ്ത്രീയ കോഴിവളർത്തൽ
2.	മരം ഫർണിച്ചർ
3.	ആയുർവേദ മരുന്നു നിർമ്മാണം
4.	ഹവായ് ചെരുപ്പ് നിർമ്മാണം
5.	മരംകൊണ്ടുള്ള അലങ്കാര വസ്തുക്കൾ
6.	സോപ്പ് നിർമ്മാണം
7.	സോപ്പ്പൊടി നിർമ്മാണം
8.	സ്വിച്ച് ബോർഡ് നിർമ്മാണം
9.	ഇനാമൽ പെയിന്റ് നിർമ്മാണം
10.	സ്കൂൾ ബാഗ് നിർമ്മാണം
11.	കുട്ടികളുടെ കളിക്കോപ്പ് നിർമ്മാണം

വൻകിട വ്യവസായം

1. കോക്കനട്ട് സംസ്കരണം- നാളികേരം ഉപയോഗിച്ച് വിവിധ ഉല്പന്നങ്ങൾ

2. അടക്ക സംസ്കരണം

3. സ്പിന്നിംഗ് മിൽ

4. തുകൽ ഫാക്ടറി

5. എല്ല് സംസ്കരണം
6. ഓട്ടോ മൊബൈൽ സെപെയർ പാർട്സ്
7. ഇലക്ട്രോണിക്സ് സാധനങ്ങളുടെ അസംബ്ലിംഗ്
8. KEL യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക.
9. പെയിന്റ് നിർമ്മാണശാല
10. ലതർ ഷൂഷ് ചപ്പൽ നിർമ്മാണം

വൈദ്യുതി

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കുക. കാർത്തല സബ്സ്റ്റേഷൻ പണി ധ്രുതഗതിയിൽ പൂർത്തിയാക്കുക. എടരിക്കോട് ഡീസൽ ജനറേറ്റർ പദ്ധതിയുടെ പണി പൂർത്തിയാക്കി വൈദ്യുതി വിതരണം ഉടനെ ആരംഭിക്കുക.

വൈദ്യുതി സംരക്ഷണം

അമിത ഉപയോഗം ഒഴിവാക്കാനുള്ള ബോധവൽക്കരണം നടത്തുക. വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ K.S.E.B. മുൻ കൈ എടുക്കുക. P&T Act പൂർണമായി നടപ്പാക്കുക. വീടുകളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുക.

മിനിവ്യവസായ എസ്റ്റേറ്റ്:

ഒന്നാം വാർഡിലെ ചരൽമാട് പ്രദേശത്ത് ഒഴിഞ്ഞുകിടക്കുന്ന ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ് ആക്കി വ്യവസായ സംരഭകർക്ക് വാടകക്ക് കൊടുക്കുക. പുത്തനത്താണ NH 17ൽ ഉള്ള PWD സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് മാർക്കറ്റിംങ്ങ് സംവിധാനം എർപ്പെടുത്തുക.

മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ബേക്കറി
2. കോക്കനട്ട് സംസ്കരണം
3. ഭക്ഷ്യസംസ്കരണം
4. മുറുക്കാൻ പാക്ക്
5. ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ
6. പാൽ ഉൽപന്നങ്ങൾ
7. ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ
8. നോട്ട്ബുക്ക് നിർമ്മാണം
9. കശുവണ്ടി സംസ്കരണം
10. തുന്നൽ കേന്ദ്രം
11. അച്ചാർ നിർമ്മാണം
12. പട്ടുനൂൽ വ്യവസായം

നിർദ്ദേശങ്ങൾ

1. ചകിരിനാര് ഉപയോഗിച്ച് കയർ, ചവിട്ടി, ഇവ ഉണ്ടാക്കുന്നതിനുള്ള യന്ത്രവൽകൃത സംവിധാനം കൊണ്ടുവരിക.
2. വ്യവസായ സംരഭകർ പഞ്ചായത്തുമായി ബന്ധപ്പെടാൻ പരസ്യം നൽകുകയും അവർക്ക് വേണ്ട പരിശീലനവും സഹായങ്ങളും നൽകുകയും ചെയ്യുക. പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
3. കരകൗശല പരശീലനം നൽകുക
4. റെഡിമെയ്ഡ് വ്യവസായ രംഗത്ത് വിദഗ്ദ പരിശീലനം നൽകുക.
5. വ്യവസായങ്ങൾ തുടങ്ങാൻ വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.
6. ചെറുകിട വ്യവസായ സംരഭകർക്ക് സംബ്ഡിവിഷൻ നൽകുക.
7. സർക്കാർതലത്തിലുള്ള വിവിധ പദ്ധതികളെക്കുറിച്ച് പരിജ്ഞാനം ജനങ്ങൾക്ക് നല്കുക.
8. ചെറുകിട വ്യവസായികളെ നിശ്ചിതകാലത്തേക്കെങ്കിലും നികുതിയിൽനിന്ന് ഒഴിവാക്കുക.
9. തൊഴിൽ സംഘടനകളുടെ ബാഹുല്യം അന്ധമായ അവകാശ സമരങ്ങളും ഒഴിവാക്കി പ്രശ്നങ്ങളുടെ കാരണം കണ്ടെത്തുകയും പരിഹാരം കാണുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

തയ്യലിൽ വിദഗ്ദ പരിശീലനം ലഭിച്ച വനിതകളെ ഉൾപ്പെടുത്തി ഒരു Garment Factory സാധ്യമാണ്. ആവശ്യമായ മെഷ്യനുകൾ ഈ വനിതകളിൽനിന്നുതന്നെ സ്വരൂപിക്കാം. ഉൽപന്നങ്ങൾ വീടുവീടാന്തരം വിതരണം നടത്താം. ഈ പദ്ധതിവഴി പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിൽ സാധ്യതകൾ ഉണ്ട്.

പഞ്ചായത്ത് തലത്തിൽ നോട്ടുബുക്ക് നിർമ്മാണശാല ആരംഭിക്കാം. നിർമ്മിക്കുന്ന പുസ്തകങ്ങൾ പഞ്ചായത്തിലെ

തന്നെ സ്കൂളുകളിലും മറ്റും വിതരണം ചെയ്യാം. ധാരാളം വനിതകൾക്ക് ഈ മേഖലയിൽ തൊഴിൽ നേടാം. ബൈന്റിംഗ് വീടുകളിൽ നൽകി സാധാരണ കുടുംബങ്ങൾക്ക് ചെറിയ വരുമാനമാർഗമാക്കാം.

കേരള സംസ്ഥാന 'സെറികൾച്ചറി'ന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഇല്ല. മൾബറി കൃഷിയെക്കുറിച്ച് ബോധവൽക്കരണം നടത്തി പട്ടുനൂൽ കൃഷി വ്യാപകമാക്കാം. ഇടത്തരം സംരഭങ്ങൾക്ക് ജില്ലാ സെറിഫെഡ് ഒട്ടേറെ സഹായങ്ങൾ നല്കുന്നുണ്ട്.

അടുത്ത പ്രദേശമായ കുറ്റപുറത്ത് പ്രവർത്തിക്കുന്ന K.S.D.C. ഉല്പാദിപ്പിക്കുന്ന വാഷിംഗ് പൗഡറുകളും മറ്റു ഉല്പന്നങ്ങളുടെയും വിതരണം ഏറ്റെടുത്ത് താൽപര്യമുള്ള യുവാക്കളെ കമ്മീഷൻ വ്യവസ്ഥയിൽ നിയമിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോടൊപ്പം പഞ്ചായത്തിന് ചെറിയ തോതിൽ വരുമാനമുണ്ടാക്കാം.

നാം കൈകോർത്ത് നീങ്ങുകയാണെങ്കിൽ ഈ പഞ്ചായത്തിൽ വ്യാവസായിക അഭിവൃദ്ധിക്ക് വഴിതെളിയും എന്നതിൽ സംശയമില്ല. കൽപവൃക്ഷങ്ങളുടെ നാടായ കൽപഞ്ചേരിക്ക് കല്പവൃക്ഷങ്ങളിൽനിന്നുതന്നെ ഒരു വ്യവസായ പുരോഗതി ലഭിക്കും. തൊഴിൽ രഹിതരായ യുവതീയുവാക്കൾ വ്യവസായ മേഖലകളിൽ എന്ത് ത്യാഗത്തിനും തയ്യാറായി മുന്നോട്ട് വരികയും പഞ്ചായത്ത് തലത്തിൽ മതിയായ പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുകയാണെങ്കിൽ ഒരുന്നത വ്യവസായ സംസ്കാരവും സാമ്പത്തികാഭിവൃദ്ധിയും നമുക്കുണ്ടാവും. പഞ്ചായത്ത് സ്വയം പര്യാപ്തമാവുകയും, ആരോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും കൈവരും. പഞ്ചായത്ത് പുരോഗതിയുള്ള ചവിട്ടുകൾ കയറിത്തുടങ്ങും.

പഞ്ചായത്തിൽ സാധ്യതയുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾ.

1. പപ്പട നിർമ്മാണം
2. മെഴുകുതിരി നിർമ്മിക്കൽ
3. ചക്ക ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം
4. മാങ്ങ, ജാം നിർമ്മിക്കൽ

സാധ്യതകൾ

വിഭാഗം	നമ്പർ	ഇനം
ജനറൽ എസ്. എസ്. ഐ.	1.	ശാസ്ത്രീയ കോഴിവളർത്തൽ
	2.	മരം ഫർണിച്ചർ
	3.	അലങ്കാരപ്പണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
	4.	ഓട്ടോ ഇലക്ട്രിക് ഷോപ്പ്.
	5.	ആയുർവേദ മരുന്നു നിർമ്മാണം
	6.	ഹവായി ചെരിപ്പുകൾ
	7.	ലെതർ ചെരിപ്പുനിർമ്മാണം
	8.	ക്ലീനിംഗ് പൗഡർ
	9.	ഇലക്ട്രിക്കൽ ജനറൽ വർക്സ്
	10.	ത്രീവീൽ വാഹന വർക്കുഷോപ്പ്
	11.	സ്റ്റെപ്-അപ് (ഇലക്ട്രിക്) നിർമ്മാണം, എമർജൻസി ലാമ്പ്
	12.	സ്വിച്ച് ബോർഡ്
	13.	തേങ്ങാവെള്ളം കൊണ്ടു വിനാഗിരി
	14.	ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുനിർമ്മാണം
	15.	ചക്ക കൊണ്ടുള്ള ചിപ്സ് നിർമ്മാണം
	16.	അടയ്ക്കാ പാക്ക് നിർമ്മാണം
	17.	ചകിരികൊണ്ടുള്ള നിർമ്മാണം
വിഭാഗം	വനിത	
	1.	റെഡിമെയ്ഡ്സ് വസ്ത്രനിർമ്മാണം
	2.	കറിപൗഡർ നിർമ്മാണം
	3.	നോട്ടുബുക്ക്, പേപ്പർ, കവർ നിർമ്മാണം
	4.	എംബ്രോയ്ഡറി
	5.	പ്രിന്റിംഗ്, ബുക്ക് ബൈൻഡിംഗ്
വിഭാഗം	സഹകരണസംഘം ജനറൽ	
	1.	സിമന്റ് കൊണ്ടുള്ള ഇഷ്ടിക, വാതിൽ, ജനൽ, ക്ലോസ്റ്റ് നിർമ്മാണം,
	2.	പയർ, കപ്പ, നേന്ത്രവാഴ, കൃഷികൾ
	3.	കൊപ്രവ്യവസായം
	4.	പ്ലാസ്റ്റിക് കൊണ്ടുള്ള ഗൃഹോപകരണങ്ങൾ, ഫൈബർ ചെയർ മുതലായവയുടെ നിർമ്മാണം.

5(4)വിദ്യാഭ്യാസം

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ പാദസ്പർശത്താൽ അനുഗൃഹീതമായ തിരൂരിൽനിന്നും 10.കി.മീ. കിഴക്കുമാറി NH 17 ന്റെ ഓരത്ത് സ്ഥിതിചെയ്യുന്ന കല്പകഞ്ചേരി പഞ്ചായത്തിന്റെ വിദ്യഭാസ ചരിത്രം അതിന്റെ രാഷ്ട്രീയ ചരിത്രംപോലെ തന്നെ പഴമയുള്ളതാണ്. ക്രിസ്തു വർഷം 1902 ലാണ് പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് നാന്ദികുറിച്ചത്. മലബാറിലെ വിദ്യാലയങ്ങളിൽ ഒരു കാലത്ത് പാഠപുസ്തകമായിരുന്ന 'കോമളപാഠാവലി'യുടെ രചനയിൽ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകരും ഉൾപ്പെട്ടിരുന്നുവെന്നത് വിദ്യാഭ്യാസ ചരിത്രത്തിന് മാറ്റുകൂട്ടുന്നു.

മലബാർ കലാപം എന്നറിയപ്പെടുന്ന മലബാർ സമരത്തോടെ, ബ്രിട്ടീഷ് പട്ടാണത്തിന് തലവേദന സൃഷ്ടിച്ചുകൊണ്ട്, മലബാറിൽ നടന്ന ജനമുന്നേറ്റങ്ങൾ വിദ്യാഭ്യാസത്തിന്റെ അഭാവംകൊണ്ടാണെന്നും, ആ മേഖലയിൽ മാറ്റം വരുത്താൻ കഴിഞ്ഞാൽ കലാപത്തിനും സമാധാനഭഞ്ജനത്തിനും അറുതിയുണ്ടാക്കാനാവുമെന്നും മനസ്സിലാക്കിയ ഇംഗ്ലീഷുകാർ മലബാറിൽ പലയിടത്തും കൂടുതൽ വിദ്യഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഈ പഞ്ചായത്തിലും ചില സ്കൂളുകൾ ആരംഭിച്ചതായി രേഖകളിൽനിന്നും മനസ്സിലാവുന്നു. വിദ്യാലയങ്ങളിലേക്ക് കടന്നുവരാൻ മടിച്ചിരുന്ന ജനങ്ങളെ ഈ രംഗത്തേക്ക അടുപ്പിക്കാൻ ഓത്തുപള്ളികൾക്കൊപ്പമാണ് സ്കൂളുകളും നടത്തിപ്പോന്നത്.

ഒരു നൂറ്റാണ്ടോളം പഴക്കമുള്ള കല്പകഞ്ചേരിയുടെ വിദ്യഭ്യാസ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് പിന്നിൽ പ്രവർത്തിച്ച ബഹുമാന്യരായ കൊച്ചുണ്ണിമൂപ്പൻ, അഹമ്മദ് കുട്ടി മൂപ്പൻ, ബാവുണ്ണി മൂപ്പൻ, അഹമ്മദുണ്ണി മൂപ്പൻ എന്ന എം.എ. മൂപ്പൻ, കുഞ്ഞഹമ്മദുകുട്ടി മാസ്റ്റർ, കുഞ്ഞിമുഹമ്മദ് മാസ്റ്റർ, മുഹമ്മദ് മാസ്റ്റർ, കമ്മുക്കുട്ടി മാസ്റ്റർ ഒ. ചേക്കുട്ടി മാസ്റ്റർ, കുഞ്ഞിപോക്കർ മാസ്റ്റർ, തുടങ്ങിയ ഒട്ടനവധി ത്യാഗിവര്യൻമാരെ നമുക്ക് വിസ്മരിക്കാനാവില്ല.

ആദ്യകാലത്ത് പ്രൈമറി വിദ്യാഭ്യാസത്തിന് മാത്രമേ പ്രദേശത്ത് സൗകര്യമുണ്ടായിരുന്നുള്ളൂ. ഇന്ന് ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞുപോയവരുമായ നമ്മുടെ പഞ്ചായത്തിലെ മുൻഗാമികളിൽ പലരും ഏറെ ദൂരം കാൽനടയായി സഞ്ചരിച്ച് പുതിയങ്ങാടി ബോയ്സ് ഹൈസ്കൂൾ, കോട്ടയ്ക്കൽ, രാജാസ് ഹൈസ്കൂളിൽ നിന്നാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. 1958-ൽ മണ്ടായപുറത്ത് അഹമ്മദുണ്ണി മൂപ്പന്റെ നേതൃത്തതിൽ വിദ്യാഭ്യാസ പ്രവർത്തകരുടെ പരിശ്രമഫലമായി കല്പകഞ്ചേരി ഹൈസ്കൂൾ ആരംഭിക്കുന്നതുവരെ ഇവിടുത്തെ അവസ്ഥ ഇതായിരുന്നു. സംസ്ഥാനത്തുതന്നെ, കൂട്ടികളുടെ ആധിക്യം കൊണ്ട് ശ്വാസം മുട്ടുന്ന ഒരു സ്കൂളാകുമിതെന്ന് അവർ സ്വപ്നത്തിൽപോലും വിചാരിച്ചിട്ടുണ്ടാവില്ല.

അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമുക്ക് അഭിമാനിയ്ക്കാൻ ഒട്ടുവളരെ കാര്യങ്ങളുണ്ട്. മത, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ഒറ്റയ്ക്കും കൂട്ടായും ഈ രംഗത്ത് പലയിടങ്ങളിലായ് പ്രവർത്തിച്ചതായി ചരിത്രാന്വേഷണത്തിൽനിന്നും മനസ്സിലാവുന്നു. 1991- ൽ സംസ്ഥാനത്തു നടത്തിയ സമ്പൂർണ്ണ സാക്ഷരതാ നടപടിയിൽ, സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതിൽ ജില്ലയിൽ നമ്മുടെ പഞ്ചായത്ത് മുൻപന്തിയിലുണ്ടായിരുന്നു എന്നത് നമുക്ക അഭിമാനിക്കാൻ വക നല്കുന്നതാണെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനത്തിൽ ആശാവഹമായ കാര്യങ്ങൾ ചെയ്തു തീർക്കാൻ നമുക്ക് ആയില്ല എന്നത് പ്രത്യേകം ചിന്തിയ്ക്കേണ്ടതാണ്.

നമ്മുടെ ചരിത്രം ഉജ്ജ്വലമാണെങ്കിലും വർത്തമാനവും, ഭാവിയും ആശയ്ക്ക് വക നൽകുന്നതല്ലെന്നാണ് ഈ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ നാം കൈവരിച്ച പുരോഗതിയെ അപേക്ഷിച്ച് വിദ്യഭ്യാസ രംഗത്തുള്ള വളർച്ച വളരെയേറെ പിന്നിലാണെന്ന സത്യം നാം അംഗീകരിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങൾ ഓഫീസുകൾ, തുടങ്ങിയ സ്ഥാപനങ്ങളിൽ ജീവനക്കാരിൽ തദ്ദേശീയരുടെ എണ്ണം നോക്കിയാൽ പ്രസ്തുത കാര്യം കൂടുതൽ വ്യക്തമാവും.

അക്കാദമിക സൗകര്യങ്ങൾ

പട്ടിക 1

		പ്രവർത്തിക്കാത്തത്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമ പ്രോജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃസംഗമം	പി.ടി.എ. പ്രവർത്തിക്കുന്നവ
ഉള്ളത്	10	7	7	5	8	8	8	1	-	35	6	14
ഇല്ലാത്തത്	4	-	-	-	6	6	6	13	14	-	8	-

പട്ടിക 4,5 എന്നിവ സംബന്ധിച്ച് നാം ആഴത്തിൽ ആലോചിച്ചു പ്രശ്നങ്ങൾ അപഗ്രഥിയ്ക്കേണ്ടതുണ്ട്. പാദവാർഷിക പരീക്ഷ എഴുതിയ മൂന്നു മുതൽ പത്തുവരെ ക്ലാസുകളിലെ 8747 വിദ്യാർത്ഥികളിൽ 6546 പേർ 40% ത്തിനു താഴെ മാർക്ക് ലഭിച്ചവരും 2201 പേർ 40 % ത്തിനു കൂടുതൽ മാർക്കുലഭിച്ചവരും ആണെന്നത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ തകർച്ചയിലേക്ക് വിരൽചൂണ്ടുന്ന വസ്തുതകളാണ്. എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയ ശതമാനം നമ്മെ ഇരുത്തിചിന്തിപ്പിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഇതിനു കാരണമാണെന്നുള്ളത് രണ്ട് ഹൈസ്കൂളുകളുടെയും വിജയശതമാനം താരതമ്യം ചെയ്തുനോക്കുമ്പോൾ വ്യക്തമാണ്. 60 % ത്തിൽ കൂടുതൽ മാർക്ക് വാങ്ങാൻ കഴിയുന്ന കുട്ടികൾ 371 പേർ മാത്രമാണെന്നത് വളരെ വേദനാജനകമായ അവസ്ഥയാണ്.

വിദ്യാഭ്യാസ രംഗത്തെ

പ്രശ്നങ്ങൾ - പരിഹാരങ്ങൾ

ഔപചാരികവും അനൗപചാരികവുമായ വിദ്യഭ്യാസ പുരോഗതിയ്ക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

കല്പകഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം രണ്ടു ഷിഫ്റ്റായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 45ഓളം ക്ലാസമുറികൾ ഇനിയും ആവശ്യമാണ്. അതുണ്ടാക്കുന്നതിനുവേണ്ട നടപടികൾസ്വീകരിക്കുക. അല്ലെങ്കിൽ പഠനസൗകര്യവും ധാർമ്മിക അന്തരീക്ഷവും മെച്ചപ്പെടുത്തത്തക്കരീതിയിൽ ഇപ്പോഴുള്ള ഹൈസ്കൂൾ ബോയ്സ് ഹൈസ്കൂളായി നിലനിർത്തുകയും, തൊട്ടടുത്തുള്ള G.L.P. സ്കൂൾ ഗേൾസ് ഹൈസ്കൂളായി ഉയർത്തുകയും ചെയ്യുക. പ്രസ്തുത സാഹചര്യത്തിൽ ആവശ്യത്തിന് കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണം.

കൽപകഞ്ചേരി G.M.L.P.(പാലയത്ത്) സ്കൂളും, പാറപ്പുറം GMLP സ്കൂളും അപ്ഗ്രഡേഷനു പരിഗണിക്കേണ്ടതാണ്. കൂടാതെ കല്പകഞ്ചേരിയിൽ നിന്നും 21Km ദൂരംവരുന്ന പറവന്നൂർ EMALP സ്കൂളും, മഞ്ഞച്ചോല GMLP സ്കൂളും UP സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക. അയിരാനി GMLP സ്കൂളും അപ് ഗ്രേഡ് ചെയ്താൽ നല്ലതാണ്. പഞ്ചായത്തിൽ 10 എൽ.പി. സ്കൂളുകൾ ഉണ്ടെങ്കിലും U.P. വിദ്യാഭ്യാസത്തിന് നിലവിലുള്ള സൗകര്യം അപര്യാപ്തമാണ്. അതിനാൽ മേൽപറഞ്ഞ സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

പട്ടിക 2.A

വിദ്യാർത്ഥികൾ - അധ്യാപകർ

നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	മേഖല	വിദ്യാർത്ഥികൾ			അധ്യാപകർ		
				ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ
1.	G U P Sരണ്ടത്താണി	1	Govt.	569	618	1187	20	8	28
2.	അൽമനാർ H.S.	1.	Un-aid	75	74	149	5	3	8
3.	A.M.L.P.S. തോഴന്നൂർ ഈസ്റ്റ്	1	Aided	84	95	179	5	2	7
4.	G.M.L.P.S. പാറപ്പുറം.	2.	Govt.	121	125	246	3	3	6
5.	M.S.M.H.S.S. കല്ലിങ്ങൽ പറമ്പ്	3	Aided	1558	1602	3160	66	43	109
6.	C.M.A.M.L.P.S. ചിനക്കൽ	4.	"	141	127	268	7	3	10
7.	G.M.L.P.S. കല്പകഞ്ചേരി	4.	Govt	162	180	342	3	7	10
8.	G.M.L.P.S. കാനാഞ്ചേരി	5	"	85	60	145	2	3	5
9.	A.M.L.P.S. തോഴനിനൂർ വെസ്റ്റ്	5.	Aided	75	68	143	3	2	5
10.	G.M.L.P.S. മഞ്ഞച്ചോല	6	Govt	133	145	278	8	2	10
11.	G.V.H.S.S. കല്പകഞ്ചേരി	8	"	2100	1943	4043	74	54	128
12.	G.L.P.S. കല്പകഞ്ചേരി	8	"	266	226	492	7	7	13
13.	E.M.A.L.P.S. പറവന്നൂർ	11	Aided	105	122	227	4	2	6
14.	G.M.L.P.S അയിരാനി	8	Govt	241	208	449	10	3	13
	ആകെ			5715	5593	11308	217	142	359

ആൺകുട്ടികൾ % 50.57

പെൺകുട്ടികൾ % 49.43

പട്ടികജാതി വിദ്യാർത്ഥികൾ ആൺ 63, പെൺ 75

പട്ടിക -4 എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂൾ	92-93	93-94	94-95	95-96
MSMHSS കല്ലിങ്ങൽ പറമ്പ്	49	45	42	41
GVHSS കല്പകഞ്ചേരി	17	21.5	9.97	11.17

പട്ടിക-3 ഭൗതിക സാഹചര്യം

സ്കൂൾ	വിദ്യാർത്ഥികൾ	അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	ലൈബ്രറി പുസ്തകങ്ങൾ	കമ്പ്യൂട്ടർ	കമ്പ്യൂട്ടറുകൾ	ഡസ്ക്	ബെഞ്ച്
GuPS രണ്ടത്താണി	1187	28	-	-	ഉണ്ട്	ഉണ്ട്	50	20	8	100	2
അൽമനാർ H. S ചിനക്കൽ	149	8	5	2	ഉണ്ട്	ഉണ്ട്	10	5	5	10	2
GMLPS പാറപ്പുറം	246	6	1	—	—	-	15	5	3	-	2
M.S.M.H.S.S. കല്ലിങ്ങൽ പറമ്പ്	3160	107	7	4	ഉണ്ട്	ഉണ്ട്	5	10	-	5	2
CMALPS ചിനക്കൽ	268	10	1	1	ഇല്ല	ഇല്ല	40	5	2	3	-
GMLPS കാനാഞ്ചേരി	145	5	-	1	ഉണ്ട്	-	10	2	-	-	4
AMLPS തോഴന്നൂർ (w)	143	5	2	1	ഉണ്ട്	-	-	-	-	-	-
GMLPS മഞ്ഞച്ചോല	278	10	2	1	ഉണ്ട്	ഉണ്ട്	10	5	2	57	2
GLPS കല്പകഞ്ചേരി	492	14	1	1	ഉണ്ട്	-	50	4	-	100	23
GLPS അയിരാനി	449	13	-	-	-	-	18	2	1	47	2
EMALPS പറവന്നൂർ	227	6	2	1	ഉണ്ട്	-	20	8	2	20	1
AMLPS തോഴന്നൂർ ഈസ്റ്റ്	179	7	1	1	ഉണ്ട്	-	5	-	-	10	-
GMLPS കൽപകഞ്ചേരി	342	10	1	-	ഉണ്ട്	-	10	5	6	35	2
GVHSS കൽപകഞ്ചേരി	404	12	3	5	ഉണ്ട്	ഉണ്ട്	90	30	45	90	5

പട്ടിക -5 95-96 പാദവാർഷിക പരീക്ഷ

ക്ലാസ്	30% താഴെ മാർക്കുലഭിച്ചവർ	30% ന്നും 40% മിടയിൽ മാർക്കുലഭിച്ചവർ	40%ന്നും 50% ന്നും ഇടയിൽ മാർക്ക് ലഭിച്ചവർ.	50% ന്നും 60% ന്നും ഇടയിൽ മാർക്ക് ലഭിച്ചവർ.	60% ന്നു മുകളിൽ മാർക്കു ലഭിച്ചവർ.
III	166	176	154	80	79
IV	148	176	147	96	86
V	640	326	170	94	43
VI	716	494	184	107	40
VII	163	493	184	114	44
VIII	763	449	114	85	24
IX	641	403	101	62	29
X	460	327	79	59	26
	3697	2849	1133	697	371·

പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ ദൂരം പോകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ പഞ്ചായത്തിലെ 3,7,9,10 വാർഡുകളിൽ വെവ്വേറെയോ, അല്ലെങ്കിൽ 9,10, വാർഡുകളുടെ സംഗമസ്ഥലമായ തണ്ണീർച്ചാൽ പ്രദേശത്ത് നിലവിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂൾ എയിഡഡ് ആയി അംഗീകരിച്ചും 3,7,4 പ്രദേശങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ റഹ്മത്ത് നഗർ ഭാഗത്ത് ഒരു സ്കൂൾ അനുവദിച്ചു പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കേണ്ടതാണ്.

രണ്ടത്താണി GUP സ്കൂളിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ആ പ്രദേശത്തെ കുട്ടികളുടെ യാത്രാപ്രശ്നം ഒഴിവാക്കി കിട്ടുന്നതിനും കിഴക്കെപുറത്ത് ഒരു യു.പി.സ്കൂൾ അടങ്ങുന്ന ഹൈസ്കൂൾ ഹൈസ്കൂൾ അനുവദിക്കേണ്ടതാണ്. നിലവിൽ പതിനാല് വർഷത്തോളമായി പ്രവർത്തിച്ചുവരുന്ന രണ്ടത്താണി റഹ്മാനി പ്രൈമറി സ്കൂളിന് അംഗീകാരം കൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ ചില ഗവൺമെന്റ് എൽ.പി. സ്കൂളുകൾ പ്രവർത്തിയ്ക്കുന്നത് വാടക കെട്ടിടത്തിലാണ്. കെട്ടിടം ഉടമസ്ഥർ ആവശ്യമായ ഭൗതിക സാഹചര്യം ഉണ്ടാക്കികൊടുക്കുവാൻ തയ്യാറാവുന്നുമില്ല. വാടക കെട്ടിടമായതിനാൽ ഡിപ്പാർട്ട്മെന്റിനും പി.ടി.എ. കൾക്കും സാഹചര്യം വർദ്ധിപ്പിക്കാൻ വേണ്ടത് ചെയ്യാൻ നിവൃത്തിയില്ല. അങ്ങിനെ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന സ്കൂളുകൾ വിലയ്ക്ക് വാങ്ങാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്. ശ്മശാനത്തിനുസമീപം നില്ക്കുന്ന മഞ്ഞച്ചോല സ്കൂളിനു കോമ്പൗണ്ട് വാൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ആവശ്യത്തിനു വേണ്ട കക്കൂസ്, മൂത്രപ്പുര, കുടിവെള്ളസൗകര്യം എന്നിവയില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ അത് ലഭ്യമാക്കാൻ സ്കൂൾ മാനേജർമാർക്ക് നിർദ്ദേശം നൽകുകയും, ഗവൺമെന്റ് സ്കൂളുകളിൽ അതുണ്ടാക്കാൻ ഡിപ്പാർട്ട്മെന്റ് മുന്നോട്ടുവരികയും വേണം. ക്ലാസുമുറികളെ വേർതിരിക്കുന്ന ഇടച്ചുമരുകൾ നിർബന്ധമായും ഉണ്ടാവണം.

പഠന സൗകര്യങ്ങൾ എല്ലാമുള്ള സ്കൂളുകളിൽ അത് വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ള കാര്യം സൂപ്പർവിഷനുകൾക്ക് വിധേയമാക്കേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാം നടപ്പാക്കികൊണ്ടിരിക്കുന്ന DPEP/MLL പദ്ധതികൾ ഉചിതമായ രൂപത്തിൽ ഫലം ചെയ്യുന്നില്ല എന്നത് ഊന്നിപ്പറയേണ്ടതാണ്. പാഠ്യപദ്ധതികൾ ലഘൂകരിക്കുകയും പാഠപുസ്തകങ്ങൾ അദ്ധ്യനവർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കുകയും വേണം. ധാർമ്മികമായ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്ന പാഠങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തണം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആയി പരിമിതപ്പെടുത്തണം. പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരെ ക്ലാസ് ചാർജ്ജിൽനിന്ന് ഒഴിവാക്കണം. എൽ.പി. തലത്തിൽ പ്യൂൺ തസ്തികയും, യു.പി. തലത്തിൽ ക്ലാർക്ക് തസ്തികയും അനുവദിക്കേണ്ടതാണ്. AEO. DEO ഓഫീസ് മേൽനോട്ടത്തിന് AA മാരെ നിയമിച്ചുകൊണ്ട് AEOമാരെയും DEO മാരെയും സ്കൂൾ അക്കാദമിക് പ്രവർത്തനങ്ങളുടെ പരിശോധനയ്ക്കു വേണ്ടി മാറ്റിനിർത്തേണ്ടതാണ്. ജനപ്രതിനിധികൾക്കും സ്കൂൾ വിസിറ്റുചെയ്യാനും അഭിപ്രായങ്ങൾ രേഖപ്പെടുത്താനും നിയമനിർമ്മാണം ഉണ്ടാവേണ്ടതാണ്.

ഗവ: സ്കൂളുകളിലാണ് നിലവാരതകർച്ച കൂടുതലായി കണ്ടുവരുന്നത്. അതിനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു.

a. അദ്ധ്യാപകരുടെ സ്ഥലംമാറ്റങ്ങൾ
b. വിദ്യാഭ്യാസവുമായ ബന്ധമില്ലാത്ത എന്യൂമറേഷനുകൾ
c. ദീർഘകാല ലീവുകൾ
d. അദ്ധ്യയന ദിവസങ്ങൾ അവിചാരിതമായി നഷ്ടപ്പെടുന്നു.
e. അമിതമായ സിലബസ്സ്

പരിഹാരം

ആവശ്യമുള്ള സമയത്ത് അദ്ധ്യാപകരെ നിയമിക്കുകയും എന്യൂമറേഷൻ ജോലികൾ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ ഏൽപ്പിക്കുക. അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക. അദ്ധ്യാപകരുടെ ദീർഘകാല ലീവ് സമയത്ത് വേണ്ടപ്പെട്ട അദ്ധ്യാപകരെ നിയമിച്ച് പ്രശ്നം പരിഹരിക്കുക. പാഠഭാഗങ്ങൾ ലഘൂകരിക്കാനുള്ള ശ്രമം ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുക. വർഷത്തിൽ പഠിപ്പിയ്ക്കേണ്ട പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ അദ്ധ്യാപകർ ശ്രദ്ധിയ്ക്കേണ്ടതും അത് സൂപ്പർ വൈസിംഗ് ഉദ്യോഗസ്ഥർ പരിശോധിച്ചുറപ്പാക്കുകയും വേണം.

അർഹിയ്ക്കുന്ന അദ്ധ്യാപകരെ ആദരിയ്ക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനമേർപ്പെടുത്തണം. പഞ്ചായത്തുതലത്തിലുള്ള സ്കൂൾ കോപ്ലക്സുകൾ ശക്തിപ്പെടുത്തുകയും, അദ്ധ്യാപകർക്ക് അവധിക്കാല കോഴ്സുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. സ്കൂളുകളിൽ ഇംഗ്ലീഷ്, കണക്ക്, എന്നീ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾ പിന്നിൽനിൽക്കുന്നത്. അതിനു പരിഹാരമായി ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഹ്രസ്വകാല ഇൻസർവീസ് കോഴ്സുകൾ ഏർപ്പെടുത്തുകയും, അത്തരം വിഷയങ്ങളിൽ ബിരുദമെടുത്തവരെ, ആതാതു വിഷയം പഠിപ്പിക്കാൻ നിയമിക്കേണ്ടതാണ്.

മാതാപിതാക്കൾക്ക് ഒറ്റയ്ക്കും, അദ്ധ്യാപകര രക്ഷാകർതൃ സമിതി, മാതൃസംഗമം തുടങ്ങിയ വിഭാഗങ്ങൾക്കും

നമ്മുടെ വിദ്യാഭ്യാസ പുരോഗതിയിൽ നല്ലൊരു പങ്കുവഹിക്കാനാകും. ഗൾഫുകൊണ്ടോ മറ്റുള്ള സാമ്പത്തിക വളർച്ച നമുക്ക് അഭികാമ്യമാണെങ്കിലും വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് അത് ചില ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ നിയന്ത്രണമില്ലാത്ത ഉപയോഗം അതിനൊരുദാഹരണമാണ്. കൂടാതെ നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളും തരം താഴ്ന്ന പരസ്യമാധ്യമങ്ങളും നമ്മുടെ കുട്ടികളുടെ ധാർമ്മിക വളർച്ചയ്ക്ക് ദോഷം ചെയ്യുന്നുണ്ട്. സ്കൂളുകൾക്ക് സമീപത്തുള്ള കടകളിൽ മയക്കുമരുന്നുകൾക്ക് അടിമകളാകാൻ ഉതകുന്ന തരത്തിലുള്ള മിഠായികൾ കർശനമായും തടയേണ്ടതാണ്. സ്കൂൾ സമയംവും വിനോദസമയവും കഴിഞ്ഞാൽ കുട്ടികൾ പഠിയ്ക്കുന്നുണ്ടോ എന്ന കാര്യം രക്ഷിതാക്കൾ ഉറപ്പുവരുത്തേണ്ടതാണ്.

പി.ടി.എ. കളെക്കാൾ കൂടുതൽ മാതൃസംഘടനകൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മനസ്സിലാവുന്നു. മക്കളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിയ്ക്കാനുള്ള താൽപര്യം ഉണ്ടാവേണ്ടത് മാതാവിൽനിന്നാണ്. കുട്ടികളിൽ സമത്വബോധവും ഐക്യതയും രൂപപ്പെടുത്താൻ പ്രൈമറി തലം മുതലേ യൂണിഫോം സമ്പ്രദായം സാർവ്വത്രികമാക്കണം.

മാതൃസംഗമം വർഷത്തിൽ മൂന്നുപ്രാവശ്യമെങ്കിലും വിളിച്ചുചേർക്കേണ്ടതാണ്. അദ്ധ്യാപകരും രക്ഷിതാക്കളും പരസ്പരബന്ധം പുലർത്തുമ്പോൾ മാത്രമാണ് വിദ്യാർത്ഥിയുടെ പഠനകാര്യങ്ങൾ ചർച്ച ചെയ്യാനാവുക. എന്നതുകൊണ്ട് ക്ലാസ് മാതൃസംഗമങ്ങൾ വിളിച്ചുകൂട്ടുന്നത് കൂടുതൽ അഭികാമ്യം ആയിരിക്കും. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ക്ലാസ് പി.ടി.എ. വിളിച്ചു ചേർക്കണം.

പഠനകാര്യത്തിൽ വിദ്യാലയങ്ങൾ പിന്നോട്ടു പോകുന്നതുപോലെതന്നെ, കലാകായിക രംഗങ്ങളിൽ നമ്മുടെ വിദ്യാലയങ്ങൾ വളരെ പിന്നിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലാ-സംസ്ഥാന ദേശീയ രംഗത്തൊന്നും തന്നെ നമ്മുടെ കുട്ടികൾക്ക് എത്തിപ്പെടാൻ ആയിട്ടില്ല. സ്കൂൾ സയൻസ് ക്ലബ്കുളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. സാഹിത്യ സമാജം സംഘടിപ്പിക്കണം. സ്പോർട്സിനു കൂടുതൽ പരിശീലനം നൽകാൻ സമയം കണ്ടെത്തണം. പ്രൈമറി വിദ്യാലയങ്ങൾക്ക് പഞ്ചായത്ത് കോംപ്ലക്സ് തലത്തിൽ കലാ-സാഹിത്യ-സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കുകയും, വിജയികളെ ആദരിയ്ക്കുകയും വേണം.

പി.ടി.എ.കൾ മുൻകയ്യെടുത്ത് സ്കൂൾതലത്തിൽ ക്ലാസടിസ്ഥാനത്തിൽ തന്നെ ഓരോ രംഗത്തും മുന്നിൽ നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ അവാർഡുകളേർപ്പെടുത്തണം. പൊതുപരീക്ഷയിൽ കൂടുതൽമാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പഞ്ചായത്തിൽനിന്ന് അവാർഡുകൾ നൽകുന്നുണ്ട്. അത് വിപുലപ്പെടുത്തണം.

സങ്കീർണ്ണമായ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കി മാറ്റുന്നതിന് പഞ്ചായത്തുതലത്തിൽ സിമ്പോസിയങ്ങളും സെമിനാറുകളും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.

പ്രൈമറി സ്കൂളുകൾ പ്രത്യേകിച്ചും എല്ലാതലത്തിലും പൊതുവായും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാലും തസ്തിക സൃഷ്ടിക്കാത്തിനാലും ആഴ്ചയിൽ അഞ്ച് പിരീഡിലധികം കുട്ടികൾക്ക് പഠനമില്ലാത്ത അവസ്ഥ ഉണ്ടാക്കുന്നതുകൊണ്ട്, അച്ചടക്ക രാഹിത്യത്തിന് വഴിയൊരുക്കികൊടുക്കുന്നു എന്നതാണ് വാസ്തവം. ആയതിനാൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ പൂർത്തിയാക്കിയോ, നിലവിലുള്ള അദ്ധ്യാപകരിൽ ഓരോ രംഗത്തും വാസനയുള്ളവരെ തിരഞ്ഞെടുത്ത് പ്രത്യേക കോഴ്സുകൾ നൽകി ഉത്തരവാദിത്വപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

യഥാർത്ഥത്തിൽ വിദ്യാഭ്യാസരംഗത്തെ നിലവാരതകർച്ചയുടെ തുടക്കം പ്രീപ്രൈമറി തലത്തിൽ നിന്നാണ് തുടങ്ങുന്നത്. അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്ന നഴ്സറികൾ, അംഗൻ വാടികൾ തുടങ്ങിയവയെല്ലാം സമഗ്രമായി വിശകലനം ചെയ്യേണ്ടതാണ്.

അക്ഷരജ്ഞാനത്തിനും സംഖ്യാബോധനത്തിനും പാകമല്ലാത്ത അവസ്ഥയിൽ തന്നെ, കുട്ടികളെ ശാരീരികയും മാനസികമായും പീഡിപ്പിക്കുന്ന രീതിയിലുള്ള പാഠ്യപദ്ധതികളും, അദ്ധ്യയന സമ്പ്രദായങ്ങളും തികച്ചും അശാസ്ത്രീയമാണ്.

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസസമ്പ്രദായത്തിനോട് രക്ഷിതാക്കൾക്കുള്ള് അമിതമായ ഭ്രമം വളരെയധികം ദോഷം ചെയ്യും. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ ഒരു ബോധവൽക്കരണം ആവശ്യമാണ്.

അതുപോലെ തന്നെ, അംഗൻവാടികളുടെ കാര്യക്ഷമമായ നടത്തിപ്പ് വളരെയേറെ ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, പഠന ഉപകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ ഇവയെല്ലാം തന്നെ ഉറപ്പുവരുത്തണം. അദ്ധ്യാപികമാർക്ക് സമയാസമയങ്ങളിൽ പുനഃപരിശീലനവും ആവശ്യമാണ്.

ചുരുക്കത്തിൽ, കുട്ടികളുടെ കുട്ടിക്കാലം നഷ്ടപ്പെടുത്താതെ അറിയേണ്ടത് അറിഞ്ഞും കാണേണ്ടത് കണ്ടും, മനസ്സിലാക്കി വളരാൻ അവരെ അനുവദിക്കണം.

ദേശീയ ദിനാചരണങ്ങൾ കാര്യക്ഷമമാക്കണമെങ്കിൽ അവ അവധി ദിവസങ്ങളാണെന്ന ചിന്ത ഒഴിവാക്കി ദേശീയ ബോധവും മഹാന്മാരെ ഓർമ്മിയ്ക്കാനും അവരുടെ പാത പിൻതുടരാനും കുരുന്നു ഹൃദയങ്ങളെ തരപ്പെടുത്തുന്നതിനും സ്കൂൾതലത്തിൽ അവസരങ്ങൾ ഉണ്ടാക്കണം.

കല്പകഞ്ചേരി സ്കൂളിലെ വൊക്കേഷണൽ കോഴ്സും, ബാഫക്കി യത്തീംഖാന ITCയുമാണ്. പഞ്ചായത്തിലെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ഹൈസ്കൂളിലെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ഹൈസ്കൂളിലെ ക്ലാസു

കൾക്കുള്ള അദ്ധ്യാപകന്മാരുടെ അഭാവവും മറ്റു സാഹചര്യക്കുറവും കാരണം ചത്തതിനൊക്കുമെ ജീവിച്ചിരിക്കലും എന്ന അസ്ഥയാണിന്നുള്ളത്. ആവശ്യത്തിനുള്ള സൗകര്യവും അദ്ധ്യാപകരെ ലഭ്യമാക്കാൻ വേണ്ട നടപടികളും ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തു പ്രദേശത്തുനിന്നും തൊഴിലധിഷ്ഠിത കോഴ്സുകൾ തേടി അന്യദിക്കുകളിൽ പോകുന്നവർ നിരവധിആണ്. ആ മേഖലയുടെ വികസനത്തിനും പഞ്ചായത്തു തലത്തിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ ഉള്ള ഒരു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതാണ്. വളാഞ്ചേരി MES. കോളേജും പറവണ്ണ തുഞ്ചൻ മെമ്മോറിയൽ കോളേജുമാണ്. പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ കുറേ പേരെയെങ്കിലും ഉയർന്ന വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത്.

രണ്ടത്താണിയിൽ 'ഐഡിയൽ' പ്രീ പ്രൈമറിടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരംഗീകൃത സ്ഥാപനം പ്രവർത്തിയ്ക്കുന്നു. അവിടെ 18 കുട്ടികൾ പഠിയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ 2,8,10 വാർഡൊഴിച്ച് എല്ലാ വാർഡുകളിലും അംഗൻവാടികൾ അപര്യാപ്തമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ കടുങ്ങാത്തുകുണ്ട്, ഉമ്മർപടി, രണ്ടത്താണി എന്നിവിടങ്ങളിൽ നഴ്സറി, സ്കൂളുകളും പ്രവർത്തിയ്ക്കുന്നുണ്ട്. എല്ലാ വാർഡുകളിലും എൽ.പി. സ്കൂളുകളോടൊപ്പം പ്രീ.പൈമറി തുടങ്ങാൻ സംവിധാനം ഉണ്ടാക്കുന്നത് ന നന്നായിരിക്കും. ടീച്ചേഴ്സ് ട്രെയിനിംഗിൽ പ്രത്യേകിച്ച് നമ്മുടെ ജില്ലയിൽ തന്നെയുള്ള സൗകര്യങ്ങൾ പരിമിതമാണ്. വിദ്യാർത്ഥികൾ അധികവും തെക്കൻ ജില്ലകളെയാണ് ഇതിനാശ്രയിക്കുന്നത്. ആയതിനാൽ ഗവൺമെന്റ് തലത്തിലോ, എയ്ഡഡ് തലത്തിലോ ഈ കോഴ്സുകൾ പഠിപ്പിക്കാൻ വേണ്ട സ്കൂളുകൾ പഞ്ചായത്തിലോ, അടുത്ത പ്രദേശങ്ങളിലോ സ്ഥാപിക്കാൻ നടപടികളുണ്ടാകണം.

സ്കൂളുകളിൽ പോകുന്ന കുട്ടികളെ കൂടുതൽ ശ്രദ്ധിയ്ക്കുന്നതിന്റെ ഭാഗമായി രണ്ടത്താണിയിലൊരു ബോർഡിംഗ് സ്കൂളും കടുങ്ങാത്തു കുണ്ടിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ട്യൂഷ്യൻ സെന്ററും ഉണ്ട്. അതോടനുബന്ധിച്ച് ഒരു ഹിന്ദികോളേജും പ്രവർത്തിയ്ക്കുന്നുണ്ട്. മാസംതോറും വലിയ ഫീസുനൽകി ട്യൂഷ്യനു പറഞ്ഞയക്കാൻ എല്ലാ രക്ഷിതാക്കൾക്കും സാദ്ധ്യമല്ലാത്തതുകൊണ്ടും ശേഷികുറഞ്ഞവർ പിൻതള്ളപ്പെട്ടുപോകുന്നു. അതുകൊണ്ട് അവധിദിവസങ്ങളിൽ സേവന തൽപരതയോടെ അത്തരം കുട്ടികളെ മുന്നോട്ടുകൊണ്ടുവരുന്നതിനു അധ്യാപകർക്ക് ശ്രമിക്കാവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നിൽ കൂടുതൽ മദ്രസ്സകൾ പ്രവർത്തിയ്ക്കുന്നു. അവർ പത്തുമണിമുതൽ ഒഴിഞ്ഞു കിടക്കുകയാണ്. സന്നദ്ധ സംഘടനകളും മദ്രസ കമ്മിറ്റികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമ്മുടെ കുട്ടികൾക്ക് ട്യൂഷ്യൻ നൽകാൻ ആ സ്ഥാപനങ്ങൾ വഴി സാധിയ്ക്കും. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പരിശീലനം നൽകുന്നതിന് പ്രാപ്തരായ മദ്രസ്സാ അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നതിനും, മതപഠന സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതിനും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന സ്കീമുകൾ പഞ്ചായത്തു പ്രദേശത്ത് നടപ്പിലാക്കി കിട്ടാൻ നടപടികൾവേണം.

തുടർസാക്ഷരതാ പ്രവർത്തനത്തിൽ നമ്മൾ വേണ്ടത്ര മുന്നിലല്ല. എല്ലാ വാർഡുകളിലും രണ്ടു കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അവിടെ വായനശാലകൾ തുടങ്ങേണ്ടതും ടെലിവിഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ലൈബ്രറികളുടെ ചാർജ് നോക്കാൻ പ്രതിഫലം നിശ്ചയിച്ച് യോഗ്യതയുള്ളവരെ നിയമിക്കുകയും, തുടർസാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കാൻ അവരെ ചുമതലപ്പെടുത്തുകയും ആവാം. ഒഴിഞ്ഞു കിടക്കുന്ന മദ്രസ്സാ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി പ്രതിഫലം നിശ്ചയിച്ചു താൽപര്യവും, കഴിവും ഉള്ള മദ്രസ്സാ അദ്ധ്യാപകരെയോ, സന്നദ്ധസംഘടനകളെയോ ഉത്തരവാദപ്പെടുത്താം.

കുറഞ്ഞമാർക്കോടെയാണെങ്കിലും എസ്.എസ്.എൽ.സി. പഠനം പൂർത്തിയാക്കുന്ന നമ്മുടെ കുട്ടികൾക്ക് അനുയോജ്യമായ കോഴ്സുകളിൽ ചേർന്നുപഠിയ്ക്കുവാൻ സൗകര്യങ്ങൾ കുറവാണെങ്കിലും ഉചിതമായ കോഴ്സുകൾ കണ്ടെത്താൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സന്നദ്ധസംഘടനകൾ മുന്നിട്ടിറങ്ങുകയോ ഗ്രാമപഞ്ചായത്ത് നേരിട്ടോ ഗൈഡൻ ക്ലാസുകൾ സംഘടിപ്പിയ്ക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരികനിലയത്തിലെ ലൈബ്രറി, റഫറൻസ് ലൈബ്രറികളായി മാറണം.

കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകൾ മറ്റു പഠനോപകരണങ്ങൾ എന്നിവ നിർമ്മിയ്ക്കുന്നതിനും അവരെ തന്നെ പ്രാപ്തരാക്കുന്നതിന് അഞ്ചാം ക്ലാസുമുതൽ പരിശീലനം നൽകുന്നതിന് കഴിയുമോ എന്നു പരിശോധിയ്ക്കേണ്ടതാണ്.

ഭാവിതലമുറയുടെ ശോഭനമായ വളർച്ചയ്ക്ക് അവരെ സജ്ജമാക്കേണ്ടത് സമൂഹത്തിന്റെ ബാദ്ധ്യതയാണ്. ബുദ്ധിപരമായ കാര്യത്തിൽ നമ്മുടെ കുട്ടികൾ ഒട്ടും പിന്നിലല്ല. മാതാപിതാക്കളുടെ അജ്ഞതയും, അശ്രദ്ധയും അദ്ധ്യാപകരുടെ ആത്മാർത്ഥതകുറവും ഡിപ്പാർട്ടുമെന്റിന്റെ വികലമായ നയവും ആണ് നമ്മുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസമേഖലയിൽ നിന്നും പിൻതള്ളപ്പെട്ടു പോകാനുള്ള കാരണമെന്ന് നമുക്കനുമാനിക്കാം. കൂട്ടായ്മയോടെ അത് പറയാനും പരിഹരിക്കാനും നമുക്ക് കഴിയണം.

വിദ്യാർത്ഥികൾക്കായി കോമള പാഠാവലിയിലെ ഒരു പാഠ്യശകലം ഉദ്ധരിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ടവസാനിപ്പിക്കുന്നു.

"നേരത്തെ കിടക്കുവിൻ നേരത്തെഴുന്നേൽപ്പിൻ
നേരറ്റനേരത്തൊന്നും കിടന്നീടരുതാരും
മടിയൻ മാത്രമേ കിടപ്പൂ പുലർച്ചയിൽ,
ചൊടിയിൽ പ്രവേശിയ്ക്കും കാര്യത്തിൽ മിടുക്കൻമാർ"

കുടിവെള്ളവും പൊതുജനാരോഗ്യവും

"വെള്ളം വെള്ളം സർവത്ര

തുള്ളി കുടിപ്പാനില്ലത്രേ"

എന്ന രീതിയിലാണ് കൽപകഞ്ചേരി പഞ്ചായത്തിന്റെ അവസ്ഥ. ജലം ധാരാളം ലഭ്യമായിരുന്ന മേഖലയാണ് കൽപകഞ്ചേരി പഞ്ചായത്ത്. വർഷകാലത്ത് റോഡുകൾ തോടുകളാവുകയും വേനൽക്കാലത്ത് രൂക്ഷമായ ജലദൗർലഭ്യങ്ങൾ നേരിടുകയും ചെയ്യുന്ന പ്രദേശമാണിത്. സ്ഥലനാമങ്ങൾ പോലും ചോലയുമായോ നീരുമായോ ബന്ധപ്പെട്ടിരിക്കുന്നു. കുന്നുകൾ താഴ്ത്തി റോഡുകൾ നിർമ്മിക്കുകയും വയലുകൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുകയും നിലവിലുണ്ടായിരുന്ന കുളങ്ങൾ ഉപയോഗശൂന്യമായി നികന്നു കിടക്കുകയും ചെയ്യുന്നത് കൊണ്ടും വർഷകാലത്തെ ജലം ശരിയായ രീതിയിൽ കെട്ടിനിർത്താനോ, ഭൂമിയിൽ താഴ്ത്താനോ, മിനക്കെടാത്തതുകൊണ്ട് വളരെയേറെ ജലം ഒഴുകിപ്പോവുകയാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. പത്തു ശതമാനത്തിൽ താഴെ മാത്രമേ പൈപ്പുവെള്ളത്തെ ആശ്രയിക്കുന്നുള്ളൂ. വേനൽക്കാലത്തെ ജലദൗർലഭ്യം വളരെ രൂക്ഷമായതിനാൽ ജനങ്ങൾക്ക് രണ്ട് കിലോമീറ്ററിലധികം ജലമന്വേഷിച്ചു പോകേണ്ടിവരുന്നത് സ്ഥിരം കാഴ്ചയാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളനുസരിച്ച് കുന്നിൻ പ്രദേശങ്ങളധികമുള്ളതിനാൽ ജല ദൗർലഭ്യങ്ങളെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ.

കേരളാ വാട്ടർ അതോറിറ്റിയുടെ നലവിലുള്ള വാട്ടർ ടാങ്കുകളും, പൈപ്പ് ലൈനുകളും പ്രവർത്തന ക്ഷമതയുള്ളതല്ല. എന്നുമാത്രമല്ല, ആവശ്യം വേണ്ട സ്ഥലങ്ങളിൽ പൈപ്പ് ലൈനുകളോ മറ്റു ജലസേചന സൗകര്യങ്ങളോ ഇല്ല. ഇപ്പോൾ നിലവിലുള്ള വാട്ടർ ടാങ്കുകളുടെ എണ്ണം ഒന്ന് ആണ്"

22 പൊതുടാപ്പുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ ജനസംഖ്യയുടെ 65% ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിൽ 3879 കിണറുകൾ ഉണ്ടെങ്കിലും 675 കിണറുകൾ വെള്ളമില്ലാത്തവയാണ്. 44 കുഴൽകിണറുകളുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല.

ശുദ്ധജലസ്രോതസ്സുകളുടെ വിവരം

(പട്ടിക രൂപത്തിൽ) പട്ടിക -1

കിണറുകൾ		പൊതുകിണറുകൾ		സ്വകാര്യ കിണറുകൾ		കുഴൽകിണറുകൾ	മൊത്തം കിണറുകൾ
വെള്ളമുള്ളത്		വെള്ളമില്ലാത്ത്		വെള്ളമില്ലാത്തത്	വെള്ളമുള്ളത്		
10		8		3137	675	44	3879

പട്ടിക 2

KWA പദ്ധതികൾ

സ്ഥലം	മറ്റു കണക്ഷൻ	ആകെ,	മൊത്തം ടാപ്പുകൾ	സ്വകാര്യകിണറുകൾ	ആകെ
കൽപകഞ്ചേരി മണ്ടായപ്പുറം പടി	ഇല്ല	2	20	ഇല്ല	22

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ ജലദൗർലഭ്യം നേരിടുന്നതിനാൽ വിശേഷാൽ ഗ്രാമ സഭകളിൽ വളരെയേറെ ചർച്ചയ്ക്ക് ഈ വിഷയം പാത്രീഭൂതമായി. ചർച്ചചെയ്യപ്പെട്ട പ്രശ്ന ബാധിത സ്ഥലങ്ങളും പരിഹാരങ്ങളും സൂക്ഷ്മ വിശകലനത്തിനായി താഴെ ചേർത്തിരി

കുടിവെള്ള പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക 3

വാർഡ്	പ്രശ്ന പ്രദേശം	നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗം
1.	രണ്ടത്താണി കാഞ്ഞിരത്തടം, മൂച്ചിക്കുഴി പി.ടി.ബസാർ, ആയുർവേദ ആശുപത്രി പരിസരം.	വാർഡിൽ വെള്ളം ലഭ്യമാക്കുന്ന കിണറുകൾ ഉപയോഗപ്പെടുത്തി പൊതുജല വിതരണസമ്പ്രദായം ആവിഷ്കരിക്കുക.മിനി വാട്ടർ സ്കീം സ്ഥാപിക്കുകയും പൈപ്പ് ലൈൻ ഇടുകയും ചെയ്യുക.(ചെറുശ്ശാല പള്ളി, മുതുപറമ്പ്, കിഴക്കേപുറം എന്നീ ഭാഗങ്ങളുൾപ്പെടുത്തി.)
2.	വാര്യത്ത് പാറപ്പുറം കണ്ടം ചിന	മിനിവാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുകയും പൈപ്പ ലൈനുകൾ ഇടുകയും ചെയ്യുക. പൊതുകിണർ സ്ഥാപിക്കുക.
3.	കല്ലിങ്ങൽപ്പറമ്പ് മാലപ്പറമ്പ്, കാളിയാട്, വരമ്പിക്കൽ	കുഴൽ കിണർ സ്ഥാപിക്കുക.

4.	ചിറ്റാണി മുതുപറമ്പ്,ചിനക്കൽ. വാര്യത്ത്, കാനാഞ്ചേരി, തലാപറമ്പ്, ചേക്കുംപെട്ടിപ്പടി, ചിനാംപടി.	കാനാഞ്ചേരി, മുതുപറമ്പ്, പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മിനി വാട്ടർസപ്ലൈ സ്കീം ആരംഭിക്കുക.നിലവിലുള്ള കുഴൽകിണറുകൾ പ്രയോജനപ്പെടുത്തി ഇത് സാധ്യമാക്കുക.
5.	കാനാഞ്ചേരി, കരിനിരപ്പ്, കണക്കാംകുന്ന്, പൊരിയാട്, താവളംചിന	പ്രസ്തുത സ്ഥലങ്ങളിലെ കുഴൽകിണറുകൾ യോജിപ്പിച്ച് മിനിവാട്ടർ സ്കീം നടപ്പാക്കുക. കണക്കാം കുന്ന്, കെ.പി.പി.ടി. അതിരുമട, പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുക നിലവിലുള്ള കുഴൽകിണറുകൾ ശുചിയാക്കി ജലവിതരണം ത്വരിതപ്പെടുത്തുക.
6.	CH റോഡ്, നൊട്ടപ്പുറം, മണ്ണാർപടിക്കുന്നത്ത്, തവളംചിന, പാറാംകുളം, പൊറ്റേത്തുപടി, ചൗടിക്കുന്ന്, ചെരുവിൽകുളമ്പ്, അതിരുമട, മഞ്ഞച്ചോല, കുന്നക്കാട്ടു കുളമ്പ്	കല്പകഞ്ചേരി,പൊറ്റേത്തപ്പടിയിൽ നിന്നും മഞ്ഞച്ചോല ഭാഗത്തേക്ക് പോകുന്ന നിലവിലുള്ള പൈപ്പ് ലൈൻ കാര്യക്ഷമമാക്കി, മഞ്ഞച്ചോല എൽ.പി. സ്കൂൾവരെ പൈപ്പ് ലൈൻ നീട്ടുകയും മഞ്ഞച്ചോല റോഡിൽനിന്നും പാറാംകുളം വരെ പൈപ്പ് ലൈൻ നീട്ടുകയും, കല്പകഞ്ചേരി അങ്ങാടിയിൽനിന്നും തോട്ടായി ഭാഗത്തേക്ക് പോകുന്ന പൈപ്പ്ലൈൻ തോട്ടായി മദ്രസ വരെ നീട്ടി പ്രവർത്തനക്ഷമമാക്കുക. അതിരുമട കേന്ദ്രമാക്കി വാട്ടർടാങ്ക് സ്ഥാപിച്ച് ജലവിതരണം ലഭ്യമാക്കുക. മണ്ണാർപടിയിലുള്ള കുഴൽകിണർ മെച്ചപ്പെടുത്തി, നൊട്ടപ്പുറംകുന്നത്ത് ഒരു ടാങ്ക് സ്ഥാപിച്ച് ജലവിതരണം പ്രസ്തുത ഭാഗങ്ങളിൽ ലഭ്യമാക്കുക. മറ്റു പ്രദേശങ്ങളിൽ നാലു കുഴൽകിണറുകളും, നാലു കുഴികിണറുകളും സ്ഥാപിക്കുക.
7.	മേലങ്ങാടി, തോട്ടായി റോഡ്, മാമ്പനെച്ചിക്കുണ്ട്, തയ്യിൽ മേഖല, ഇറച്ചിക്കുന്ന്, ചാലിക്കുന്ന്, മീമുട്ടിപാറ.	ഈ പ്രദേശത്തെ വലിയ ജലാശയമായ തേവർകുളത്തിനടുത്ത് ജലവിതരണത്തിന് അനുവദിച്ച കിണറിൽനിന്നും വെള്ളം ജലസംഭരണിവഴി പ്രസ്തുത സ്ഥലങ്ങളിൽ വിതരണം ചെയ്യുക.കുഴൽകിണർ സ്ഥാപിച്ച്, ജല ദൗർബല്യമുള്ള സ്ഥലങ്ങളിൽ മിനിവാട്ടർ സ്കീം വഴി ജലം വിതരണം ചെയ്യുക.
8.	കൽകഞ്ചേരി അങ്ങാടി മാമ്പ, നടയാൽ പറമ്പ്, മേലങ്ങാടി	എട്ടാം വാർഡിലെ അമ്പലക്കുളവും വറ്റിപ്പോയ പൊതുകുഴിയും പുനരുദ്ധരിപ്പിച്ച് വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ജലവിതരണം ലഭ്യമാക്കാവുന്നതാണ്.
9.	തണ്ണീർച്ചാൽ, ചെട്ടിയാർ കുന്ന്, പുത്തനത്താണി പള്ളിക്ക് സമീപം.	കല്ലിങ്ങൽ തണ്ണീർച്ചാൽ പ്രദേശത്ത് കുഴൽകിണർ സ്ഥാപിച്ച് ജലസംഭരണി വഴി പ്രസ്തുത പ്രദേശങ്ങളിൽ ജലവിതരണം നടത്തുക. KEL സംഭാവനചെയ്ത് ടാങ്കിലേക്ക് വെള്ളം കയറ്റി ജലവിതരണം സാധ്യമാക്കുക. ചെട്ടിയാർകുന്ന്, ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടുക, ർ കുന്ന്, പുത്തനത്താണി, എന്നിവിടങ്ങളിൽ PWD സ്ഥലത്ത് ഓരോ കുഴൽകിണർ സ്ഥാപിക്കുക.
10.	തണ്ണീർചാൽ കോളനി, രണ്ടാൽ കോളനി, നെല്ലിക്കുന്ന്, ഹോമിയോ ഡിസ്പൻസറി.	കോളനി ഭാഗത്ത് മിനി വാട്ടർ സ്കീം വഴി ജലവിതരണം ലഭ്യമാക്കുക. നിലവിലുള്ള കിണറുകൾ നന്നാക്കുക, കുഴൽകിണറുകൾ, കുഴികിണറുകൾ എന്നിവ സ്ഥാപിക്കുക. നെല്ലിക്കുന്ന്, പ്രദേശത്ത് പൊതു വാട്ടർ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻവഴി ജലവിതരണം ലഭ്യമാക്കുക.
11.	ചെരിപ്പാറക്കുന്ന്, കിഴക്കേപാറ ഭാഗം.	വാട്ടർ അതോറിറ്റി 'റഫ് എസ്റ്റിമേറ്റ്' തയ്യാറാക്കിയ അമ്പലക്കുളം മിനി വാട്ടർസ്കീം ത്വരിത ഗതിയിൽ നടപ്പാക്കണം. കിഴക്കേപാറ ഭാഗത്ത് കുഴൽ കിണർ സ്ഥാപിച്ച് പൈപ്പ്ലൈൻ വഴി ബാവപ്പടി ഹാജിയാർപടി റോഡ്. ചാത്തൻകുന്ന്, പുതുക്കുഴി നിലം റോഡ് എന്നിവിടങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാവുന്നതാണ്. തിരുന്നാവായ അഡ്ജോയിന്റ് സ്കീം നടപ്പാക്കുക. കിണർ കുഴിക്കാൻ കഴിയാത്ത നിർധനർക്ക് സാമ്പത്തിക സഹായ ലഭ്യമാക്കുക. ചാത്തൻ കുന്ന്, പന്താവൂർ, ഭാഗത്ത് കുഴൽ കിണർ സ്ഥാപിക്കുക.

ക്കുന്നു.

ഇതിലേക്ക് പരമ്പരാഗത ജലസ്രോതസ്സുകളും മറ്റു സാങ്കേതിക മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്താം.

അതോടൊപ്പം, മേൽത്തരക്കാരെയും, ഇടത്തരക്കാരെയും ഉദ്ദേശിച്ച് ജലവിതരണ സംവിധാനം ഏർപ്പെടുത്തി സ്വകാര്യ കണക്ഷനുകൾ നൽകുന്നത് വഴി പഞ്ചായത്തിലേക്ക് ഒരു പരിധിവരെ വരുമാനമാർഗ്ഗം ലഭ്യമാക്കാൻ കഴിയും. ഇതിലേക്ക് 'Own your water supply connection' എന്നൊരു പദ്ധതിയാവിഷ്കരിച്ച് പദ്ധതിക്കുവേണ്ട വിഭവസമാഹരണം നടത്താവുന്നതാണ്.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

കൽപകഞ്ചേരി പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുകയാണെങ്കിൽ ഈ പ്രദേശം കുന്നുകളാലും താഴ്വരകളാലും സമൃദ്ധമാണ്. വർഷകാലത്തുണ്ടാകുന്ന നീരൊഴുക്കു തടയാൻ പ്രദേശത്തെ ഗ്രാമസഭകളുടെ നേതൃത്വത്തിൽ, സന്നദ്ധസംഘടനകളുടെ സഹായത്താലോ, വ്യക്തികളുടെ ശ്രമങ്ങളാലോ ചെക്ക് ഡാമുകൾ നിർമ്മിക്കുക. ഭൂമിയിൽ ജലം സംഭരിക്കുന്നതിന് നീർകുഴികൾ ഉണ്ടാക്കാവുന്നതാണ്. പൊട്ടക്കിണർ വഴിയും ജലം സംഭരിക്കാം. തോടുകളിൽ ചെറിയ ചെറിയ ബണ്ടുകൾ സ്ഥാപിച്ചും ജലം സംഭരിക്കാൻ കഴിയും. ഇതിനെല്ലാം ശരിയായ ബോധവൽക്കരണം വളരെ അനിവാര്യമാണ്.

പ്രായോഗിക നിർദ്ദേശങ്ങൾ

മേൽ പ്രതിപാദിച്ച കാര്യങ്ങൾ സവിസ്തരം പരിശോധിച്ചാൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ ജലക്ഷാമമുണ്ടെന്ന് കാണാവുന്നതാണ്. ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങൾ തെരഞ്ഞെടുത്ത് ജല സംഭരണികൾ സ്ഥാപിക്കുകയും പരമാവധി ഭൂഗർഭജലം ശേഖരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം (പമ്പുഹൗസുകൾ സ്ഥാപിക്കുക.) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലവിതരണപദ്ധതി പരമാവധി പ്രയോജപ്പെടുത്തേണ്ടതുമുണ്ട്. നിലവിലുള്ള പഞ്ചായത്ത് മേഖലയെ നാലായി തിരിച്ചുകൊണ്ട് ജലവിതരണക്രമം പുനഃസംവിധാനം ചെയ്യാം. അതിന് താഴെ പറയുന്ന കേന്ദ്രങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പുത്തനത്താണി റിസർവോയർ

   ഈ പ്രദേശത്തെ താരതമ്യേന ഉയർന്ന സ്ഥലമായ പുത്തനത്താണിയിൽ റിസർവോയർ സ്ഥാപിക്കുന്നതു വഴി 10, 9, 6 എന്നീ വാർഡുകളിൽ ഇതിന്റെ പ്രയോജനം ലഭ്യമാകും.

2. ചാലിക്കുന്ന്-റിസർവോയർ

   ഇതിന്റെ സേവനം 7, 8, 11 എന്നീ വാർഡുകളിൽ ജലവിതരണത്തിന് ലഭ്യമാക്കാം.

3. ചെറുശോല-റിസർവോയർ

   ഈ റിസർവോയറിന്റെ പ്രവർത്തനം വഴി 2, 3 എന്നീ വാർഡുകളിൽ ജലവിതരണം നടത്താൻ കഴിയും.

4. രണ്ടത്താണി റിസർവോയർ

   ഈ റിസർവോയറിൽനിന്നും 1,4 5 എന്നീ വാർഡുകളിലേക്ക് ജലമെത്തിക്കാം.

മേൽപറഞ്ഞതുകൂടാതെ, കൽപകഞ്ചേരിയിൽ നിലവിലുള്ള പമ്പ്ഹൗസ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ആരോഗ്യം

'രണ്ടായിരാമാണ്ടോടെ ഏവർക്കും ആരോഗ്യം' എന്നതാണല്ലോ ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം. ലക്ഷ്യപൂർത്തീകരണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വളരെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഈ ലക്ഷ്യം നിറവേറണമെങ്കിൽ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ആദ്യകാലങ്ങളിൽ പാരമ്പര്യ ചികിത്സാ മുറകളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നതെങ്കിൽ ഇന്ന് ആധുനിക ചികിത്സ തേടുന്നവരുടെ എണ്ണം വളരെയേറെയാണ്. സർക്കാർ ഉടമയിൽ കിടത്തിചികിത്സ ലഭ്യമായ ഒരു ആയുർവ്വേദ ആശുപത്രിയടക്കം മൂന്ന് ആരോഗ്യ സ്ഥാപനങ്ങളും മൂന്ന് ഐ.പി.പി. ഉപകേന്ദ്രങ്ങളും സ്വകാര്യമേഖലയിൽ മൂന്ന് ആശുപത്രികളും ഈ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. ആരോഗ്യ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ഓരോ ഗ്രാമസഭയിലും വളരെ ശക്തവും ഫലപ്രദവുമായ ചർച്ചകൾ നടക്കുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി.

സ്ഥാപനവും സേവനവും

1. പ്രാഥമികാരോഗ്യകേന്ദ്ര -1
2. ആയുർവ്വേദ ആശുപത്രി -1
3. ഹോമിയോ ഡിസ്പെൻസറി -1
4. സബ് സെന്ററുകൾ -3

നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്ക്

പട്ടിക -1

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	വാർഡ്	സ്ഥലം	ജീവനക്കാരുടെ എണ്ണം	കെട്ടിടം	സേവനം	പ്രവർത്തനം
1	പ്രാഥമികാരോഗ്യ കേന്ദ്രം	24- 03- 96	I	രണ്ടത്താണി (തോഴന്നൂർ)	8	സ്വന്തമല്ല	അലോപ്പതി ചികിത്സ	തൃപ്തികരം
2	ഗവ. ആയുർവ്വേദ ആശുപത്രി	30- 3- 79	II	തോഴന്നൂർ (ചിനയ്ക്കൽ)	8	സ്വന്തമാണ്	ആയുർവ്വേദം കിടത്തി ചികിത്സ	തൃപ്തികരം
3	ഗവ. ഹോമിയോ ഡിസ്പെൻസറി	30- 1- 74	X	കല്ലിങ്ങൽ	4	സ്വന്തമാണ്	ഹോമിയോ ചികിത്സ	തൃപ്തികരം
4	സബ്സെന്ററുകൾ (പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ)(i)		I	തോഴന്നൂർ	1	സ്വന്തമാണ്	മാതൃശിശു സംരക്ഷണം കുടുംബക്ഷേമം പ്രവർത്തനം	തൃപ്തികരം
	II		III	കല്ലിങ്ങൽ പറമ്പ്	1	സ്വന്തമാണ്	"	"
	III		V	തവളിഞ്ഞിന	1	സ്വന്തമാണ്	"	"
	IV		X	കല്ലിങ്ങൽ	1	കെട്ടിടമില്ല	"	"
	V			കല്പകഞ്ചേരി	1	കെട്ടിടമില്ല	"	"

നിലവിലുള്ള രേഖപ്പെടുത്തപ്പെട്ട പകർച്ചവ്യാധികൾ കണ്ണുരോഗം, വൈറൽ ഫീവർ, മുണ്ടിനീർ, അഞ്ചാം പനി, ചിക്കൻ പോക്സ്, അതിസാരം, ചർദ്ദി, കുഷ്ഠം എന്നിവയാണ്. പരിചയസമ്പന്നരായ ജീവനക്കാരുടെ അഭാവം കുഷ്ഠ രോഗനിർമ്മാർജ്ജന രംഗത്ത് മുൻകാലങ്ങളിലുണ്ടായതിനാൽ കൂടുതൽ കുഷ്ഠരോഗബാധിതരെ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ, സമീപകാലത്ത് വിദഗ്ധസേവനം ലഭ്യമാക്കുക വഴി രോഗികളെ കണ്ടെത്താനും ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജനസംഖ്യാനുപാതികമായ ജനനമരണ നിരക്കുകൾ യഥാക്രമം 292 ഉം 75-ഉം ആണ്. ശിശു മരണം ഒന്നുമാത്രമാണ്. ഇത് കഴിഞ്ഞ വർഷം രേഖപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യരംഗത്തെ പൊതുവായ പ്രശ്നങ്ങൾ

കിടത്തിചികിത്സാ സൗകര്യമുള്ള ഒരേയൊരു സ്ഥാപനം തോഴന്നൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗവ.ആയുർവ്വേദ ആശുപത്രി മാത്രമാണ്. നിവലിൽ 10 കിടക്കാ സൗകര്യം മാത്രമേയുള്ളൂ.

ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രം പഞ്ചായത്തിന്റെ ഒരു കോണിൽ സ്ഥിതിചെയ്യുന്നതിനാൽ ഒന്നും രണ്ടും വാർഡുകളൊഴികെ മറ്റൊരിടത്തും ഇതിന്റെ സേവനം ലഭ്യമാകുന്നില്ല. സ്വന്തമായി കെട്ടിടമോ, ആവശ്യത്തിന് ചികിത്സാ ഉപകരണങ്ങളോ ഫർണിച്ചറോ ഇല്ല. നിലവിൽ അനുവദിക്കപ്പെട്ട സബ് സെന്ററുകൾ അഞ്ചാണെങ്കിലും സ്വന്തമായി കെട്ടിടം മൂന്നു സെന്ററുകൾക്കുമാത്രമേയുള്ളൂ. 5000 ജനങ്ങൾക്ക് ഒരാൾ എന്ന കണക്കിന് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ വേണമെന്നിരിക്കെ 3000 ത്തോളം ജനങ്ങളുള്ള ഈ ഗ്രാമപഞ്ചായത്തിൽ കേവലം അഞ്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇക്കാരണത്താൽ പൂർണ്ണമായ സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇവരുടെ സേവനങ്ങൾ യഥാസമയം പരിശോധിക്കുന്നതിനോ, ഉറപ്പുവരുത്തുന്നതിനോ സൂപ്പർ വൈസറി തസ്തികകളായ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകൾ ആവശ്യമാണ്. പ്രതിരോധ കുത്തിവെയ്പ്പിനുള്ള മരുന്നുകൾ സൂക്ഷിക്കുവാനുള്ള ശീതീകരണി, ഐ.എൽ.ആർ. എന്നിവ ഈ സ്ഥാപനത്തിൽ ലഭ്യമല്ല. ഓട്ടോക്ലേവ്, സ്റ്റെറിലൈസർ മറ്റ് ആവശ്യമായ അനുബന്ധോപകരണങ്ങൾ ഒന്നും ലഭ്യമല്ല.

10-ാം വാർഡിലെ കല്ലിങ്ങൽ സ്ഥാപിച്ചിരിക്കുന്ന ഹോമിയോ ഡിസ്പെൻസറിക് ചുറ്റുമതിൽ, വൈദ്യുതി ശുദ്ധജലം എന്നിവ ലഭ്യമല്ല. ഫർണിച്ചർ, ആശുപത്രിക്കുവേണ്ട മറ്റു ഉപകരണങ്ങൾ (സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ തുടങ്ങിയവ) ഒന്നുമില്ല.

പഞ്ചായത്തിലെ 4, 6, 8, 9 ,11 എന്നീ വാർഡുകളിൽ ആശുപത്രി സൗകര്യങ്ങളില്ല. എട്ടാം വാർഡിൽ ഒരു അംഗനവാടിയുമില്ല.

ഹരിഹാരമാർഗങ്ങൾ

തോഴന്നൂരുള്ള ആയുർവ്വേദ ആശുപത്രി കുറഞ്ഞത് 20 കിടക്കകളുള്ള ആശുപത്രിയാക്കുന്നതിന് ജനകീയപങ്കാളിത്തത്തോടെയും എം.പി. ഫണ്ടുപയോഗിച്ചും കെട്ടിടം പണി പൂർത്തീകരിച്ചുവരുന്നു. ഇതിലേക്കാവശ്യമായ ഫർണിച്ചർ, മറ്റു സൗകര്യങ്ങൾ എന്നിവ ജനങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതാണ്. ജനങ്ങൾ വാഗ്ദാനം നൽകിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ അനുമതി ലഭ്യമാക്കാൻ സത്വരനടപടി സ്വീകരിക്കുക വഴി പ്രശ്നം പരിഹരിക്കാവുന്നതാണ്. കൂടാതെ, ഗ്രാമസഭയിലുയർന്നുവന്ന മറ്റൊരു നിർദ്ദേശം ഔഷധതോട്ടത്തിനെപ്പറ്റിയാണ്. പഞ്ചായത്ത് മുൻകൈഎടുത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഔഷധത്തോട്ടമുണ്ടാക്കുകയോ, കൃഷി വകുപ്പുമായി സഹകരിച്ച് സഹായധനത്തോടെ താൽപര്യമുള്ള വ്യക്തികളെ ഔഷധത്തോട്ടമുണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഇതുവഴി ശുദ്ധവായു ആയുർവ്വേദ മരുന്നുകൾ ആശുപത്രിയുടെ സേവനത്തിന് ഉപയോഗപ്രദമാക്കാൻ കഴിയും.

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് പുനഃസ്ഥാപിക്കാവുന്നതാണ്. ജനകീയ സഹായ സഹകരണങ്ങൾ ലഭ്യമാകത്തക്കരീതിയിൽ ബോധവൽക്കരണ പ്രക്രിയ അനിവാര്യമാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്താൻ ഇതുമൂലം കഴിയും. ചെറുശോല, കറുകത്താണി, കാവുംപടി, എന്നിവ സമീപമോ ഇതിനായി സ്ഥലം കണ്ടെത്താവുന്നതാണ്. അതു വഴി എല്ലാ മേഖലകളിലും പഞ്ചായത്തു തലത്തിൽ ആരോഗ്യ സേവനം നൽകാൻ കഴിയും. 7,8 വാർഡുകളിലെ ജനങ്ങളുടെ പരാതിക്ക് പരിഹാരം എന്ന നിലയിൽ തൊട്ടടുത്ത വളവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സേവന പ്രയോജനപ്പെടുത്താവുന്നതാണ്.

പുതിയതായി ആരംഭിച്ച ആശുപത്രിയെന്ന നിലയിൽ കൽപകഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിനുള്ള ഫർണിച്ചർ, ആശുപത്രി ഉപകരണങ്ങൾ, സ്വന്തമായ കെട്ടിടം, മരുന്നു സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ശീതീകരണി, ഐ.എൽ.ആർ എന്നിവ ലഭ്യമാക്കാൻ നടപടികൾ ആവശ്യമാണ്. രോഗികൾക്ക് കിടത്തി ചികിത്സ ലഭ്യമായ തര

ത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രിയായി ഉയർത്തുക. ജനസംഖ്യാനുപാതികമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെയും നിയമിക്കുക. കെട്ടിടമില്ലാത്ത സബ്സെന്ററുകൾക്ക് കെട്ടങ്ങൾ ലഭ്യമാക്കുകയും വേണം. അതുവഴി സേവനം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കാൻ കഴിയും. ഇതിലേക്കാവശ്യമായ സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കാൻ നടപടിയെടുക്കേണ്ടതുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടുന്നതിനാവശ്യമായ ലേഡീ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തിക ഉടനടി നികത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. JHI മാരുടെ തസ്തികകൾ ആവശ്യാനുസരണം പുതിയതായി സൃഷ്ടിക്കണം. കൂടാതെ, നിലവിലനുവദിക്കപ്പെട്ടുള്ള മൂന്നു തസ്തികകൾ ആവശ്യാനുസരണം പുതിയതായി സൃഷ്ടിക്കണം. കൂടാതെ, നിലവിലനുവദിക്കപ്പെട്ടിട്ടുള്ള മൂന്നു തസ്തികകളിൽ ഒഴിവുള്ള രണ്ടു തസ്തികളിലേക്ക ഉടനടി നിയമനം നടത്തുകയും വേണം. ഇവരുടെ സേവനം ഉറപ്പുവരുത്താൻ ഹെൽത്ത് ഇൻസ്പെക്ടറുടെ സൂപ്പർ വൈസറി തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതുമാണ്. ഈ ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ നികത്താനും ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരെ മറ്റു സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ട് ചെയ്തിട്ടുള്ളത് പിൻവലിക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതുണ്ട്. വ്യത്യസ്ത ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിന്റെ പരിധിയിൽ രോഗപ്രതിരോധ ചികിത്സയും മറ്റും ലഭ്യമാക്കുന്നതിന് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു വാഹനം ലഭ്യമാക്കുന്നതിന് നടപടിയുണ്ടാക്കണം. നിലവിലുള്ള സബ്സെന്ററുകളുടെ അറ്റകുറ്റപ്പണി ആത്യാവശ്യമായതിനാൽ അതിനും മേൽനടപടികൾ ആവശ്യമാണ്.

നിലവിലുള്ള ഹോമിയോ ഡിസ്പെൻസറിക്ക് ചുറ്റുമതിൽ പണിയുന്നതിന് പൊതുമരാമത്തു വകുപ്പ് (B) മായി സഹകരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതുമരാമത്തു വകുപ്പിന്റെ മലപ്പുറത്തുള്ള ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രശ്നത്തിനും പരിഹാരമുണ്ടാക്കാം. ശുദ്ധജല ലഭ്യതക്ക്, കുടിവെള്ള പ്രശ്നപരിഹാരത്തിൽ നിർമ്മിക്കപ്പെട്ട പരിഹാരമാർഗം സഹായകമാണ്. പ്രാഥമികാരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, എന്നിവയുടെ ആവശ്യത്തിലേക്കുള്ള ഉപകരണങ്ങൾ ബന്ധപ്പെട്ടവരിൽനിന്നുള്ള ദർഘാസ് വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പരിഗണിക്കുകയും സത്വര നടപടികൾ കൈക്കൊള്ളുകയും ചെയ്താൽ ആരോഗ്യരംഗത്തെ പ്രധാനപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും. എന്നാൽ ആരോഗ്യ സേവന രംഗത്തെ വിവിധ പരിപാടികൾ വേണ്ട രീതിയിൽ ഉൾക്കൊള്ളാൻ ബഹുഭൂരിപക്ഷത്തിനും കഴിയാത്ത സാഹചര്യത്തിൽ, ഈ രംഗത്തെ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങൾക്കാവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് പോസ്റ്റർ പ്രാചാരണങ്ങൾ, നോട്ടീസുകൾ, ലഘുലേഖകൾ, ചർച്ചാക്ലാസുകൾ, സെമിനാറുകൾ, സിനിമാപ്രദർശനങ്ങൾ സ്ലൈഡ് ഷോകൾ എന്നീ മാധ്യമങ്ങൾ എല്ലാ വാർഡുകളിലും ഉപയോഗപ്പെടുത്താം. ജനകീയ പങ്കാളിത്ത മുറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട ഗ്രാമീണ സഭകളുടെ നേതൃത്വത്തിൽ, സന്നദ്ധ സംഘടനകളുടെയും സർക്കാർ അർദ്ധസംസ്കാരമേഖലകളുടെയും സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

ശുചിത്വം:

ശുചിത്വമില്ലായ്മയാണ് പലരോഗങ്ങൾക്കും ആധാരം. പരിസര ശുചിത്വവും ഘടകങ്ങളാണ്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാന്മാരാക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. പല വാർഡുകളിലെയും ഗ്രാമസഭകളിൽ കേട്ട പ്രധാന ആവശ്യം കക്കൂസുകളുടെ അപര്യാപ്തതയാണ്. മതിയായ കക്കൂസുകളുടെ അഭാവം മൂലം ഛർദ്ദി, വയറിളക്കം, വിരശല്യം തുടങ്ങിയ രോഗങ്ങൾ ഈ പഞ്ചായത്തിൽ കണ്ടുവരുന്നു.

വാർഡ് തിരിച്ചുള്ള കക്കൂസുകളുടെ കുറവ് ശതമാനകണക്കിൽ താഴെ ചേർത്തിരിക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	10	11
	30%	25%	40%	25%	20%	30%	25%	35%	50%	35%	50%

കക്കൂസുകൾ സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പരാധീനതയാണ്. ചില പ്രത്യേക സ്ഥലങ്ങളിൽ സ്ഥലപരിമിതികളും കാരണമായി ഉന്നയിക്കുന്നു. (ഉദാ: കല്ലിങ്ങൽ ലക്ഷംവീട് കോളനി, തണ്ണീർചാൽ കോളനി)

പരിഹാരമാർഗങ്ങൾ

1. കക്കൂസ് കുഴിക്കാൻ നിർവ്വാഹമില്ലാത്തവർക്ക്, അതിനു വേണ്ട സാമ്പത്തിക -സാങ്കേതിക സഹായങ്ങൾ നല്കുക.

   (വായ്പയോ, സഹായധനമായോ സാമ്പത്തിക സഹായം)

2. പൊതുജന പങ്കാളിത്തത്തോടെ ഒരു ഫണ്ട് ഇതിനു വേണ്ടി സ്വരൂപിക്കാവുന്നതാണ്.

3. കുറഞ്ഞ ചെലവിൽ ബ്ലോക്കുതല സഹായത്തോടെ ESP കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാവുന്നതാണ്.

4. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനി മേഖലകളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കേണ്ടതുണ്ട്.

5. കടുങ്ങാത്തുകുണ്ട് രണ്ടത്താണി, പുത്തനത്താണി എന്നീ സ്ഥലങ്ങളിൽ ഗ്രാമ പഞ്ചായത്തു വക കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും നാമമാത്രമായ ഫീസുകൾ ഈടാക്കി ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത നിവാര്യമാണ്. പഞ്ചായത്തിന് വരുമാനമാർഗമാവുകയും ചെയ്യും.

6. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

പരിസരമലിനീകരണം

വൻതോതിൽ പരിസര മലിനീകരണമില്ലാത്ത ഒരു മേഖലയാണ്. കൽപകഞ്ചേരി പഞ്ചായത്ത്.

എന്നിരുന്നാലും പഞ്ചായത്തിലെ ചില വാർഡുകളിൽ മാലിന്യ നിക്ഷേപങ്ങളും മലിനീകരണവും വളരെയധികമാണ്.

പരിഹാര മാർഗങ്ങളും നിർദ്ദേശങ്ങളും

1. മാലിന്യ ജലമൊഴുകിപ്പോകാൻ നിലവിലുള്ള ഓടകളുടെ സൗകര്യം വർദ്ധിപ്പിക്കുകയും പുതിയ ഓടകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

   ഈ ജലം സംഭരിച്ച് കൃഷിക്കുപയുക്തമായ രീതിയിൽ ചാതൽ സമ്പ്രദായം ആവിഷ്കരിക്കുക.

2. അറവുകാർ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ശരിയായ

വാർഡ് തിരിച്ചുള്ള പരിസരമലിനീകരണത്തിന്റെ സ്ഥിതിവിവരക്കണക്ക്.

വാർഡ്	സ്ഥലം	ചപ്പു ചവറുകൾ	ജലമാലിന്യം	കൊതുകുമാലിന്യം	മറ്റുമാലിന്യങ്ങൾ
1.	രണ്ടത്താണി	അധികം	അധികം	അധികം	മാംസക്കടകളിലെ മാലിന്യങ്ങൾ നിരത്തുകളിലേക്ക് തള്ളുന്നു.
2.		ഭാഗികമായി	ഭാഗികം	ഭാഗികം	കൂടുതൽ
3.		"	"	"	"
4.	ആയുർവ്വേദ ആശുപത്രി പരിസരം	"	കൂടുതൽ	"	ഇല്ല
5.	പൊതുവോ	നിക്ഷേപിക്കാൻ സൗകര്യമില്ല	ഭാഗികം	ഭാഗികം	ചന്തയ്ക്ക് സമീപം അറവ് മാലിന്യം
6.	"	ഭാഗികം	ഭാഗികം	ഭാഗികം	-
7.	കടുങ്ങാത്തുകുണ്ട് അങ്ങാടി തേവർകുളം	വളരെയധികം	വളരെയധികം	വളരെയധികം	തേവർകുളത്തിന് സമീപം അറവ് മാലിന്യങ്ങൾ
8.	കടുങ്ങാത്തു കുണ്ടങ്ങാടി	"	"	"	മാംസമാലിന്യങ്ങൾ കൂടുതൽ
9.	പുത്തനത്താണി	വളരെയധികം	വളരെയധികം	വളരെയധികം	ചിക്കൻ സ്റ്റാളിലെ മാലിന്യങ്ങൾ കൂടുതൽ
10.	കല്ലിങ്ങൽ കോളനി	വളരെയധികം	അധികം	ഭാഗികം	ഭാഗികം
11.	"	ഭാഗികം	ഭാഗികം	ഭാഗികം	ഭാഗികം

രീതിയിൽ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. അങ്ങനെ ചെയ്യുന്നവർക്കുമാത്രമായി ലൈസൻസു കൊടുക്കുക. ലംഘിക്കുന്നവർക്ക് പിഴ ഈടാക്കാൻ നടപടി എടുക്കുക.

3. കടുങ്ങാത്തുകുണ്ട്, കൽപകഞ്ചേരി അങ്ങാടി, പുത്തനത്താണി, രണ്ടത്താണി എന്നി ഭാഗങ്ങളിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കേണ്ടതും അതിൽനിന്ന് പാചക വാതകങ്ങൾ നിർമ്മിക്കുന്നതിനും ജൈവവളം നിർമ്മിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുമാണ്. ഇതുവഴി പഞ്ചായത്തിന് വരുമാനം കണ്ടെത്താവുന്നതാണ്.

4. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ചവറ്റുകുട്ടകൾ സ്ഥാപിക്കുകയും സ്ഥാപിച്ചിട്ടുള്ളവ യഥാസ്ഥാനത്തുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ഇതിന്റെ സംരക്ഷണം ഉറപ്പുവരുത്താൻ. സന്നദ്ധസംഘടനകളേയോ വ്യാപാരി സംഘടനകളെയോ ചുമതപ്പെടുത്താവുന്നതാണ്. യഥാസമയം ഇവ കമ്പോസ്റ്റുകുഴിയിൽ നിക്ഷേപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

6. വീടുകളിലും പരിസരങ്ങളിലും പരിസര ശുചീകരണത്തിന് കമ്പോസ്റ്റ് കുഴികൾ, സോക്കേജ് കുഴികൾ എന്നിവ സ്ഥാപിക്കാനുള്ള ബോധവൽക്കരണം നടത്തുക.

7. ഗ്രാമപഞ്ചായതതിന്റെ പ്രവർത്തന പരിപാടിയിൽ പെടുന്ന കറുകത്താണി, തോഴന്നൂർ, രണ്ടത്താണി, പുത്തനത്താണി, കല്പകഞ്ചേരി അങ്ങാടി, കടുങ്ങാത്തുകുണ്ട് എന്നീ സ്ഥലങ്ങളിൽ പൊതുമാർക്കറ്റുകൾ സ്ഥാപിക്കുകയും ലേല വ്യവസ്ഥകളിൽ ഒരു നിശ്ചിതതുക ഈടാക്കി മലനീകരണമുണ്ടാകാത്ത തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

8. പഞ്ചായത്തിലെ ഏതെങ്കിലും ഒരു സ്ഥലത്ത് നിയമ വിധേയമായി പ്രവർത്തിക്കുന്ന ഒരു കശാപ്പുശാല സ്ഥാപിക്കേണ്ടതാണ്.

9. കടുങ്ങാത്തുകുണ്ടങ്ങാടിയിൽ നിലവിലുള്ള ഓടകൾ സ്ലാബുകൾ ഇട്ട് മൂടുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് തടയുകയും ചെയ്യേണ്ടതാണ്.

10. മലിനീകരണത്തിന് കാരണക്കാരായവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതുവഴി ജനകീയ പങ്കാളിത്തത്തോടെ ശാശ്വതമായ മലിനീകരണ പ്രശ്ന പരിഹാരമുണ്ടാക്കാൻ കഴിയും.

പൊതുശ്മശാനം

കൽപകഞ്ചേരി പഞ്ചായത്തിൽ പൊതുശ്മശാനം നിലവിലില്ല. ജനസാന്ദ്രതയേറിയ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുശ്മശാനം സ്ഥാപിക്കേണ്ട ആവശ്യത്തെക്കുറിച്ച് ഗ്രാമസഭയിൽ ചർച്ചയുണ്ടായി. പഞ്ചായത്തിൽ, പൊതു നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ലഭ്യമായ സ്ഥലത്ത് വിശാലമായ ഒരു പൊതുശ്മശാനം നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

5(6)ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ ജനങ്ങളുടെ പങ്ക് അതിപ്രധാനമാണ്. നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും നിസ്സാരമല്ല. അമ്പതു വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച പുത്തനത്താണി - വട്ടത്താണി റോഡ് നമ്മുടെ പൂർവ്വികർ സംഘബോധത്തോടുകൂടി പ്രവർത്തിച്ചതിന്റെ മകുടോദാഹരണമാണ്. ജനകീയ ആസൂത്രണത്തിന്റെ ആരവങ്ങൾക്കിടയിൽ ആവേശജനകമായ ആ ഓർമ്മകൾ നമുക്ക് പ്രചോദനം നല്കുന്നു.

1940 - ലാണ് കല്പകഞ്ചേരി പഞ്ചായത്ത് രൂപീകൃതമായത്. അന്ന് പുത്തനത്താണി - വട്ടത്താണി, അതിരുമട - ഉമർപടി, പൊറ്റത്തപ്പടി, പിലാത്തറ എന്നീ റോഡുകളും, പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിലൂടെ കടന്നുപോകുന്ന ദേശീയ പാതയും, പുത്തനത്താണി - തിരുനാവായ റോഡും മാത്രമേ ഉണ്ടായിരുന്നുള്ളു.

പഞ്ചായത്ത് രൂപീകൃതമായതിനുശേഷം കല്ലിങ്ങൽ - പറവന്നൂർച്ചോല റോഡ്, മണ്ടത്താണി - വാരിയത്ത് - കുറുകത്താണി റോഡ്, കല്പകഞ്ചേരി - തോട്ടായി - ചിന്നമ്പടി റോഡ്, ചേക്കുംപ്പെട്ടിപ്പടി - കല്ലിങ്ങൽപ്പറമ്പ് റോഡ്, കറുത്താണി , കുണ്ടംചിന , കാനാഞ്ചേരി റോഡ്, കുട്ടികളത്താണി - ഇല്ലത്ത്ക്കുളം റോഡ് കല്ലിങ്ങൽ - നെല്ലിക്കുന്ന് റോഡ്, മാമ്പ്ര - പാറക്കല്ല് - മേലെ അങ്ങാടി - കാവപ്പുര റോഡ് എന്നിവയുടെ നിർമ്മാണം പഞ്ചായത്തിന്റെ വികസനത്തിന് പ്രാരംഭം കുറിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. പഞ്ചായത്തിന്റെ വികസനത്തിൽ ഒരു നാഴിക കല്ലായി മാറിയ രണ്ടത്താണി - വാരിയത്ത് - കറുകത്താണി റോഡിന്റെ കാര്യം പ്രത്യേകം നാം ഓർക്കുകയാണ്. മുൻമന്ത്രിയും എം. എൽ യുമായ പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ശ്രമഫലമായി പണി പൂർത്തിയായ പ്രസ്തുത റോഡ് പൊതുമരാമത്ത് മന്ത്രി പി. കെ. കെ. ബാവയാണ് ഉൽഘാടനം ചെയ്തത്.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡുകൾ 40-124 കി. മീ. ആണ് ഉള്ളത്. അതിൽ 75% റോഡുകളും വേണ്ടത്ര ഗതാഗത യോഗ്യമല്ല. അധിക റോഡുകളും ചരൽ റോഡുകളാണ്. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പുത്തനത്താണി - തിരൂർ റോഡിലും, പുത്തനത്താണി - തിരുനാവായ റോഡിലും, കടുങ്ങാത്തുകുണ്ട് - കുറുകത്താണി റോഡിലും കുടുങ്ങാത്തുകുണ്ട് - പനമ്പാലം റോഡിലും, അതിരുമട - കാനാഞ്ചേരി റോഡുകളിലുമായി ഇരുപതോളം ബസ്സുകളും, മിനിബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിലുള്ള ടാർ ചെയ്ത റോഡുകളുടെ

ഉടമസ്ഥത, ദൂരം വീതി എന്നിവ പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു.

പട്ടിക I ടാർ ചെയ്ത റോഡുകൾ

SL No	പേര്	ഉടമസ്ഥത	ദൂരം
1	പുത്തനത്താണി - വട്ടത്താണി	PWD	3 കി. മീ
2	രണ്ടത്താണി - വാരിയത്ത്	"	3.55കി. മീ
3	കടുങ്ങാത്തുകുണ്ട് - എടരിക്കോട്	"	4 കി. മീ
4.	മാമ്പ - പാറക്കൽ	പഞ്ചായത്ത്	2.10 കി മീ
5.	മേലങ്ങാടി - പൊട്ടേങ്ങൽപടി	"	1.748കി. മീ
6	മാമ്പ - നടാൽ പറമ്പ്	"	700 മീറ്റർ
7	അതിരുമട - കാനാഞ്ചേരി	"	2.580 കി മീ
8	കല്ലിങ്ങൽ - പറവന്നൂർ ചോല	"	800 മീ
9	ഈസ്റ്റ് സ്കൂൾ റോഡ്	"	600 മീ
10.	കിഴക്കെപുറം മദ്രസ്സ റോഡ്	"	450 മീ
11.	പെറ്റേത്തെപ്പടി - പിലാത്തറ	"	2 കി.മീ
12.	കല്ലിങ്ങൽ പറമ്പ് വളഞ്ഞ റോഡ്	"	500 മീ
13.	ചെറുശ്ശോല പള്ളിറോഡ്	"	985 മീ
14	പാറക്കൽ - പറവന്നൂർ	"	650 മീ
15	കല്പകഞ്ചേരി - തോട്ടായി	"	600 മീ
16	കല്പകഞ്ചേരി - മഠത്തിൽ പടി	300 മീ	

റോഡുകളുടെ എണ്ണത്തിൽ പുരോഗതിയുണ്ടെങ്കിലും റോഡുകളുടെ അവസ്ഥ പരിതാപകരമാണ്. അറ്റകുറ്റപ്പണികൾ വേണ്ടസമയത്ത് നടക്കുന്നില്ല. വർഷക്കാലത്ത് ചില റോഡുകളിൽ മഴവെള്ളം തളംകെട്ടിനില്ക്കുന്നതിന്റെ ഫലമായി ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നു. ഓവുചാലുകളുടേയും കലുങ്കുകളുടേയും ആവശ്യകതയാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. വാർഡ് XI ൽ PWD ന്റെ ഒരു റോഡ് പോലും കടന്നുപോകുന്നില്ല. ആവശ്യത്തിനുള്ള ഫണ്ടില്ലായ്മയാണ് എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിഘാതമായി നില്ക്കുന്നുത്.

പ്രശ്നങ്ങൾ

ടാർ ചെയ്ത റോഡുകളുടെ പ്രശ്നങ്ങൾ :-

ടാർ ചെയ്ത റോഡുകളുടെ പ്രധാന പ്രശ്നം റോഡുകളിൽ വെള്ളം കെട്ടിനില്ക്കുന്നു എന്നതാണ്. അതിനുകാരണം വെള്ളം സുഗമമായി ഒഴിഞ്ഞുപോകുന്നതിനുള്ള ഓടകളുടെ അഭാവമാണ്. തന്നെയുമല്ല, ടെലഫോണിന്റേയും ശുദ്ധജല വിതരണത്തിന്റേയും ആവശ്യങ്ങൾക്കായി ഓരോ വികസന പ്രവർത്തനങ്ങളുടെ സമയത്തും അധികൃതർ റോഡിന്റെ പാർശ്വഭാഗങ്ങൾ കീറി മണ്ണ് റോഡിലേക്കിടുന്നതിനാൽ വെള്ളം റോഡിൽ കെട്ടിനില്ക്കുന്നു. പഞ്ചായത്ത് അധികൃതരുടെ അനുമതിയോടു കൂടി റോഡ് കുറുകെ കീറുന്നതു മൂലം എല്ലാ റോഡുകളിലും ചാലുകൾ കാണപ്പെടുന്നത് ശരിയായ വാഹന ഗതാഗത്തിന് തടസ്സമാകുന്നു. പഞ്ചായത്ത് പരിധിയിൽ ടാർ ചെയ്ത മിക്ക റോഡുകളുടേയും ടാറും മെറ്റലും ഒരു വർഷം കഴിയുന്നതിനു മുമ്പുതന്നെ റോഡിൽ നിന്നും ഇളകി പോകുന്നു. സ്വകാര്യ വ്യക്തികളുടെ ആവശ്യങ്ങൾക്കായി കരിങ്കല്ല്, ചെങ്കല്ല്, മണൽ, മെറ്റൽ തുടങ്ങിയവ റോഡിന്റെ വശങ്ങളിൽ മാസങ്ങളോളം ഇടുന്നതിനാൽ റോഡിന്റെ പാർശ്വഭാഗങ്ങൾ പൊട്ടിപ്പൊളിയാനും വാഹനാപകടങ്ങൾ വർദ്ധിക്കാനും കാരണമാകുന്നു. സ്വകാര്യവ്യക്തികൾ പഞ്ചായത്ത് അധികൃതരുടെ അനുമതിയില്ലാതെ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും റോഡിൻരെ പാർശ്വഭാഗങ്ങളിലേക്ക് ഇറക്കി മതിൽ നിർമ്മിക്കുന്നതിനാൽ റോഡിന്റെ വീതി കുറയുന്നു.

സാധ്യതകൾ

1. പൊട്ടിപ്പൊളിഞ്ഞും കുണ്ടും കുഴിയുമായിക്കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക.
2. വാഹനത്തിരക്കുള്ളതും പലപ്പോഴും അപകടം സംഭവിക്കുന്നതുമായ റോഡുകളിൽ സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുക
3. റോഡുപാർശ്വങ്ങളുടെ വീതിക്കുറവ് അപകടങ്ങൾക്ക് കാരണമാകുന്നു. റോഡി പാർശ്വങ്ങളുടെ വീതി കൂട്ടുക.
4. ടാർ ചെയ്ത റോഡുകളുടെ വീതി വർദ്ധിപ്പിക്കുക
5. കയ്യേറ്റപ്പെട്ട പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കുക
6. ടാർ ചെയ്ത റോഡിനോടു ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ സത്വര ശ്രദ്ധ ഉണ്ടായിരിക്കുക
7. ജനങ്ങൾ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന അതിരുമട കാനാഞ്ചേരി റോഡ്, വാരിയത്ത് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, മേലങ്ങാടി - കാവപ്പുര റോഡിനെ കാനഞ്ചേരിയുമായി ബന്ധിപ്പിക്കുന്ന റോഡ് എന്നിവ വീതികൂട്ടി റീ-ടാറിംഗ് നടത്തി മിനി ബസ്സ് റൂട്ടുകൾ ആരംഭിക്കുന്നത് ഗുണകരമായിരിക്കും.
8. മാമ്പ-പാറക്കൽ റോഡിൽ പറവന്നൂർ തോടിന് കുറുകെയുള്ള പാലം തകർന്നുവീഴാറായ സ്ഥിയിലാണ്. ഇത് അടിയന്തിരമായി പുനർനിർമ്മിക്കുക.

മൺറോഡുകളുടെ പ്രശ്നങ്ങൾ

ഗതാഗത്തിന് സൗകര്യമുള്ള നിലവിലുള്ള മൺറോഡുകളിൽ പലതും പഞ്ചായത്തിന്റെ രേഖകളിൽ കാണാത്തത് കാരണം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുന്നില്ല. പല റോഡുകളും പഞ്ചായത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചെങ്കിലും സമ്മതപത്രം പൂർണ്ണമായി ലഭിക്കാത്തതിനാൽ പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രധാന റോഡുകൾ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഏറ്റെടുക്കാനുള്ള നിയമഭേദഗതി അടിയന്തിരമാണ്.

ഇടവഴികൾ വിപുലീകരിച്ചാണ് പല മൺറോഡുകളും നിർമ്മിച്ചിട്ടുള്ളത്. അതിനാൽ വെള്ളം ഒലിച്ചു പോവാനുള്ള അഴുക്കുചാൽ പല റോഡുകൾക്കും ഇല്ല. റോഡിന്റെ ഇരുഭാഗത്തുമുള്ളവർ അഴുക്കുചാൽ ഉള്ളത് ഇല്ലാതാക്കുന്ന വിധത്തിലോ, ഉള്ളവ തന്നെ നഷ്പ്പെടുന്ന രൂപത്തിലോ ആണ് മതിൽ ഉണ്ടാക്കുന്നത്. അടുത്ത കാലത്തായി സമീപത്തുള്ള ഭൂവുടമകൾ പണ്ടുകാലം മുതൽ തന്നെ റോഡിന്റെയും പൊതുവഴിയുടേയും ഇരുഭാഗങ്ങളിലും പുറമ്പോക്കായി ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലങ്ങൾ സ്വന്തം സ്ഥലത്തിനോട് കൂട്ടിയോജിപ്പിച്ചു റോഡുകളുടെ വിസ്തൃതി കുറച്ചു കൊണ്ടുവരുന്നതിൽ ശ്രദ്ധവയ്ക്കുന്നതായി കാണുന്നു. ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാദ്ധ്യതകൾ

1. കലുങ്കുകൾ നിർമ്മിക്കുക

2. കുത്തനെയുള്ള അഴുക്കു ചാലുകളിൽ കരിങ്കൽ പതിച്ചതിന് ശേഷം പാർശ്വഭിത്തികൾ നിർമ്മിക്കുക. എന്നാൽ മാത്രമേ വെള്ളം കുത്തിയൊലിച്ച് പാർശ്വങ്ങൾ ഇടിയുന്നതു തടയാൻ കഴിയുകയുള്ളു.

മെറ്റൽ റോഡുകൾ

പഞ്ചായത്തിൽ ആകെ 600 മീറ്റർ റോഡ് മാത്രമെ മെറ്റൽ ചെയ്തിട്ടുള്ളു. ഇതിന്റെ സ്ഥിതി പരിതാപകരവും ശോചനീയവുമാണ്. മെറ്റൽ റോഡുകൾ പലതും വാഹനങ്ങൾക്ക് പോകാൻ മാത്രമല്ല. മനുഷ്യർക്ക് നടക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ്.

സാദ്ധ്യതകൾ

1. മെറ്റൽ ചെയ്ത റോഡുകൾ പൊട്ടിപ്പൊളിഞ്ഞത് ഉടനടി ഉപയോഗപ്രദമാക്കുക

2. മെറ്റൽ റോഡുകൾ ടാർ ചെയ്ത് വാഹനഗതാഗതത്തിന് യോഗ്യമാക്കുക.

പരിസ്ഥിതി പ്രശ്നങ്ങൾ

പുതിയ റോഡുകളുടെ നിർമ്മാണം വൃക്ഷങ്ങളുടെ നശീകരണത്തിനും അത് നിമിത്തം പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇടവഴികൾ വീതികൂട്ടി നിർമ്മിക്കുന്ന റോഡുകൾ മണ്ണൊലിപ്പിന് കാരണമാകുന്നു. മഴപെയ്തുണ്ടാകുന്ന വെള്ളം ഇടവഴികളിലൂടെയാണ് വയലുകളിൽ എത്തിയിരുന്നത്. ഇടവഴികൾ റോഡുകളായതു മൂലം മഴപെയ്ത വെള്ളം വയലുകളിൽ എത്തുന്നില്ല. കലുങ്കുകളുടേയും അഴുക്കുചാലുകളുടേയും അഭാവം പരിസ്ഥിതി പ്രശ്നത്തിന് ആക്കം കൂട്ടുന്നു.

സാദ്ധ്യതകൾ

പുതിയതായി നിർമ്മിക്കുന്ന റോഡുകളുടെ പാർശ്വങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചതായി പഞ്ചായത്തിന് ബോദ്ധ്യപ്പെടണം. മൺറോഡുകളുടെ നിർമ്മാണിത്തിൽ ജനകീയ സമിതികളുടെ സഹകരണം ഉണ്ടെന്നതിനാൽ ഇത്തരം തീരുമാനങ്ങൾ ഉപകാരപ്രദമായിരിക്കും. മണ്ണൊലിപ്പും മറ്റും പരിഹരിക്കുന്നതിന് പാർശ്വസംരക്ഷണ ഭിത്തികളും ഓടകളും കലുങ്കുകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കേണ്ടതാണ്.

ജനകീയ പദ്ധതിക്കുള്ള ജനശക്തി

റോഡുകളുടെ വികസന കാര്യത്തിൽ പഞ്ചായത്തിലുള്ളവർക്ക് കാര്യമായ കൈമുതൽ ജനശക്തിയാണ്. പഞ്ചായത്തിലെ ധനശേഷിയുടെ കുറവും, ഭീമമായ ഫണ്ടുകളുടെ ആവശ്യവും, സുഘടിതമായ മനുഷ്യപ്രയത്നവും ഒരുമിച്ചു തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ മാർഗ്ഗം വളരെ വ്യക്തമാണ്. റോഡുകളുടെ നിർമ്മാണം ശ്രമദാനവും പൊതുജനങ്ങളുടെ സംഭാവനകളും കൊണ്ടായിരിക്കണം. മൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും ചെലവഴിച്ച ഫണ്ടിനോടൊപ്പം പൊതുജനങ്ങളുടെ വിലമതിക്കാനാവാത്ത സഹകരണം നമ്മുടെ പഞ്ചായത്തിലെ ജനകീയ ശക്തി വിളിച്ചോതുന്നതുമാണ്. എല്ലാ ഗ്രാമസഭകളിൽ നിന്നും ശ്രമദാനം നല്കാൻ സന്നദ്ധരാണെന്ന അഭിപ്രായം ശുഭോപ്തിവിശ്വാസം നൽകുന്നതാണ്.

റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കലാണ് നമ്മുടെ മുഖ്യപ്രശ്നം. നമ്മുടെ റോഡുകൾ വേണ്ടത്ര വീതിയില്ലാത്തവയാണ്. ആസൂത്രണരംഗത്ത് പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ സമയത്ത് റോഡുകൽക്ക് ആവശ്യമായ വീതി ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്.

പുതിയതായി നിർമ്മക്കേണ്ട പാലങ്ങൾ

വാർഡ് നമ്പർ	പാലത്തിന്റെ പേര്
I	കിഴക്കെപ്പുറം തോടിന് സമീപം
II	ക്കെത പാലം
III	പൊട്ടേങ്ങൽ പടിയിൽ നടപ്പാലം
IV	കരിങ്ങായി പാലം
	കുടങ്ങാത്തപ്പടി (ചിറ്റാണിക്ക സമീപം) പാലം
V	കാനാഞ്ചേരി സ്ക്കൂളിന് സമീപം പാലം
	അഞ്ചുട്ടിപ്പാലം
	കല്ലുവെട്ടിച്ചത സമീപം പാലം
	കണക്കാംകുന്ന് - കിഴക്കെപ്പുറം റോഡിൽ പാലം
VI	മഞ്ഞച്ചോല - പാറാകുളം റോഡിനുള്ള പാലം
	ചാത്തേരി - വലിയ തോടിന്നു കുറുകെ പാലം
	പാറാക്കുളം തോടിന് മീതെയുള്ള പാലം
	തോട്ടായി കരിയത്ത് തോടിന് മീതെ - പാലം
	തോട്ടായി-മണ്ണംപടി റോഡിൽ ഓവുപാലം
	പാറമ്മൽ തോട് റോഡിന് പാലം
	C.H റോഡിന് മീതെയുള്ളപാലം
VII	തിരുത്തി നിലത്ത് പാലം
	തേവർക്കുളം - മണ്ടായപ്പുറംപടി റോഡിന് പാലം
	നെച്ചിക്കുണ്ട് - മണ്ടായപ്പുറം പടി റോഡിന് പാലം
VIII	മരക്കാട് നിലം റോഡിന് പാലം
IX	കല്ലിങ്ങൽ - കുട്ടികളത്താണി റോഡിന്റെ കുറുകെ പാലം
	കല്ലിങ്ങൽ - കുട്ടികളത്താണി റോഡിൽ എം. ടി. പടിയിൽ പാല
X	എണ്ണൂട്ടപ്പള്ളിമാലിൽ പാലം
	ഹോമിയോ ഡിസ്പൻസറിക്ക് താഴെ ഓവുപാലം
	ഇല്ലത്തകുളം റോഡിന് കുറുകെ പാലം
XI	മാസ്വ - പാറക്കല്ല് റോഡിന് കുറുകെയുള്ള റോഡ്
	മണിയൻ തോട് നിരത്ത് പാലം
	പറവന്നൂർ തോടിന് വലിയ ഇടവഴിക്ക് സമീപം
	ചാത്തംകുന്ന് റോഡിൽ വലിയ ഇടവഴിക്ക് സമീപം
	കിഴക്കെപ്പാറ റോഡിന് കുറുകെ പാലങ്ങൾ

നടപ്പാത നിർമ്മിക്കൽ

പൊട്ടേങ്ങൽ പടി മുതൽ വളഞ്ഞ തോട് വരെയും, പൂഴിക്കുത്ത് കുളം മുതൽ പാലേത്ത് മദ്രസവരെയും, കിഴക്കെപ്പാറ മുതൽ ഏലക്കുടൽ വരെയും നടപ്പാത നിർമ്മിക്കുക കടിയാപ്പുറം പടി മുതൽ തൈക്കാട്ടപ്പാടി വരെ നടപ്പാത നിർമ്മിക്കുക

പൊതുമരാമത്ത് മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ വാർഡുതല മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

ടാറിംഗ് നടത്തേണ്ട റോഡുകൾ

വാർഡ് നമ്പർ	റോഡിന്റെ പേര്
I	രണ്ടത്താണി - മുച്ചിക്കുഴി റോഡ്
	തോഴനൂർ ഈസ്റ്റ് റോഡ് - ബാക്കിഭാഗം
	അൽമനാർ അതിർത്തി റോഡ്
	അൽമനാർ ഈസ്റ്റ് റോഡ്
	ബേരണിച്ചോല റോഡ്
	മുതുപറമ്പ് - ചെറുശ്ശോല റോഡ് ബാക്കിഭാഗം
	രണ്ടത്താണി - കാഞ്ഞിരത്തടം റോഡ്
II	കുറുകത്താണി - കുണ്ടംചിന - കാനാഞ്ചേരി റോഡ്
	പാറപ്പുറം - തൈക്കാട്ടുപടി റോഡ്
	പാറപ്പുറം - മുള്ളാർകുണ്ട് റോഡ്
III	മയ്യേരിച്ചിറ - കാവപ്പുര റോഡ്
	പുന്തോട്ടപ്പടി - സബ്സെന്റർ റോഡ്
	പൊട്ടേങ്ങൽപ്പടി - കല്ലിങ്ങൾ പറമ്പ് റോഡ് (പള്ളിച്ചാൽ വഴി)
	കല്ലിങ്ങൽ പറമ്പ് - വളഞ്ഞതോടു റോഡ്
	കുമ്പാറപ്പടി - ചെറുകുളത്തുകുണ്ട് റോഡ്
	കല്ലിങ്ങൽപറമ്പ് - മദ്രസ്സ റോഡ്
V.	കല്ലിങ്ങൽപറമ്പ് - കുട്ടുപടി റോഡ്
IV.	അതിരുമട - കാനാഞ്ചേരി റോഡ് (റീടാറിംഗ്)
	മുതുക് പറമ്പ് - ചിറ്റാണി റോഡ്
	ഉമ്മർപ്പടി - ചിന്നംപടി റോഡ്
	തവളംചിന - ചിന്നംപടി റോഡ്
	ചിന്നംപടി - തിരുത്തി റോഡ്
	കാനാഞ്ചേരി - വാരിയത്ത് റോഡ് ബാക്കിഭാഗം
	കാനാഞ്ചേരി - കടിയാപുരം റോഡ്
V	അതിരുമട - കാനാഞ്ചേരി റോഡ് -റീടാറിംഗ്
	പൊരിയാട് - കുണ്ടം പിടാവ് റോഡ്
	ചോലക്കാട് മാട് - കിഴക്കെപ്പുറം റോഡ്
	മുണ്ടോത്തുപറമ്പ് - മഠത്തിൽ പടി റോഡ്
	ഉമ്മർപടി-മഠത്തിൽ പടി റോഡ്
	പൂവൻചിന - കുണ്ടാറൻചിന - തവളംചിന റോഡ്
VI	അതിരുമട - കാനാഞ്ചേരി റോഡ് - റീടാറിംഗ്
	ഉണ്ണിയാൽ - മഞ്ഞച്ചോല റോഡ്
	തോട്ടായി - തിരുത്തി - ചിന്നംപടി റോഡ്

	സി. എച്ച്. റോഡ് - പാറാംകുളം തവളംചിന
	മഞ്ഞച്ചോല - പാറകുളം - കുന്നത്ത് പടി റോഡ്
	തവളംചിന - നൊട്ടപ്പുറം - തിരുത്തി റോഡ്
	തവളംചിന - ചവിടിക്കുന്ന് - ചിന്നംപടി റോഡ്
	പൊറ്റേത്തെ പടി - പിലാത്തറ റോഡ് (റീ ടാറിംഗ്)
VII	ഓവുങ്ങൽ - തേവർക്കുളം റോഡ്
	മാമ്പ - കാവുപ്പുര റോഡ് (ബാക്കിഭാഗം)
	എം. എ. മുപ്പൻ റോഡ് / ബാക്കിഭാഗം
	മേലങ്ങാടി - കാവുപ്പുര റോഡ് (റീടാറിംഗ്)
	തോട്ടായി - തിരുത്തി - ചിന്നംപടി റോഡ്
	തിരുത്തി - ചിന്നംപടി റോഡ്
VIII	മരക്കാട്ട് നിലം റോഡ്
	മാമ്പ - പാറക്കൽ റോഡിൽ നിന്നു തുടങ്ങുന്ന ഐരാനി പ്പള്ളി റോഡ്
	കല്ലിങ്ങൽ - ഈങ്ങാംചിറ - ഐരാനി മദ്രസ റോഡ്
	കല്ലിങ്ങൽ - നെല്ലിക്കുന്നു റോഡ്
	പൊറ്റേത്തെപ്പടി - ഈങ്ങാംചിറ റോഡ്
VIII F	മാമ്പ - നടയാൽ ബാക്കിഭാഗം
IX A	കല്ലിങ്ങൽ - ഈങ്ങാംചിറ - ഐരാനി മദ്രസ്സറോഡ്
B	കല്ലിങ്ങൾ മദ്രസ്സ - വലിയതോട് റോഡ്
C	ബാപ്പുഹാജിപ്പടി - ചാന്നേരി വലിയതോട് റോഡ്
D	പൊറ്റേത്തെപടി - ഈങ്ങാംചിറ റോഡ്
E	കല്ലിങ്ങൽ - പാറവനൂർ ച്ചോല റോഡിൽ നിന്നും നെല്ലി ക്കുന്നിലേക്കുള്ള റോഡ്
F	കല്ലിങ്ങൽ - കുട്ടികളത്താണി (റീടാറിംഗ്)
X A	കല്ലിങ്ങൽ - നെല്ലിക്കുന്നു റോഡ്
B	കല്ലിങ്ങൽ - ചോലക്കുന്നു റോഡ് മദ്രസ്സപ്പിടി വരെ
C	കുട്ടികളത്താണി - ഇല്ലത്തക്കുളം റോഡ്
D	ദാമോദരൻ പടി - ചോലക്കുന്ന് - ഇല്ലത്തക്കുളം റോഡ്
XI A	പാറക്കൽ - കിഴക്കെപ്പാറ റോഡ് ബാക്കിഭാഗം
B	ചാത്തൻകുന്ന് - പുതക്കുടി നിലം റോഡ്
C	കണ്ണംകഴായി - തലാപ്പിൽ പറമ്പ് റോഡ്
D	ഒടുവത്ത് പറമ്പ് - കുണ്ടുളി നിലം റോഡ്
E	മരക്കാട് നിലം - റോഡ്
F	പാറക്കല്ല് - മായിൻപടി റോഡ്
G	മാമ്പ - പാറക്കല്ല് റിടാറിംഗ്

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ് നമ്പർ	റോഡിന്റെ പേര്
I	തോഴന്നൂർ ഈസ്റ്റ് - ചെറുശ്ശോലപ്പള്ളി റോഡ്
	ചിനക്കൽ - മുതുപറമ്പ് - കിഴക്കെപ്പുറം റോഡി
	ബേരണിച്ചോല ഈസ്റ്റു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
II	പാറപ്പുറം - കല്ലിങ്ങൽപ്പറമ്പ് റോഡ്
III	പൊറ്റേങ്ങൽപ്പടി - താഴെപ്പാലം റോഡ്
IV	കാനാഞ്ചേരി - ചേക്കുട്ടിമെമ്മോറിയൽ L.P സ്ക്കൂൾ റോഡ്
	കടിയാപുറം - കാനാഞ്ചേരി ഇടവഴി റോഡാക്കി വികസിപ്പിക്കുക
V A	കനക്കാംകുന്ന് - കിഴക്കെപ്പുറം റോഡ്
B	പോലീസ് റോഡ് - മഠത്തിൽപ്പാടം റോഡ്
C	തറളാട് - കിഴക്കെപ്പുറം റോഡ്
D	കുണ്ടാറൻ ചിന - അതിരുമട റോഡ്
E	കാനാഞ്ചേരി L.P സ്ക്കൂൾ റോഡ്
F	തറളാട് - ചിനക്കൽ റോഡ്
G	ഉമ്മർപടി - മഠത്തിൽ പാടം റോഡ്
VI A	പാറംകുളം - ചെരുകുളമ്പ് റോഡ്
B	N.H റോഡിൽ നിന്നു തുടങ്ങി പാറമ്മൽ തോടു വഴി മഞ്ഞച്ചോല റിഡുമായി ബന്ധിപ്പിക്കുന്ന റോഡ്
VII A	തേവർക്കുളം - മണ്ടായപ്പുറം പടി റോഡ്
B	ചാലിയിൽ - നെച്ചിക്കുണ്ട് - മണ്ടായപ്പുറം പടി റോഡ്
C	മീമുള്ളിപ്പാറ - റഹ്മത്ത് നഗർ റോഡ്
D	തേവർക്കുളം - കുന്നും ചിറ - തിരുത്തി റോഡ്
E	കല്പകഞ്ചേരി ചന്ത - തേവർക്കുളം റോഡ്
F	റഹ്മത്ത് നഗർ - തേക്കിൻ പാലം റോഡ്
G	കാവപ്പുര - ചാലിക്കുന്ന് - തേവർക്കുളം റോഡ്
VIII A	ഐരാനി - നെല്ലക്കുന്നു റോഡ്
IX A	പുത്തനത്താണി ബാവപ്പടി - വലിയതോട് ചാന്നേരി
B	കല്ലിങ്ങൽ - ആശാരിത്തൊടി റോഡ്
C	കല്ലിങ്ങൽ - ഈങ്ങാംചിറ റോഡിൽ നിന്നും ഐരാനിത്തോട് റോഡ്
D	പൊറ്റേത്തെപടി - ഈങ്ങേങ്ങൽച്ചിറ
X A	നെല്ലിക്കുന്നു - പാടത്തെ പീടിക റോഡ്
B	ഇല്ലത്തെക്കുളം കുട്ടികളത്താണി, ഇല്ലത്തക്കുളം റോഡ് - നെല്ലിക്കുന്നു റോഡ്
XI A	പാടത്തെ പീടിക - മന്ത്രേരിപ്പള്ളി റോഡ്
B	ചെറിപ്പടിക്കുന്ന് - മാടമ്പത്തു പറമ്പ് റോഡ്
C	പാടത്തെ പീടിക - നെല്ലിക്കുന്നു റോഡ്
D	എണ്ണട്ടപ്പള്ളിയാൽ - മരക്കാട് നിലം റോഡ്
E	ഒടുവത്തു പറമ്പ് - ഏലക്കുടൽ പറമ്പ് റോഡ്
F	പന്താവൂർ - മാടമ്പത്തു പറമ്പ് റോഡ്

ഊർജ്ജം

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് കൽപകഞ്ചേരിയിലും പരിസരപ്രദേശങ്ങളിലെയും വീടുകളിൽ ബൾബുകൾ പ്രകാശിപ്പിച്ചതോട് കൂടിയാണ് കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആധുനികതയുടെ അടിസ്ഥാന ഊർജ്ജ സ്രോതസ്സായ വൈദ്യുതി എത്തിയത് നീണ്ട 30 വർഷങ്ങൾ പിന്നിട്ടെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. എടരിക്കോട് 66 K.V സബ്സ്റ്റേഷ നിൽ നിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള 15 ട്രാൻസ്ഫോർമറുകളിൽ മിക്കവയും അധികഭാരം വഹിക്കുന്നവയാണ്.

ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രധാനപ്രശ്നമാണ് വോൾട്ടേജ് ക്ഷാമം പഞ്ചായത്തിന്റെ അധികഭാഗങ്ങളിലും 6 മണിമുതൽ 9 മണിവരെ 20 വോൾട്ടിൽ താഴെ മാത്രമെ വോൾട്ടേജ് ലഭിക്കുന്നുള്ളൂ. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വൈദ്യുതി ഏറ്റവും കൂടുതൽ ആവശ്യമായ സമയവും കൂടിയാണിത്

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും കാണിക്കുന്ന പട്ടിക

നമ്പർ	ട്രാൻസ്ഫോർമർ സ്ഥലം	കപ്പാസിറ്റി
1.	KLPY മാമ്പ്ര	160 KVA
2.	ചാലിക്കുന്ന്	100 "
3.	പൊറ്റത്തപ്പടി	160 "
4.	പൊട്ടേങ്ങൽപ്പടി	250 "
5.	തവളംചിന	160 "
6.	മഞ്ഞച്ചോല	100 "
7.	പാറക്കല്ല്	160 "
8.	രണ്ടാൽ	100 "
9.	പാടത്തെപീടിക	100 "
10.	ചിനക്കൽ - മുതുപറമ്പ്	250 "
11.	കിഴക്കെപുറം	100 "
12.	രണ്ടത്താണിടൗൺ	250 "
13.	കല്ലിങ്ങൽ	100 "
14.	പാറപ്പുറം	160 "
15.	കാവുംപടി	100 "

പ്രശ്നങ്ങൾ

a. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

b. 7 പഞ്ചായത്തുകൾക്കായി ഒരു മേജർ സെക്ഷൻ മാത്രമെയുള്ളൂ.

c. കല്ലിങ്ങൽ ലക്ഷംവീട് കോളനി, രണ്ടാൽലക്ഷം വീട് കോളനി, തണ്ണീർപാൽ ലക്ഷം വീട് കോളനി തുടങ്ങിയ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.

d. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഇലക്ട്രിക്ക് ലൈനുകൾ ഇല്ല.

e. കൽപകഞ്ചേരി പഞ്ചായത്തിൽ ചില ഭാഗങ്ങളിലൂടെ കടന്നുപോവുന്ന ത്രീഫേയ്സ് ലൈനുകളിൽ നിന്ന് അധികൃതരുടെ അനുവാദത്തോടെയും, അല്ലാതെയും അനധികൃതമായി വൈദ്യുതി മോഷണം നടക്കുന്നു.

f. പഞ്ചായത്തിലെ വോൾട്ടേജിന്റെ അവസ്ഥ വളരെ ശോചനീയമാണ്.

g. ചില വീടുകളിലും, പീടികയിലുമുള്ള സ്റ്റപ്പിന്റെ ഉപയോഗം മറ്റുള്ളവർക്ക് പ്രയാസം ഉണ്ടാക്കുന്നു.

h. ചെറുകിട വ്യവസായമായ ഫ്ളോർമിൽ, സോമിൽ, എന്നിവയ്ക്ക് ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കുറവും കരന്റ് ലോഡും കാരണം പ്രവർത്തനത്തിനു തടസ്സം നേരിടുന്നു.

സാധ്യതകൾ

കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിലെ വർദ്ധിച്ച വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി കാർത്തല (കറവുംപുറം) 66 K.V സബ്സ്റ്റേഷൻ പണി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. അപ്രകാരം തന്നെ എടരിക്കോട് നിവിലുള്ള 66.K.V സബ്സ്റ്റേഷന്റെ കപ്പാസിറ്റി 110 K.V A ആയി വർദ്ധിപ്പിക്കുകയും എടരിക്കോട് ഡീസൽ വൈദ്യുതി നിലയത്തിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി പഞ്ചായത്തിനു സ്വന്തമായി ഒരു ഇലക്ട്രിസിറ്റി സബ്ഡിവിഷൻ ഓഫീസ്സും പണം വാങ്ങിക്കുന്നതിനു കടുങ്ങാത്തുകുണ്ട്, തോഴനൂർ തുടങ്ങിയ സ്ഥലങ്ങളിൽ കൗണ്ടറുകളും ആരംഭിക്കാത്തതോടൊപ്പം അതിലേക്കാവശ്യമായ ഉദ്യോഗസ്ഥൻമാരേയും നിയമിക്കേണ്ടതാണ്. ചുരുങ്ങിയത് '17' ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി സ്ഥാപിക്കുകയും കാലക്രമേണ ആവശ്യപ്പെടുന്ന ഭാഗങ്ങളിൽ സ്ഥാപിക്കാൻ നടപടികൾ ഉണ്ടാവുകയും വേണം.

പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങളും ട്രാൻസ്ഫോർമറുകൾ

സ്ഥാപിക്കേണ്ടതായ വിവരങ്ങളുടെ പട്ടിക

ക്രമ നമ്പർ	പുതിയലൈൻ വലിക്കേണ്ടസ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം (മനുഷ്യപ്രയത്നം)
1.	9-ാം വാർഡിൽ കല്ലുങ്ങൽ മുതൽ നെല്ലിക്കുന്ന്	1600	3 PH	നെല്ലിക്കുന്ന്	30000	50 മനുഷ്യപ്രയത്നം
2.	10-ാം വാർഡിൽ രണ്ടാൽ- മുക്കിൽപീടികവരെ ലൈൻ	1800മീ	3PH	മുക്കിൽ പീടിക	45000	100 മ. പ്ര
3.	11-ാം വാർഡിൽ കണ്ണം കടായ് കിഴക്കെ പാറവരെ	1 K.M	1 P.H	കിഴക്കെപ്പാറ	20000	50 മ. പ്ര
4.	3-ാം വാർഡിൽ വളഞ്ഞതോട് മുതൽ ചേക്കും പെട്ടിവരെ	1400 മീ	3PH	വളഞ്ഞതോട്	25000	60 മ. പ്ര
5.	4-ാം വാർഡിൽ ചിന്നംപടി മുതൽ ചവിടിക്കുന്ന് വരെ	1200 മീ	3PH	ചിന്നംപടി	30000	60 മ. പ്ര
6.	8-ാം വാർഡിൽ കല്പകഞ്ചേരി അങ്ങാടി- ഐരാനിവരെ	900 മീ	3 HP	കല്പകഞ്ചേരി	20000	50 മ. പ്ര
7.	5-ാം വാർഡിൽ കാനാഞ്ചേരി -ഉമ്മർപടി-വാരിയത്ത് വരെ	1400	3 PH	കാനാഞ്ചേരി	25000	50 മ. പ്ര
8.	തവളംചിന - നൊട്ടപ്പുറം വരെ (6-ാം വാർഡിൽ)	1600 മീ	3PH	നൊട്ടപ്പുറം	30000	60 മ.പ്ര
9.	കുരിച്ചന - കല്ലുങ്ങൽപ്പറമ്പ് ലൈൻ 3-ാം വാർഡ്	500 മീ	3 PH	കുരിച്ചിന	15000	50 മ. പ്ര
10.	കുണ്ടംചിന - കടിയാപുറം (2-ാം വാർഡിൽ	900മീ	3PH	കുണ്ടംചിന	15000	50 മ. പ്ര
11.	രണ്ടത്താണി മുച്ചിക്കൽ ഈസ്റ്റ് സ്കൂൾ	1200 മീ	3PH	ഈസ്റ്റ് സ്കൂൾ	25000	50 മ. പ്ര
12.	പുത്തനത്താണി - കാനാഞ്ചേരി	800 മീ	3PH	കാനാഞ്ചേരി	20000	50 മ. പ്ര.
13.	ചാലിക്കുന്ന് മണ്ടായപ്പുറം പടിവരെ ലൈൻ വലിക്കൽ	800മീ 800 മീ	3PH 3PH	മണ്ടായപ്പുറംപടി	20000	50. മ.പ്ര
14.	ചാലിക്കുന്ന് -നെച്ചിക്കുണ്ട് വരെ ലൈൻ വലിക്കൽ	500 മീ.	3PH	നെച്ചിക്കുണ്ട്	15000	50 മ. പ്ര
15.	മുതുപറമ്പ് ചെറുശ്ശോല പള്ളിവരെ	800 മീ.	3PH	പെറുശ്ശാല പള്ളിസമീപം	20000	50 മ. പ്ര
16.	കല്ലുവെട്ടി കണക്കാം കുന്നുവരെ	1000 മീ	3 PH	കണക്കാംകുന്ന്	20000	50 മ. പ്ര
17.	മുതുപറമ്പ് ചിറ്റാണിവരെ	800 മീ	3PH	ചിറ്റാണി	18000	50 മ. പ്ര

ഇപ്പോൾ നിലവിലുള്ള സ്ട്രീലൈറ്റുകൾ സ്ഥാപിച്ച ലൈനുകൾക്ക് പുറമെ താഴെ പറയുന്ന സ്ഥലങ്ങളിൽകൂടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

1. ഈസ്റ്റ് റോഡ്
2. രണ്ടത്താണിവാരിയത്ത് - കുറുകത്താണിറോഡ്
3. കുറുകത്താണി - കുണ്ടംചിനകാനഞ്ചേരി റോഡ്
4. മേലങ്ങാടി - പൊട്ടേങ്ങൽ പടി റോഡ്
5. മാമ്പ - കാവുപ്പുര റോഡ്
6. കല്ല് വെട്ടികണക്കാം കുന്ന് റോഡും കുണ്ടം പിടിവി പൊരിട്റോഡും
7. മഞ്ഞച്ചോല - അതിരുമടറോഡും
8. മാമ്പ - പാറക്കല്ല് റോഡ്
9. അതിരുമട - കാനാഞ്ചേരി റോഡ്
10. കാവുംപടി. വളഞ്ഞതോട് റോഡ്
11. മയ്യേരിച്ചിറ - പൊട്ടേങ്ങൽ പടിറോഡ്
12. തോട്ടായ് റോഡ്
13. കല്ലിങ്ങൽ പാറവന്നൂർ ചോല റോഡ്
14. കുട്ടികളത്താണി - ഇല്ലത്തൂക്കുളം റോഡ്
15. കല്ലിങ്ങൽ - കുടികളത്താണി റോഡ്
16. കാഴക്കെപാറ റോഡ്
17. M.A മൂപ്പൻ റോഡ്
18. അൽമനാർ ഈസ്റ്റ് റോഡ്

നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും വേണം. മുഴുവൻ സിംഗിൾഫേയ്സുകളും ത്രീഫേയ്സുകളാക്കി ഉയർത്തുക,മരക്കമ്പുകളും, മറ്റും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന പ്രശ്നങ്ങൾ നീക്കം ചെയ്യുക. നിയന്ത്രണമില്ലാതെ സ്റ്റെപ്പപ്പുകൾ ഉപയോഗിക്കുന്നത് തടയുക. കഴിയുന്നത്ര ലൈറ്റുകൾ റോഡുകളിലൂടെ ഒരുക്കുക. ഓരോ ജംഗ്ഷനുകളിലും ഫ്യൂസുകൾ സ്ഥാപിക്കുക.

ഓരോ മാസവും നിർബന്ധമായും റീഡിംഗ നടത്തുകയും അതിനനുസരിച്ച് കാഷ് ഈടാക്കുകയും ചെയ്യുക. ആവശ്യമായ ലൈൻമാൻമാരെ നിയമിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും, ഉള്ള സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യേണ്ടതാണ്. ബോർഡ് ജീവനക്കാരിൽ ചിലരുടെ കാര്യക്ഷമമില്ലാത്ത പ്രവർത്തനങ്ങളെ കുറിച്ച് എല്ലാ ഗ്രാമസഭകളിലും പരാതിപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനമുണ്ടാക്കുകയും ഗ്രാമപഞ്ചായത്തുകൾക്ക് വൈദ്യുത മേഖലയിൽ അതാത് തലങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും വേണം.

ഗ്രാമപഞ്ചായത്തിലെ അധികവീടുകളിലും പാചകത്തിനു വിറകാണ് ഉപയോഗിക്കുന്നത്. ഗ്യാസ്, മണ്ണെണ്ണ വൈദ്യുതി

സോഡിയം വേപ്പർ ലേമ്പുകൾ സ്ഥാപിക്കുക

പ്രദേശങ്ങൾ

കിഴക്കെപാറ

തേക്കിലക്കാട്

ആരോഗ്യകേന്ദ്രം (P.T ബസാർ)

അൽമനാർ സ്കൂളിന് സമീപം

കാഞ്ഞീരത്തടം

കല്ലിങ്ങൽ ലക്ഷം വീട് കോളനി

മഞ്ഞച്ചോല

മേലങ്ങാടി

റഹ്മത്ത് നഗർ (നെച്ചിക്കുണ്ട്)

തോട്ടായി

മുക്കിലെ പീടിക

രണ്ടാൽ

കുണ്ടം ചിന

കടിയാപുറത്ത് പടി

കുണ്ടംപിടാവ്

പൊരിയാട്

കല്ലിങ്ങൽ പറമ്പ്

പൊട്ടേങ്ങൽപടി

ഈസ്റ്റ് സ്കൂളിന് സമീപം

മണ്ടായപുറം പടി

പാറാംകുളം

തുടങ്ങിയ പാചകത്തിനു ഉപയോഗിക്കുന്നവർ കുറവാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം, അപൂർവ്വമാണ് (വളരെ കുറവാണ്) സോളാർ വിളക്കുകളുടെ പ്രചാരണത്തിനു വേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് ബോധവൽക്കരണ പരിപാടി നടത്തേണ്ടതാണ്. വീടുകളിൽ വൈദ്യുതിയുടെ ഒരുപയോഗം തടയാൻ വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, മാതൃകാപരമായി കുറഞ്ഞ ഊർജ്ജം വിനിയോഗിച്ച് ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

പട്ടിക III

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

No	വാർഡ്	പ്രദേശം
1.	3	പള്ളിയാൽ കോളനി
2.	3	ഓളിയാട് - മാലറമ്പ്
3.	5	കണക്കാംകുന്ന്
4.	6	മഞ്ഞച്ചോല-CHറോഡ്ഭാഗങ്ങൾ
5.	6	ആമച്ചേരി - പെരുകുളമ്പ്
6.	6	കുന്നത്തുപ്പടി
7.	8	മേലങ്ങാടി കോറിപ്രദേശം
8.	9	കല്ലുങ്കൽ O.L.H.S കോളനി
9.	10	നെല്ലിക്കുന്ന് - കൗളിയാൽ
10.	10	തണ്ണീർചാൽ O.L.H.S കോളനി
11.	10	രണ്ടാൽ O.L.H.S കോളനി
12	10	ചോലക്കുന്ന്

സൂര്യപ്രകാശം വിനിയോഗിച്ച് ഗാർഹികാവശ്യത്തിനും, തെരുവ് വിളക്കുകൾക്കും സോളാർ ലാംമ്പുകളെ ആധാരമാക്കിയുള്ള ഊർജ്ജ ലഭ്യതക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

ബയോഗ്യാസിന്റെ ഉൽപാദനവും കുറഞ്ഞതോതിലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. ഏറെക്കുറെ വീടുകളിലെങ്കിലും പശുവിനെ വളർത്തുന്നതിനാൽ ബയോഗ്യസിന്റെ സാധ്യത തള്ളിക്കളയാവുന്നതല്ല.

വൈദ്യുത ബോർഡിന്റെ വികസന പ്രവർത്തനത്തിനു വിഘാതമായി നിൽക്കുന്നത് മെറ്റീരിയൽസിന്റെ അഭാവമാണ്. അതിനാൽ മെറ്റീരിയൽസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും അതിനോടൊപ്പം ഇലക്ട്രിക്ക് പോസ്റ്റിന്റെ നിർമ്മാണയൂണിറ്റ് പഞ്ചായത്തിൽ തുടങ്ങാൻ കഴിയുമോ എന്ന് ആലോചിക്കുകയും വേണം.

മാർക്കറ്റ്

കല്പവൃക്ഷങ്ങളുടെ നാടായ കല്പകഞ്ചേരിയിൽ നാളികേരം, അടയ്ക്ക, വെറ്റില എന്നിവയ്ക്കുള്ള വിപണനസാദ്ധ്യത വളരെക്കുറവാണ്. അതുകൊണ്ടു തന്നെ ആഴ്ചച്ചന്തയുടെ ആവശ്യകതയും, ഒരു സ്ഥിരം വിപണ കേന്ദ്രത്തിന്റെ ആവശ്യകതയുമാണ് ഗ്രാമസഭകളിൽ ഉയർന്നുകേട്ടത്.

നാളികേരം, അടയ്ക്ക, വെറ്റില തുടങ്ങിയവയിൽ എന്നും കയറ്റി അയയ്ക്കുന്ന ഒരു ഉല്പന്നമാണ് വെറ്റില. അതുകൊണ്ട് ഇതിന് ഒരു സ്ഥിരം വിപണന കേന്ദ്രം ഉണ്ടായാൽ വെറ്റിലകൃഷിക്കാരിൽ ഒരു പുത്തനുണർവ്വുണ്ടാക്കാൻ കഴിയും. മാത്രമല്ല. തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കും. തെങ്ങുകളുടെ ശരിയായ പരിപാലനത്തിനും അതുവഴി സാമ്പത്തിക ലാഭം നേടുന്നതിനും നാളികേരത്തിന് ഒരു വിപണ കേന്ദ്രം ആവശ്യമാണ്. തേങ്ങയുടെ വില കൂടാനാണ് എല്ലാ കർഷകരും ആഗ്രഹിക്കുന്നത്. അതിന് സഹായകമാകും വിധത്തിൽ ഒരു നാളികേര സംസ്കരണ കേന്ദ്രം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഈ പഞ്ചായത്തിൽ കൃഷിസ്ഥലത്തിന്റെ നാല്പതു ശതമാനത്തോളം കവുങ്ങു കൃഷിയുണ്ട്. എന്നാൽ വേണ്ടരീതിയിൽ അടയ്ക്ക വിലപന നടത്താനുള്ള ഒരു വിപണന കേന്ദ്രമില്ല. അടയ്ക്കയ്ക്കും ഒരു വിപണകേന്ദ്രവും സംസ്കരണകേന്ദ്രവും തുടങ്ങേണ്ടതാണ്.

കല്പകഞ്ചേരി പഞ്ചായത്തിൽ ദശാബ്ദങ്ങളായി നിലനിന്നിരുന്ന ബുധനാഴ്ചച്ചന്ത ഇന്ന് ഉന്മേഷമില്ലാത്ത ഒരു സ്ഥിതിയിലാണ്. അതുകൊണ്ട് അവിടത്തെ കെട്ടിടങ്ങൾ ഉചിതമായ രീതിയിൽ ക്രമീകരിക്കുകയും അവിടെ പ്രധാന വിപണന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുമാണ്.

കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മത്സ്യ മാംസ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് വീഴാറായതും വൃത്തിയില്ലാത്തതുമായ കെട്ടിടങ്ങളിലാണ്. ഇത്തരം മത്സ്യ മാംസ മാർക്കറ്റുകൾ പുനർനിർമ്മിക്കുകയും, ഇല്ലാത്ത സ്ഥലങ്ങളിൽ ഇത്തരം മാർക്കറ്റുകൾ തുടങ്ങേണ്ടതുമാണ്. പുത്തനത്താണിയുടെ പ്രധാന ഭാഗങ്ങൾ ഈ പഞ്ചായത്തിലാണെങ്കിലും ഇവിടെയും ഒരു മത്സ്യമാംസ മാർക്കറ്റിന്റെ അപര്യാപ്തത കാണപ്പെടുന്നു. അതുകൊണ്ട് ഇവിടെയും ഒരു പൊതു മത്സ്യമാംസ മാർക്കറ്റ് തുടങ്ങുന്നത് ജനങ്ങൾക്ക് വള

രെയധികം പ്രയോജനപ്പെടും.

മത്സ്യ മാംസ മാർക്കറ്റുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം അവശിഷ്ടങ്ങൾ തോടുകളിലും, റോഡിന്റെ വശങ്ങളിലും നിക്ഷേപിക്കുന്നു എന്നതാണ്. ഇത് പരിസരമലിനീകരണത്തിന് ഇടവരുത്തുന്നു. ഇത്തരം പ്രവണതകൾ തടയേണ്ടതാണ്. ശരിയായ രീതിയിൽ അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനങ്ങൾ ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ വർഡുകളിലും ആരംഭിക്കേണ്ടതാണ്.

സഹകരണ മേഖലയിലും കല്പകഞ്ചേരി പഞ്ചായത്ത് പുരോഗതിയിലേക്ക് എത്തിയിട്ടില്ല. കാർഷിക ഉല്പന്നങ്ങൾക്ക് വിപണനകേന്ദ്രം ഉണ്ടാക്കുന്നതിൽ സഹകരണ മേഖലയും ശ്രദ്ധിക്കേണ്ടതാണ്.

സാദ്ധ്യതകൾ

1. പുത്തനത്താണിയിൽ ഒരു ആഴ്ചച്ചന്ത ആരംഭിക്കുക
2. സ്ഥിരം വിപണന കേന്ദ്രം സ്ഥാപിക്കുക
3. അടയ്ക്ക, നാളികേരം തുടങ്ങിയവയുടെ സംസ്കരണത്തിനുള്ള കേന്ദ്രം സ്ഥാപിക്കുക
4. നിലവിലുള്ള ആഴ്ചച്ചന്ത സജീവമാക്കുക
5. മത്സ്യ-മാംസ മാർക്കറ്റ് ശാസ്ത്രീയമായി പുനർനിർമ്മിക്കുക
6. പുതിയ മാർക്കറ്റുകൾ ആരംഭിക്കുക
7. മാംസത്തിന്റെ അവശിഷ്ടങ്ങൾ തോടുകളിലും റോഡികളിലും നിക്ഷേപിക്കുന്നതു തടയാൻ നിയമം കൊണ്ടു വരുക.
8. സഹകരണ മേഖലയിൽ പൊതു മാർക്കറ്റ് തുടങ്ങുക
9. മാർക്കറ്റിലെ വിലനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക
10. പുത്തനത്താണിയിലും അതിരുമടയിലും നവീനവും ശാസ്ത്രീയവുമായ രീതിയിൽ മത്സ്യമാംസ മാർക്കറ്റ് ആരംഭിക്കുക
11. തോഴനൂർ, പുത്തനത്താണി, കടുങ്ങാത്തുണ്ട്, അതിരുമട എന്നിവിടങ്ങളിൽ പുതുതായി മാർക്കറ്റുകൾ സ്ഥാപിക്കുക

5(7) പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം, എന്നിവ. ഭക്ഷണവും വസ്ത്രവുമായാൽ കയറിയിരിക്കാനും അന്തിയുറങ്ങാനുമുള്ള ഒരു ഇടം എല്ലാ മനുഷ്യന്റെയും ആവശ്യവും സ്വപ്നവുമാണ്. അതുകൊണ്ടായിരിക്കണം തൊഴിലന്വേഷിച്ചു ഗൾഫിൽ എത്തുന്ന നമ്മുടെ ചെറുപ്പക്കാർ അവരുടെ അദ്ധ്വാനഫലത്തിന്റെ ഭൂരിഭാഗവും ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ചെവലിടുന്നത്. എങ്കിലും ഈ ആഗ്രഹങ്ങൾ അനാവശ്യമായ വലുപ്പത്തിലും രൂപത്തിലുമായി പ്പോകുന്നു എന്നുള്ളത് ശുഭോതർക്കമല്ല. ഗൾഫ് പണം ഒരളവോളം നമ്മുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ പര്യാ

പഞ്ചായത്തിലെ വീടുകളുടെ തരം തിരിച്ചുള്ള പട്ടിക

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങൾ	കോൺഗ്രീറ്റു കെട്ടിടങ്ങൾ	ഓട്	ഓല/കുടിൽ	വേനരഹിതർ
1.	567	168	69	332	166	46
2.	519	158	93	264	162	52
3.	642	178	120	392	130	40
4.	365	143	25	160	180	32
5.	572	224	89	257	226	36
6.	690	229	95	354	271	42
7.	875	438	251	397	227	52
8.	546	269	68	260	218	38
9.	650	217	46	351	253	68
10.	430	207	63	161	206	42
11.	545	196	52	262	231	45

പ്തമായിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ കുടുംബങ്ങളിൽ വലിയൊരുവിഭാഗം ഇടത്തരക്കാരും കൂലിവേലക്കാരുമാണ്. ആയതിനാൽ ആ രംഗത്ത് പ്രശ്ന പരിഹാരത്തിന് ആസൂത്രിതമായ നീക്കങ്ങൾ ഉണ്ടാവണം.

പഞ്ചായത്തിലെ നിലവിലുള്ള 6401 വീടുകളെ ഇരുനിലയുള്ളത്, ടെറസ്, ഓടിട്ടത്, കുടിലുകൾ എന്നിങ്ങനെയായി തരം തിരിക്കാം. അവയുടെ കണക്ക് വാർഡ് തിരിച്ച് പട്ടികയായി താഴെ ചേർക്കുന്നു.

പ്രധാനറോഡുകളുടെ സമീപത്താണ് വീട് വെക്കാൻ ജനങ്ങൾ താൽപ്പര്യം കാണിക്കുന്നത്. എന്നാൽ ഭൂമിയുടെ അപര്യാപ്തതയും മറ്റു സൗകര്യങ്ങളുടെ കുറവും വയലുകൾ നികത്തി വീടുണ്ടാക്കുവാനുള്ള പ്രവണത വർദ്ധിച്ചു വരുന്നതായി കാണുന്നു. ഈ രംഗത്തുള്ള പ്രശ്നങ്ങളെ താഴെ കാണുവിധം സംഗ്രഹിക്കാം.

1. ഒരു വിഭാഗം കുടുംബങ്ങൾ വരുമാനത്തിന്റെ ഭൂരിഭാഗവും മുടക്കി വലിയ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു.

2. വലിയൊരു വിഭാഗം കുടുംബങ്ങൾ ഭൂമിയുടെ അപര്യാപ്തതയും ഉയർന്ന വിലയും കാരണം വീടുവെക്കുവാനുള്ള സ്ഥലം ലഭ്യമാവാത്തതിൽ ബുദ്ധിമുട്ടുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങൾ പഞ്ചായത്തിൽ '493' വരും.

3. മൂന്നാമതൊരു വിഭാഗം കുടുംബങ്ങൾ കൂരകൾ നിർമ്മിച്ച് താമസിക്കുന്നു. എങ്കിലും തറ, ചുമർ, മേൽക്കൂര എന്നിവ സ്ഥിരവും, ഭദ്രവുമല്ലാത്തതിനാൽ വാർഷിക അറ്റകുറ്റ പണികൾ കൊണ്ടും അസൗകര്യങ്ങൾ കൊണ്ടും ബുദ്ധിമുട്ടുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ ഇത്തരം കുടുംബങ്ങൾ 412 ഉണ്ട്.

രണ്ടാമത് കാണിച്ച വിഭാഗം കുടുംബങ്ങൾ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം വീടം വീടുവെക്കാൻ സ്ഥലവും ഇല്ലാത്തവരുമാണെങ്കിൽ മൂന്നാമത്തെ വിഭാഗം സ്വന്തമായും ഉദാരമനസ്കരുടെ സഹായങ്ങളും കൊണ്ട്കെട്ടിയുണ്ടാക്കിയ കൂരകൾ സംരക്ഷിക്കാനും, അഭിവൃദ്ധിപ്പെടുത്താനും സാധിക്കാതെ കഷ്ടപ്പെടുന്നവരാണ്. ഇതിനുള്ള കാരണങ്ങൾ താഴെ ചേർക്കുന്നു.

1. നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റം

2. നിർമ്മാണ തൊഴിലാളികളുടെ ലഭ്യതകുറവ്.

3. ഉയർന്ന കൂലിനിരക്ക്

4. ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുക.

5. വായ്പകളെ സംബന്ധിച്ചുള്ള അജ്ഞതയും ലഭിക്കാനുള്ള പ്രയാസവും, നിയമത്തിന്റെ ഉരാക്കുടുക്കുകളും, ലഭിക്കുന്ന സംഖ്യയുടെ അപര്യാപ്തതയും, തിരിച്ചടക്കാൻ കഴിയാതെ വന്നാൽ എന്തു സംഭവിക്കുമെന്ന ഭയവും, സഹായധനങ്ങളുടെ തോത് കുറവും, പദ്ധതി വിഹിതത്തിന്റെ അപര്യാപ്തതയും

പഞ്ചായത്തിൽ വർഷങ്ങളായി വിവിധ സ്കീമുകളിലൂടെ ഈ രംഗത്ത് നടന്ന പ്രവൃത്തികളുടെ വിവരങ്ങൾ പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക II

സഹായ വായ്പാ സ്കീമുകളിലെ ഭവന ലഭ്യത

വർഷം	RLEGR	NREP	IAY	MWS	JRY	കൈരളി	ആകെ
86-87	-	1	-	-	-	-	1
87-88	-	1	-	-	2	12	15
92-93	-	-	-	-	1	-	1
95-96	-	-	10	3	-	-	13
ആകെ	-	2	10	3	3	12	30

പാർപ്പിട പ്രശ്നമുള്ള രണ്ട് വിഭാഗത്തിലും കൂടി പഞ്ചായത്തിലാകെ 74 ഹരിജൻ കുടുംബങ്ങളും ഉൾപ്പെടുന്നു.

പരിഹാരങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു

ആർഭാടത്തിനും മറ്റുമായുള്ള കൂറ്റൻ വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക, പൂർണ്ണ സഹായങ്ങളും അപൂർണ്ണ സഹായങ്ങളുമായി നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ തോത് വർദ്ധിപ്പിക്കുകയും വിലക്കയറ്റത്തിനനുസരിച്ച് സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുക. ഉദാഹരണം IAY, MWS, JRY തുടങ്ങിയവ 15800 ൽ നിന്നും 30000 രൂപയായും, രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50000 രൂപയായും ഉയർത്തുക. ഭവന നിർമ്മാണ ബോർഡ് LIC മറ്റ് ബാങ്കുകൾ തുടങ്ങിയവ നടപ്പാക്കുന്ന ലോണുകളെയും, സ്കീമുകളെയും സംബന്ധിച്ച് ആവശ്യക്കാരൻ അറിയാനും അതുവഴി അത് ഉപയുക്തമാക്കാനുള്ള അവസരങ്ങൾ സാങ്കേതിവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക, അപേക്ഷകൾ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക. കാലതാമസം ഒഴിവാക്കാനും സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാനും സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുമുള്ള അധികാരം

ഗ്രാമപഞ്ചായത്ത് മെമ്പർക്ക് നൽകുക, പ്രകൃതിക്ഷോഭ പുന രതിവാസ പദ്ധതി ലഭ്യമാക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴി വാക്കുകയും, പദ്ധതി പഞ്ചായത്ത് മുഖേന നടപ്പാക്കുകയും ചെയ്യുക, കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം പിടിച്ചു നിർത്താൻ സിവിൽ സപ്ലൈസിന്റെ ഇടപെടൽ അഭികാര്യമായിരിക്കും.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കാൻ അവർക്ക് പ്രാഥമികമായി ഭൂമി ആവശ്യമുണ്ട്. നമ്മുടെ പഞ്ചായത്തിൽ മിച്ച ഭൂമിയും, മറ്റുപുറംപോക്ക് ഭൂമികളും ഇല്ലെന്ന് മാത്രമല്ല. ഭൂമിയുടെ വില വളരെ ഉയർന്നതുമാണ്. ഈ രംഗത്ത് സന്നദ്ധ സംഘടനകളുടെയും സാമൂഹ്യതൽപ്പരരുടെയും ഭവന നിർമ്മാണ സഹകരണങ്ങളുടെയും പങ്ക് ഉപയോഗപ്പെടു ത്താൻ കഴിയും. ഭവന നിർമ്മാണ രംഗത്ത് സഹായങ്ങൾ നൽകാൻ കോ- ഓപ്പറേറ്റീവ് മേഖലയിൽ സംരഭങ്ങൾ തുട ങ്ങണം. വാർഡ് തലത്തിലോ പഞ്ചായത്ത് തലത്തിലോ ഭൂമി കൾ കണ്ടെത്തി സംഘമായി ഭൂമി വാങ്ങിച്ചു പ്ലോട്ട് അടി സ്ഥാനത്തിൽ തവണവ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതികളും ആവിഷ്ക്കരിക്കാവുന്നതാണ്. സന്നദ്ധസംഘടനകളുടെ നിർലോഭ സഹകരണങ്ങൾ. ഉണ്ടാ യാൽ പഞ്ചായത്തിനു ആ വഴിക്ക് ചിന്തിക്കാനും ലക്ഷ്യത്തി നുവേണ്ടി പ്രവർത്തിക്കാനും കഴിയും.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള വരെ ഉയർത്തിക്കൊണ്ടു വരാനുതകുന്ന ദാരിദ്ര നിർമ്മാർജ്ജ നപദ്ധതിയും വിവിധ മേഖലകളിൽ അദ്ധ്യാനിക്കുന്ന സംഘ ടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമ പദ്ധതികളു മാണ് നിലവിലുള്ളത്.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹ കരണത്തോടെയുള്ള ക്ഷേമനിധിയും സന്നദ്ധ സംഘടനക ളുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിലൂടെ നടപ്പാ ക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, മുസ്ലീംഗേൾസ് സ്കോളർഷിപ്പും SC വിദ്യാർത്ഥികൾക്കുള്ള ലെംപ്സംഗ്രന്റ് എന്നിവയും സാമൂഹ്യക്ഷേമത്തെ ലക്ഷ്യമാ ക്കിയുള്ളതാണ്.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസന കോർപ്പറേഷനും, വനിതാവികസന കോർപ്പറേഷനും, നിലി വിലുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇവയുടെ പ്രവർത്തന മില്ല. ഇവയുടെ അഭാവം ഒരളവുരെ സമൂഹത്തിലെ പിന്നോ ക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെയും സ്ത്രീകളുടെയും പുരോഗതിയിൽ വേണ്ട മാറ്റങ്ങൾ നട ത്താൻ കഴിയുന്നില്ല.

പഞ്ചായത്തിൽ 100% സാക്ഷരത കൈവരിച്ചെങ്കിലും സാധാരണക്കാർക്ക് പദ്ധതികളെ കുറിച്ചുള്ള അജ്ഞത പ്രശ്നങ്ങൾ ഔദ്യോഗിക തലത്തിലെത്തിക്കുന്നതിനുള്ള കാലതാമസം, ഉദ്യോഗസ്ഥ തലത്തിൽ നിന്നും സാധാരണ ക്കാരനിലേക്കുള്ളആശയ വിനിമയത്തിനുള്ള കാലതാമസം പ്രശ്നപരിഹാരത്തിനായി നിർദ്ദേശിക്കുന്ന കാര്യങ്ങൾ, പൂർത്തികരിക്കാൻ കഴിയാത്ത നൂലാമാലകൾ ഇവയെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ അർഹരായവർക്ക് ലഭിക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യങ്ങളാണ്.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ തൊഴിലുടമക്ക് ഭാരിച്ച സംഖ്യ ചെലവാകുന്നു. സാധനസാമഗ്രികൾ വാങ്ങു ന്നതിനും തൊഴിലാളികൾക്ക് കൂലി ഇനത്തിലുമാണ് ഇവ ചെലവാകുന്നത്. അസംഘടിത സംഘടിതമേഖലയിലെ തൊഴിലാളി സമൂഹത്തെ നിലനിർത്തുന്ന തൊഴിലുടമയുടെ സേവനം ഈ മേഖലയിൽ പ്രശംസനീയമാണ്.

കെട്ടിടം പണി പൂർത്തിയായാൽ ഉടമ ഗവൺമെന്റി ലേക്ക് വിവിധ ഇനങ്ങളിൽ നികുതി കൊടുക്കുവാൻ നിർബ ന്ധിതനാണ്. ഈ ഇനത്തിൽ ഒരു വലിയ സംഖ്യതന്നെ പഞ്ചായത്തുകൾക്കും വിവിധ ബോർഡുകൾക്കും വരുമാന മുണ്ട്. കെട്ടിടനികുതി ഇനത്തിലും തൊഴിലാളി ക്ഷേമ നിധി യിലേക്കും ഭാരിച്ച നികുതി ഈ പഞ്ചായത്തിൽ നിന്ന് തൊഴി ലുടമകൾ നൽകുന്നുണ്ടെങ്കിലും അർഹരായ തൊഴിലാളി കൾക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികളും കർഷകതൊഴിലാളി കളും, അസംഘടിതമേഖലയിൽ പെടുന്നവരാണ്. മോട്ടോർതൊഴിലാളികൾ സംഘടിത മേഖലയിലാണ്. നിർമ്മാണ പ്രവർത്തനമേഖലയിലെ അസംഘടിത തൊഴി ലാളികളെ സംഘടിത മേഖലയിൽ എത്തിക്കേണ്ടതുണ്ട്.

അസംഘടിത തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെ ടുത്തണം. അവരുടെ അവകാശങ്ങളെകുറിച്ചും ആനുകൂല്യ ങ്ങളെക്കുറിച്ചും അവരെ ബോധവാന്മാരാക്കണം. ജനപ്രതി നിധികൾക്കും സന്നദ്ധസംഘടനകൾക്കും ഉദ്യോഗ സ്ഥൻമാർക്കും തൊഴിലാളികൾക്കിടയിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയും. അവരുടെ സേവനം ഉപ യോഗപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ കേമ്പ് സംഘടിപ്പിച്ച് രജിസ്റ്റർ ചെയ്യാൻ സൗകര്യങ്ങൾ ഉണ്ടാക്കണം ഔദ്യോഗികമായ ഫോറങ്ങൾ മലയാളത്തിലാക്കണം. ഉദ്യോ ഗസ്ഥൻമാർക്ക് ഉത്തരവാദിത്തബോധമുണ്ടാവണം.

സാമൂഹ്യക്ഷേമ രംഗത്ത് നിന്ന് പഞ്ചായത്തിന് സഹായം ലഭിച്ചിരുന്നത് കല്പകഞ്ചേരി VEO, വില്ലേജ് ഓഫീസ് തുടങ്ങിയവ മുഖേനയാണ്. വിശദവിവരങ്ങൾ താഴെ

കൊടുക്കുന്നതോടൊപ്പം, പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദേശങ്ങളും താഴെ ചേർത്തിരിക്കുന്നു.

IRDP സർവ്വെ സഹായ ലഭ്യതാകണക്ക്

കല്പകഞ്ചേരി പഞ്ചായത്ത്

വർഷം	എണ്ണം	സബ്സിഡി	വായ്പ
92-93	17	40966	84416
93-94	12	31215	62935
94-95	21	87283	214067
95-96	23	95000	269176
ആകെ	73	254464	630594

DWCRA സഹായലഭ്യത

സ്ത്രീകളുടെയും, കുട്ടികളുടെയും ക്ഷേത്തിനായി പത്തോ അധിലധികമോ അംഗങ്ങൾ ചേർന്ന് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

DWCRA സഹായലഭ്യതാകണക്ക് (കല്പകഞ്ചേരി വില്ലേജ്) താഴെ ചേർത്തിരിക്കുന്നു.

വർഷം	യൂണിറ്റ്	SC.ST	മറ്റുള്ളവർ
93-94	1	2	8-8
94-95	-	-	-
95 96	-	-	-

ആകെ 1 യൂണിറ്റ്

ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതിയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് 'ട്രൈസം'

'ട്രൈസം' ലഭ്യതാ പട്ടിക താഴെ ചേർക്കുന്നു.

92-93	NIL
93 -94	2
94-95	NIL
95-96	1
ആകെ	3

ടൂൾ കിറ്റ് ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ടൂൾകിറ്റ് കൊടുത്തതിന്റെ കണക്കുകൾ താഴെ ചേർക്കുന്നു.

92-93	NIL
93-94- 2	സ്വർണ്ണപ്പണിക്കാർ
94-95- 4/3	സ്വർണ്ണപണിക്കാർ 1 കൊല്ലപ്പണി (കരുവാൻ)
95-96 -	NIL
ആകെ -	6

CRSP കക്കൂസുകൾ അനുവദിച്ചത്

(കല്പകഞ്ചേരി വില്ലേജ്)

വർഷം	എണ്ണം	തുക
93-94	10	20,000
94-95	5	10,000
95-96	4	8,000
ആകെ	19	38,000

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായ പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തുകളിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്നത്.

ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്നും യോഗ്യതയുള്ളവരെ കണ്ടെത്തി അവർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമുണ്ടാവണം. യഥാസമയങ്ങളിൽ ഫണ്ട് അനുവദിക്കാതിരിക്കുന്നത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും കൈമാറുന്നതിനും കാലതാമസമുണ്ടാകും. IRDP സ്കീമിൽ ലോണുകൾ വിതരണം ചെയ്യുന്നതിന് സർവ്വീസ് ബേങ്കിനെയും കൂടി പരിഗണിക്കാം.

പെൻഷനുകളെ സംബന്ധിച്ചുള്ള വിവരണം

വിധവാ, വാർദ്ധക്യ കാല പെൻഷനുകൾ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല.

ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരി

ക്കണം വരുമാനം കണക്കാക്കുന്നതിന് വിവാഹം കഴിച്ച ആൺ മക്കളുടെ വരുമാനം സ്വീകരിക്കാവുന്നതല്ല. ആൺമക്കൾ ഉണ്ടായിയെന്നതൊഴിച്ച് അവരെകൊണ്ട് ജീവിതത്തിൽ ഒരുപകാരവും ലഭിക്കാത്ത (റേഷൻ കാർഡിൽ പേരുണ്ട് എന്നുമാത്രം) ധാരാളം വയോവൃദ്ധരും, വിധവളും ഉണ്ട് എന്ന സത്യം നാം മനസ്സിലാക്കേണ്ടതാണ്.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ജില്ലാ ആശുപത്രിയായ മഞ്ചേരിയിൽ എത്തിച്ചേരുവാനുള്ള വിഷമവും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം വിഷമമുണ്ടാക്കുന്നു. വികലാംഗരെ ദൂരയാത്രയിൽ നിന്ന് ഒഴിവാക്കണം. ഇതിനു വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്ന് മാന്യമായ പരിഗണയും ലഭിക്കണം.

കർഷക തൊഴിലാളി പെൻഷൻ

പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകർക്കും കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല. അർഹരായ മുഴുവൻ കർഷകർക്കും പെൻഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. പെൻഷനർഹരായ കർഷകത്തൊഴിലാളികളെ തെരെഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നൽകുകയും അവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും വേണം.

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേദനത്തിനു അർഹരായ അഭ്യസ്ഥവിദ്യർ ധാരാളമുള്ള ഒരു പഞ്ചായത്താണിത്. തൊഴിലില്ലാത്തയുവാക്കളുടെ അഭിരുചിക്കനുസരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ട്രെയിനിംഗ് നൽകിയും ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകിയും തൊഴിലില്ലായ്മ പരിഹരിക്കാൻ പരിശ്രമിക്കണം.

ജനപ്രതിനിധികൾക്ക് പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുക.

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 14 എണ്ണമുണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ഐ. സി. ഡി. എസ്സിന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. അത്കൊണ്ട് തന്നെ അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. നിലവിലുള്ള അംഗൻ വാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസംതൃപ്തിയും ഉണ്ടാക്കുന്നു. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതും, സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടക്കാത്തതും ഒരു വലിയ പ്രശ്നം തന്നെയാണ്. വർക്കർ ഹെൽപ്പർ എന്നിങ്ങനെ 2 തസ്തികകളാണ് അംഗൻവാടിയിൽ ഉള്ളത്. രാവിലെ 9 മുതൽ 3 1/2 മണിവരെ ജോലിചെയ്യുന്നവർ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം നടത്തേണ്ടതായും വരുന്നു. ഇവരുടെ വേതനം വളരെ കുറവാണ്. ഇതിനുപരി ഹാരം കാണേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസരംഗത്തേക്കുള്ള കടന്ന് വരവ് എന്ന നിലയിൽ പ്രവർത്തിക്കുന്ന അങ്കൺവാടികളെ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും, വിദ്യാഭ്യാസ സാമൂഹ്യരംഗത്തെ ഭാവിതലമുറയെ ക്രിയാത്മകമായി വാർത്തെടുക്കത്തക്ക രൂപത്തിൽ മാറ്റുകയും വേണം.

അംഗനവാടികളിൽ സ്വന്തം സ്ഥലമുള്ളത് 5 ഉം സ്വന്തം സ്ഥലമില്ലാത്തത് 9 ഉം ആണ്. കളിപ്പാട്ടങ്ങൾ ഒരു അംഗൻവാടിയിലുമില്ല. ഭൂമിയുടെ ലഭ്യതക്കുറവാണ് ഈ രംഗത്തെ വലിയ പ്രശ്നം. അംഗൻവാടികളുടെ കെട്ടിടപ്രശ്നം ഒഴിവാക്കാൻ ഉചിതമായ വാടക നല്കി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ അതിനുപയോഗിക്കാൻ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കും.

നിർദ്ദേശങ്ങൾ

1. ഗ്രാമസഭകളും സന്നദ്ധ സംഘടനകളും മുൻകൈ എടുത്തോ ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ, ജെ. ആർ, വൈ ഫണ്ടോ ഉപയോഗിച്ച് അങ്കൺവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഉണ്ടാക്കുകയും നിലിലുള്ളവയുടെ ആറ്റ കുറ്റപണികൾ നടത്തേണ്ടതുമാണ്
2. D W C R A യൂണിറ്റികൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത വരുമാനം കളിപ്പാട്ടങ്ങൾ വാങ്ങാനായി നീക്കിവെക്കുക.
3. അങ്കൺ വാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന സംഖ്യവർദ്ധിപ്പിക്കുക
4. അനെർട്ട് അടുപ്പുകൾ അങ്കൺവാടിയിൽ വ്യാപകമാക്കുക
5. അങ്കൺ വാടിവർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവരുടെ സേവന വേതന വ്യവസ്ഥ ഉയർത്തുകയും ചെയ്യുക.

പെൻഷൻഗുണഭോക്താക്കളുടെ വിവരം കൽപകഞ്ചേരി വില്ലേജ്

വർഷം	വാർധക്യകാല പെൻഷൻ പഞ്ചായത്തുവഴി	മാതൃ സഹായം പഞ്ചായത്ത് വഴി	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധ ക്യകാല പെൻഷൻ	അവശകാലാകാ രന്മാർക്കും സാഹിത്യകാ രൻമാർക്കും നൽകുന്ന പെൻഷൻ	അവശ കായിക താരങ്ങൾക്ക് നൽകുന്ന പെൻഷൻ	കാൻസർ രോഗി പെൻഷൻ	കർഷകതൊ ഴിലാളി പെൻഷൻ	തൊഴിലി ല്ലായ്മ വേതനം	കുടുംബ സഹായ പഞ്ചായത്ത് തലം	ക്ഷയംരോഗി കൾക്കുള്ള പെൻഷൻ
1992-93	-	-	-	13	-	2	-	-	-	-	-	-	1
93-94	-	-	-	5	2	-	-	-	-	-	-	-	-
94-95	-	-	-	5	2	3	-	-	1	-	-	-	-
95-96	-	-	-	8	1	-	-	-	-	-	-	-	-
96-97	28	-	-	15	1	-	-	-	-	-	-	-	
ആകെ	28	-	-	46	6	5	-	-	1	-	-	-	1

അംഗൻവാടികളുടെ വിവരങ്ങൾ

വാർഡ് നമ്പർ	സ്ഥലം	അംഗൻവാടി നമ്പർ	കുട്ടികളുടെ എണ്ണം		കെട്ടിടം ഉള്ളത്	സ്വന്തം സ്ഥലം	കളിപ്പാട്ടങ്ങളുള്ളത്
			ആൺ	പെൺ			
I	തോഴന്നൂർ ഈസ്റ്റ്	117	19	23	ഇല്ല	ഇല്ല	ഇല്ല
II	വാരിയത്ത്	46	13	10	"	"	"
II	കിഴക്കെപുറം	45	18	15	"	"	"
III	പാറപ്പുറം	47	23	23	"	"	"
IV	പൊരിയാട്	-	14	11	ഉണ്ട്	ഇല്ല	"
V	കാനഞ്ചേരി	43	7	17	ഉണ്ട്	3 സെന്റ്	ഇല്ല
VI	മഞ്ഞച്ചോല	41	16	16	ഉണ്ട്	2 സെന്റ്	"
VII	നെച്ചിക്കുണ്ട്	38	13	13	ഇല്ല	ഇല്ല	"
VII	കല്പകഞ്ചേരി	44	11	9	"	" "	
VIII	കല്പകഞ്ചേരി	42	12	13	"	" "	
VII	കല്പകഞ്ചേരി	37	22	10	ഉണ്ട്	5 സെന്റ്	"
IX	പുത്തനത്താണി	40	16	14	"	2 സെന്റ്	"
IX	കല്ലിങ്ങൽ	39	22	18	ഇല്ല	5 സെന്റ്	"
XI	പറവന്നൂർ	36	11	14	"	ഇല്ല	"
			203	195			

6. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

7. സാമൂഹ്യപ്രവർത്തനങ്ങളിൽ അങ്കൺവാടി പ്രവർത്തകരെ സജീവമായി പങ്കെടുപ്പിക്കുക

ക്ഷേമ നിധികളെ സംബന്ധിച്ചുള്ള വിവരങ്ങൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

കല്പകഞ്ചേരി പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് ധാരാളം പേർ തൊഴിലെടുക്കുന്നു. മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അഗംങ്ങളാക്കിയിട്ടില്ല. ഈ മേഖലയിലെ കഠിനാധ്വാനികളായ തൊഴിലാളികളുടെ പെൻഷൻ പ്രായ 50 ആക്കി ചുരുക്കണം. കൂടാതെ ഇവരെ പഞ്ചായത്ത് ഇൻഷൂറൻസ് പോളിസിയിൽ അംഗങ്ങളാക്കണം. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം.

ആഭരണതൊഴിലാളിക്ഷേമനിധി

ആഭരണ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കണം.

കൈതൊഴിലാളി - വിദഗ്ദതൊഴിലാളി ക്ഷേമ നിധി

തയ്യൽ, ബാർബർ, കൊല്ലൻമാർ, മരംകയറ്റക്കാർ ബീഡി തൊഴിലാളികൾ, വാച്ച്, സൈക്കിൾ, റിപ്പയർമാർ തെങ്ങ്കയറ്റതൊഴിലാളി ഫോട്ടോഗ്രാഫർമാർ, എന്നിവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കണം. സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സന്നദ്ധ സംഘടനകൾ രൂപീകരിക്കണം.

വെറ്റിലകൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികൾ

പഞ്ചായത്തിലെ കർഷകരിൽ നല്ലൊരുഭാഗം വെറ്റില കൃഷിയുമായി ബന്ധപ്പെട്ടവരാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കുകയും വേണം. സഹകരണ സംഘങ്ങളും രൂപീകരിക്കേണ്ടതുണ്ട്. ക്ഷേമ നിധികളിൽ അംഗങ്ങളാകാൻ പഞ്ചായത്ത് തലകേമ്പ്കളുണ്ടാക്കി അർഹരായവർക്ക് അപേക്ഷ നെൽകാൻ അവസരങ്ങൾ ഉണ്ടാക്കണം.

പൊതുവിതരണം

പഞ്ചായത്തിലാകെ '9' റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് രണ്ട് (2) മാവേലിസ്റ്റോറുകളും പ്രവർത്തിക്കുന്നു. ഇത് ഒന്നാം വാർഡിൽ രണ്ടത്താണിയിലും '8' വാർഡിൽ കുടുങ്ങാത്തുണ്ടിലുമാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ മാവേലിസ്റ്റോറുകൾ അനുവദിക്കുകയും പൊതുവിതരണ മേഖല ശക്തിപ്പെടുത്തുകയും വേണം. ഉപഭോക്തൃസഹകരണ സംഘം നിലവിലില്ല.

റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

റേഷൻ ഷോപ്പ് പൊതുവിതരണകേന്ദ്ര മായതോട്കൂടി അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ പൂർണ്ണമായി അധികാരം പഞ്ചായ ത്തേറ്റെടുത്ത് ഇതിനൊരു പരിഹാരം കാണാൻ കഴിയുമോ എന്നാലോചിക്കേണ്ടതാണ്. റേഷൻ ഷോപ്പുകളും മാവേലി സ്റ്റോറുകളും ഉണ്ടെങ്കിലും ജനങ്ങൾ സഹകാര്യമേഖലയെ കൂടു തൽ ആശ്രയിക്കുന്നു. ഇതിനുപ്രധാനപ്പെട്ട കാരണം താഴെ ചേർക്കുന്നു.

1. പൊതുവിതരണ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ
2. അവശ്യ വസ്തുക്കൾക്ക് എപ്പോഴും സഹകാര്യമേഖലയെ ആശ്രയിക്കേണ്ട അവസ്ഥ
3. റേഷൻ ഷോപ്പുകളിൽ യഥാസമയം സാധനങ്ങൾ ലഭി ക്കായ്മ.
4. പൊതുമേഖലയെ അപേക്ഷിച്ച് സഹകാര്യമേഖലയിലെ വിലകുറവും സാധനങ്ങളുടെ ഗുണമേന്മയും

പൊതുവിതരണ മേഖല കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പൊതുവിതരണ മേഖല പഞ്ചായത്തിന്റെ കീഴിലാക്കുക
2. കാർഡ് ഉടമകളുടെ സാന്നിദ്ധ്യത്തിൽ റേഷൻ ഷോപ്പു കളിൽ ഇടയ്ക്കിടെ മിന്നിൽ പരിശോധന നടത്തുക
3. റേഷൻ കടകളിൽ പരാതി ബുക്ക് നിർബന്ധമാക്കുകയും അത് ജനപ്രതിനിധികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
4. റെദ്ദ് ചെയ്തുപോകുന്ന റേഷൻകടകൾ പഞ്ചായത്ത് നേരിട്ട് നടത്തുക.
5. ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുക
6. അവശ്യസാധങ്ങളുടെ കോട്ട വർദ്ധിക്കുക.
7. വൈദ്യുതികരിച്ചതിന്റെ പേരിൽ വെട്ടിച്ചുരുക്കിയ മണ്ണെ ണ്ണയുടെ കോട്ട വർദ്ധിപ്പിക്കുക
8. സാധനങ്ങൾ അളവിലും തൂക്കത്തിലും കൃത്യമായി ഉപ ഭോക്താവിനു ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.
9. റേഷൻ ഷോപ്പുകളിൽ ശുചിത്വം ഏർപ്പെടുത്തുക
10. റേഷൻ ഷോപ്പുകളുടെ ആനുകൂല്യം വർദ്ധിപ്പിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.
11. റേഷൻ ഷോപ്പുകളിലൂടെയും ഡിപ്പാർട്ട്മെന്റ് സ്റ്റോറു കളിലൂടെയും അവശ്യ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക
12. പഞ്ചായത്തിലെ റേഷൻ കാർഡുകൾ അതാത് പഞ്ചാ യത്തിലെ റേഷൻ കടകളിൽ തന്നെ റെജിസ്റ്റർ ചെയ്യാ നുള്ള സംവിധാനം ആവശ്യമാണ് ഇത്കൊണ്ട് പഞ്ചാ യത്തിൽ മുഴുവൻ വിതരണം ചെയ്യാൻ ആവശ്യമായ സാധാനങ്ങളുടെ കൃത്യമായ കണക്കുകൾ രേഖപ്പെടു ത്താൻ സാധിക്കും.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ യഥാവിധി നടപ്പിലാക്കി അഞ്ച് വർഷംകൊണ്ട് പൂർണ്ണമായും പൊതുവിതരണം മേഖ ലയെ ശക്തിപ്പെടുത്താൻ നമുക്ക് ഒത്തൊരുമിച്ച് പ്രയ ത്നിക്കാം.

5 (8)സംസ്കാരം

താരതമ്യേന വിദ്യാസമ്പന്നമായ കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിവിധജാതിമത വിഭാഗങ്ങൾ അധിവസിക്കുന്നു. ജാതിമത സ്പർധകൾ കൂടാതെ മത സഹിഷ്ണുതയോടെ മാതൃകാപരമായ ജീവിതം നയിക്കുന്നവരാണ് ഗ്രാമവാസികൾ നമസ്കാരതഴമ്പും ചന്ദനകുറിയും കുരിശുമാലയും ഒന്നിച്ചു ഘോഷയാത്ര നടത്തുന്ന സാംസ്കാരിക പൈതൃകം ഇവിടെത്തെ ജനങ്ങൾ കാത്തു സൂക്ഷിക്കുന്നു എന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

പഞ്ചായത്തിൽ ഗവൺമെന്റ് എയ്ഡഡ് മേഖലകളിലായി രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളും ഒരു. യു. പി. സ്കൂളും പത്ത് ലോവർ പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. കൂടാതെ രണ്ടത്താണി ചിനക്കൽ അൽമനാർ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു അൺ എയ്ഡഡ് സ്കൂളും രണ്ടത്താണി റഹ്മാനിയ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അംഗീകാരം ഇല്ലാത്ത ഒരു യു. പി. സ്കൂളും പ്രവർത്തിക്കുന്നു. 9ാം വാർഡിൽ തണ്ണീർച്ചാലിൽ ഒരു അംഗീകാരമില്ലത്ത എൽ പി. സ്കൂളും പ്രവർത്തിക്കുന്നു. ഇത്രയുമാണ് ഗ്രാമപഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ. ഇത് ഗ്രാമവാസികളുടെ ഔപചാരിക വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒട്ടും പര്യാപ്തമല്ല.

മത വിഭാഗങ്ങളിൽ മുസ്ലീം സമുദായത്തിന് ഭൂരി പക്ഷമുള്ള പ്രദേശമാണിവിടെ മതപഠനസ്ഥാപനങ്ങൾ വിവിധ വിഭാഗങ്ങളുടേതായി 35-ഓളം എണ്ണം ഉണ്ട് അതിലും കൂടുതൽ മുസ്ലീം പള്ളികളും ഉണ്ട്.

ഹിന്ദു ക്ഷേത്രങ്ങളായി കുടുങ്ങാത്തുണ്ട് മാമുള്ളിക്കാവ് ക്ഷേത്രം കല്ലിങ്ങൽപറമ്പ് ഹൈവദ്രൻകാവ് ക്ഷേത്രം കരിനരപ്പ് ഭഗവതി ക്ഷേത്രം എന്നിവ ആരാധനാലയങ്ങളായി അറിയപ്പെടുന്നു.

ശിശുക്കളുടെ ആരോഗ്യ-വിദ്യഭ്യാസപ്രവർത്തനങ്ങൾ നടത്തുന്ന അംഗനവാടികൾ മിക്കവാറും എല്ലാ വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസം നടത്തുന്ന വായനശാലകളും ഗ്രന്ഥശാലകളും ചിലഭാഗത്ത് മാത്രം പ്രാദേശികമായി ഒതുങ്ങി പ്രവർത്തിക്കുന്നു. എന്നാൽ ഇവ അംഗീകൃത സ്ഥാപനങ്ങളല്ല.

പഞ്ചായത്തിലെ ഏക അംഗീകൃത ഗ്രന്ഥശാല കള്ളിയത്ത് വീരാവുണ്ണി പ്രസിഡണ്ടും V.T പൂക്കോയതങ്ങൾ സെക്രട്ടറിയുമായി 1-5-1980 ൽ സ്ഥാപിതമായ കടുങ്ങാത്തുകുണ്ടിലെ നാഷണൽ ലൈബ്രറിയാണ് (രജിസ്ട്രർ നമ്പർ 4839) ഇപ്പോഴത്തെ പ്രസിഡണ്ട് k. വീരാവുണ്ണിയും സെക്രട്ടറി C.S.M യൂസഫുമാണ് 243 മെമ്പർമാരുള്ള സ്ഥാപനത്തിന്റെ വരുമാനമാർഗ്ഗം മെമ്പർമാരിൽ നിന്നുള്ള വരിസംഖ്യയും ഗവൺമെന്റ് പ്രതിവർഷം നല്കുന്ന 1500 രൂപഗ്രാന്റുമാണ് കൂടാതെ ലൈബ്രറി അലവൻസായി 3600 രൂപയും

കിട്ടുന്നുണ്ട് ചന്ദ്രിക മാതൃഭൂമി തുടങ്ങിയ ദിനപത്രങ്ങൾ ഗ്രാമ പഞ്ചായത്ത് വക എത്തിക്കുന്നുണ്ട്.

പ്രവർത്തനമേഖല

1. വയോജന വിദ്യാഭ്യാസം
2. പുസ്തകവിതരണം
3. P.S.C പരീക്ഷക്കുള്ള ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ പ്രത്യേക പരിശീലനം
4. കൃഷി പുസ്തക വിതരണ കോർണർ പദ്ധതി ഗവൺമെന്റിന്റെ കൃഷി സംബന്ധമായ പ്രചാരണ പ്രവർത്തനത്തിനുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും നല്കി ജനങ്ങളെ ബോധവൽക്കരണം നടത്തുക.

നിർദ്ദേശങ്ങൾ

1. വീടുതോറും പുസ്തകവിതരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന് പ്രത്യേക ലൈബ്രേറിയനെ നിയമിക്കുന്നതിനും മറ്റും ഗവൺമെന്റിൽ നിന്നും ഗ്രാമപഞ്ചായത്തിൽനിന്നും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
2. വയോജന വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് T.V അനുവദിക്കുക
3. സ്ഥിരം കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുക തുടങ്ങിയവയാണ് സ്ഥാപനത്തിന്റെ പ്രധാന ആവശ്യങ്ങൾ.

കൂടാതെ കടുങ്ങാത്തുകുണ്ടിൽ തന്നെ പ്രവർത്തിക്കുന്ന ക്രസന്റ് സെന്റർ വയോജന വിദ്യാഭ്യാസ മേഖലയിലെ പ്രധാന സ്ഥാപനമാണ് സർക്കാർ അംഗീകാരം ഇല്ലെങ്കിലും നല്ലൊരു ലൈബ്രറികാസറ്റ് ലൈബ്രറി തുടങ്ങിയവ സ്ഥാപനത്തിൽ നല്ല നിലക്ക് നടന്നു വരുന്നുണ്ട്.

കായിക മേഖല

കായിക മേഖലയിൽ പഴയ തലമുറയിൽ തന്നെ കായിക പ്രേമികളുടെ അംഗീകാരം നേടിയെടുത്ത നാടാണ് കൽപകഞ്ചേരി പല ക്ലബ്ബുകളും പേരിന്നു പ്രവർത്തിക്കുന്നുണ്ടെങ്കിലും "വിക്ടറിസ്പോർട്സ് ക്ലബ്ബ്" മാത്രമാണ് കായിക പ്രതിഭകളെ വളർത്തിയെടുക്കുന്ന പ്രയോഗിക കർമ്മ പരിപാടികളുമായി മുന്നോട്ട് പോയത് ഈ സ്ഥാപനത്തിന് കേരള ഫുട്ബോൾ അസോസിയേഷൻ അംഗീകരാം ഉണ്ട് രകൽപകഞ്ചേരി G.V.H.S സ്കൂൾ കായികാദ്ധ്യാപകൻ പി.ടി കുഞ്ഞിമുഹമ്മദ് പ്രസിഡണ്ടും K.K ഇബ്രാഹീം സെക്രട്ടറിയുമായ കമ്മറ്റിയാണ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ഫുട്ബോൾ ക്രിക്കറ്റ്, വോളിബോൾ തുടങ്ങിയ ഇനങ്ങളിൽ കായിക പ്രതിഭകളെ വളർത്തിയെടുക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രമുഖ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് കേശവൻ മാസ്റ്റർ സലാംഹാജി മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് വർഷങ്ങളായി നടത്തിവരുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സ്റ്റേഡിയങ്ങൾ സ്ഥാപിക്കുക
2. കളിക്കാർക്ക് ആവശ്യമായ പ്രോത്സാഹനം നല്കുക
3. കളിക്കാർക്ക് ആവശ്യമായ കോച്ചിങ്ങ് ക്യാമ്പുകൾ എല്ലാ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുക

കലാരംഗം

കലാരംഗത്ത് പ്രവർത്തിച്ചിരുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് കൂടങ്ങാത്തുകുണ്ട് ക്രസന്റ് ആർട്സ് ക്ലബ്ബ്" സാമ്പത്തിക ബുദ്ധിമുട്ടുകളും പരാധീനതകളും ശരിയായി നേതൃത്വത്തിന്റെ അഭാവ നിമിത്തം ഏറെകുറെ പ്രവർത്തന രഹിതമായിരിക്കുകയാണ് ഈ സ്ഥാപനം വേറെ കലാരംഗത്ത് പ്രധാനപ്പെട്ട സ്ഥപാനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

മാപ്പിളകലകൾ

നാടൻ കലകളായ കോൽകളി, ദഫ്മുട്ട് ഒപ്പന തുടങ്ങിയ കലകളിൽ താല്പര്യമുള്ള ആളുകൾ ഉണ്ടെങ്കിലും അവയിൽ പരിശീലനം നൽകുന്നതിന് തയ്യാറാള്ള സ്ഥാപനങ്ങൾ ഇല്ലാത്തതും ഈ മേഖലയിലെ പോരായ്മകളാണ് മറ്റു മതവിഭാഗങ്ങളുടെതായി കലകളൊന്നും ഇവിടെ പ്രചാരത്തിലില്ല.

സാംസ്കാരിക നിലയം

കല്പകഞ്ചേരി പഞ്ചായത്തിന്റെ കീഴിൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഒരു സാംസ്കാരിക നിലയം പ്രവർത്തിക്കുന്നു. വായനശാലയും അത്യാവശ്യം പുസ്തകങ്ങളുമുള്ള ഒരു ലൈബ്രറിയും സ്ഥാപനത്തിലുണ്ട്. ഉദാ:- റേഡിയോ T.V തുടങ്ങിയ മാധ്യമങ്ങൾ ഇല്ലാത്തതിനാൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഈ സ്ഥാപനം പര്യാപ്തമല്ല.

പഞ്ചായത്തിന്റെ കീഴിൽ നാല് ജനവിദ്യാകേന്ദ്രങ്ങളുണ്ട് 1. സാംസ്കാരിക നിലയം ജനവിദ്യാകേന്ദ്രം 2. കാവുപ്പുര ജനവിദ്യാകേന്ദ്രം 3. കിഴക്കേപ്പുറം ജനവിദ്യാകേന്ദ്രം 4. പാറപ്പുറം മെസേജ് ജനവിദ്യാകേന്ദ്രം ഇതിന്റെ ജനറൽ കൺവീനറായി പാറക്കാട്ടിൽ മുയ്തീൻകുട്ടി പ്രവർത്തിക്കുന്നു.

സാംസ്കാരിക സംഘടനകളും സ്ഥാപനങ്ങളും

മുസ്ലീം സമുദായത്തിൽ പ്രവർത്തിക്കുന്ന S.Y.S, S.S.F , S.K. S.S.F, S.M.F, K.N.M, M.S.M, ISM, SIO തുടങ്ങിയ സംഘടനകൾ സമുദായ സമുദ്ധാരണ പ്രവർത്തനങ്ങളിലും മറ്റു സാമൂഹ്യക്ഷേമ സംരംഭങ്ങളിലും സജീവമായി പ്രവർത്തിക്കുന്ന സംഘടനകളാണ്.

ഉത്സവങ്ങൾ/ആഘോഷങ്ങൾ

പെരുന്നാൾ, ഓണം, ക്രിസ്തുമസ് എന്നിവ മതപരമായ ആഘോഷങ്ങളാണ് ഈ ആഘോഷങ്ങളിൽ എല്ലാമത വിഭാഗങ്ങളും പരസ്പരം പങ്കെടുക്കുന്നു മുൻകാലങ്ങളിൽ വർഷം തോറും സാഘോഷം കൊണ്ടാടാറുണ്ടായിരുന്ന 'മാമ്പറ' കരിമ്പുംകണ്ടം – ഇരുമ്പൻമുല്ല രാമൻകാവ് പൂരം നേർച്ച കൾ ഏതാനും വർഷങ്ങളായി നടക്കാറില്ല. ഇത്തരം ആഘോഷങ്ങളും ഉത്സവങ്ങളും പഞ്ചായത്തിൻറെ വൈവിധ്യമാർന്ന നാനാത്വത്തിൽ ഏകത്വം ദർശിക്കുവാൻ കഴിയുന്ന സന്തോഷകരവും അഭിമാനകരവുമായ വസ്തുതകളാണ്.

പൊതുനിർദ്ദേശങ്ങൾ

അംഗീകാരം ഉള്ളതും അല്ലാത്തതുമായ ലൈബ്രറികളേയും വായനശാലകളേയും ഏകോപിപ്പിച്ച് പഞ്ചായത്തിലെ വയോജന വിദ്യാഭ്യാസം സാക്ഷരത പ്രവർത്തനം എന്നിവ നടത്തുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുക. പഞ്ചായത്ത് സാംസ്കാരിക നിലയം ഗ്രന്ഥശാലകൾ, ജനവിദ്യാകേന്ദ്രം എന്നിവക്ക് റേഡിയോ T.V എന്നിവ ലഭ്യമാക്കുക പഞ്ചായത്ത് കേന്ദ്രീകരിച്ച് റഫറൻസ് ലൈബ്രറി ആരംഭിക്കുക.

ആവശ്യമായ സ്ഥലങ്ങളിൽ സ്ക്കൂളുകൾ ആരംഭിക്കുക

സാംസ്കാരിക ധാർമ്മിക പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവാൻമാരാക്കുക.

സ്പോർട്സ് ക്ലബ്ബുകൾ കലാക്ലബ്ബുകൾ മുതലായവയെ നിർമ്മാണ ശുചീകരണ സേവന പ്രവർത്തനങ്ങളിൽ ബോധവാൻമാരാക്കുകയും അതിനുവേണ്ട പ്രോത്സാഹനവും നൽകുക.

ടെലിവിഷന്റെ അതിപ്രസരണം കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ രക്ഷിതാക്കളും അദ്ധ്യാപകരും ശ്രദ്ധചെലുത്താൻ നിർദ്ദേശങ്ങൾ നൽകുക.

സ്ത്രീകളുടെ വായനാ ശീലം വർദ്ധിപ്പിക്കാൻ സൗജന്യ നിരക്കിൽ വനിതാ പ്രസിദ്ധീകരണങ്ങൾ നല്കി അവരെ ബോധവാൻമാരാക്കുക സാംസ്കാരികവും ധാർമ്മികവും രാഷ്ട്രീയവുമായ പരിജ്ഞാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

നാടൻ പാട്ടുകളും കലകളും ഇന്ന് പഞ്ചായത്തിൽ വളരെ ദുർലഭമാണ്. ഇവ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക. നിലവിലുള്ള പഞ്ചായത്ത് കളി സ്ഥലങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും തോഴന്നൂർ ദേശത്ത് കളി സ്ഥലം പുതുതായി അനുവദിക്കുകയും ചെയ്യുക.

അനാശാസ്യ പ്രവർത്തനങ്ങളുടെ ദോഷഫലങ്ങളെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുക.

5(9) വനിത

ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകൾ അവഗണിയ്ക്കാനാവാത്ത ഒരു ഘടകമാണ്. സ്ത്രീകളുടെ പദവിയും അവകാശങ്ങളും ഭരണഘടനാപരമായ പിൻബല ത്തോടുകൂടി അംഗീകരിയ്ക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ട ത്തിലാണ്. നാടിന്റെ വികസനത്തിൽ സ്ത്രീകളുടെ പങ്ക് എന്ത് എന്ന വിഷയം ശ്രദ്ധേയമാകുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് സാമൂഹ്യരംഗത്ത് സ്ത്രീകൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും തീരുമാനങ്ങളെടുക്കാനോ, ഉത്തരവാദിത്വങ്ങളേറ്റെടുക്കാനോ ഉള്ള ആത്മവിശ്വാസം ഉണ്ടാകുന്നില്ല. മാത്രമല്ല നിലനിന്നു പോന്നിരുന്ന സാഹച രൃങ്ങൾ, സ്ത്രീകളെ സാമൂഹ്യ സേവന രംഗത്ത് നിന്നും പിന്തിരിപ്പിയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്ത്രീകളെ വീണ്ടും കുടുംബത്തിലൊതുക്കി നിർത്താൻ മാത്രമാണ് സാഹചര്യങ്ങൾ പ്രേരിപ്പിയ്ക്കുന്നത്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. 30% വീടുകളിൽ സ്ത്രീകളാണ് കുടുംബനാ ഥകൾ. എന്നാൽ സ്ത്രീകൾ നേതൃത്വപരമായി പ്രവർത്തി യ്ക്കുന്ന വനിതാ സംഘടനകൾ കുറവാണ്. എല്ലാ സ്ഥാപ നങ്ങളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. ജനസംഖ്യയിൽ തുല്യത പുലർത്തുന്നുണ്ടെങ്കിലും ഹൈസ്ക്കൂൾ വരെയുള്ള വിദ്യാഭ്യാസരംഗത്ത് മാത്രമാണ് കൂടുതൽ മികവ് പുലർത്തു ന്നതെന്ന് കണക്കുകൾ മനസ്സിലാക്കിത്തരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ വളരെ പിന്നി ലാണ്. കാർഷിക മേഖലയിലാണ് സ്ത്രീകൾ കൂടുതലായും ഏർപ്പെട്ടിരിയ്ക്കുന്നത്. കുറഞ്ഞ തോതിൽ, കെട്ടിട നിർമ്മാണം പോലുള്ള തൊഴിൽ മേഖലകളിലും പങ്കാളിത്ത മുണ്ട്. സ്വയം തൊഴിൽ മേഖലകളിലൂടെയും കൃഷിയിലൂ ടെയും കുടുംബങ്ങളെ സ്വയം പര്യാപ്തരാക്കി തീർക്കുവാൻ സ്ത്രീകൾക്കു കഴിയും. ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കി കൊടുത്തു കൊണ്ട് സാമ്പത്തിക സാശ്രയത്വം കൈവരിയ്ക്കാൻ സ്ത്രീകളെ സജ്ജമാക്കണം. സ്ത്രകളുടെ നിസ്സംഗതയ്ക്കും നിഷ്ക്രിയത്വത്തിനും സാമ്പത്തിക സ്വാത ന്ത്ര്യമില്ലായ്മ ഒരു പ്രധാന കാരണമാണ്.

തൊഴിൽ	സ്ത്രീകൾ	പുരുഷന്മാർ
കർഷകൻ	150	300
കൃഷിതൊഴിലാളി	100	250
മൃഗസംരക്ഷണം	200	300
ചെറുകിട വ്യവസായം	38	158
കെട്ടിട നിർമ്മാണം	200	350
അംഗൻവാടി	28	-

വിദ്യാലയങ്ങളിലെ ആൺ/പെൺ

വിദ്യാലയം	ആൺ	പെൺ	ആകെ
ഹൈസ്ക്കൂൾ	3733	3619	7352
യു. പി. സ്ക്കൂൾ	569	618	1187
എൽ. പി. സ്കൂൾ	1402	1369	2771

Programme and Alioviation Programe

സമൂഹത്തിലെ താഴെക്കിടയിലുള്ള സ്ത്രീകളുടെ ഉന്ന മനത്തിനും അവരുടെ വളർച്ചക്കും സ്ത്രീകളെ മാത്രം ഉൾപ്പെ

ടുത്തികൊണ്ട് പരിപാടി നടപ്പിലാക്കികൊണ്ട് വരുന്ന ഒരു സംഘടനയാണ് സാമൂഹ്യാധിഷ്ഠിത ദാരിദ്രപോഷകാഹാര പരിപാടി (CBNP) കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ CBNP യുടെ പ്രവർത്തന ഫലമായി 15 അയൽകൂട്ട് സഭകളും 3 ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളുമുണ്ട്. ഇതിലൂടെ നിലവിൽ വന്ന ത്രിഫ്റ്റ് സൊസൈറ്റികൾ ചെറിയ ആവശ്യങ്ങൾക്ക് അംഗങ്ങളായ കുടുംബങ്ങൾക്ക് 3000 രൂപവരെ ലോണുകൾ നല്കിവരുന്നുണ്ട്. C.B.N.P പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിക്കാൻ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

മഹിളാ സമാജങ്ങളും വനിതാ പ്രസ്ഥാനങ്ങളും

പഞ്ചായത്തിൽ കുടുങ്ങാത്തുകുണ്ട് അതിരുമട പെരിയാട് ഭാഗങ്ങളിൽ യഥാക്രമം ദേശാഭിമാനി, കസ്തൂർബ, നാദം എന്നീ പേരുകളിൽ മൂന്ന് മഹിളാ സമാജങ്ങൾ ആദ്യ കാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ബോധവൽക്കരണം തുന്നൽക്ലാസ്സുകൾ, ആടു വിതരണം എന്നിവ നടത്തിയിരുന്ന ഈ സമാജങ്ങൾ ഇന്ന് നിർജ്ജീവമായിരിക്കുകയാണ്. വീണ്ടും ഇത്തരം സമാജങ്ങൾ സജീവമാക്കാനും അതു വഴി വനിതാ ക്ഷേമത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള മാർഗ്ഗങ്ങൾ ആരായണം. ഇപ്പോൾ രണ്ടത്താണിയിൽ ഒരു മഹിളാ സമാജം നാമമാത്രമായി പ്രവർത്തിക്കുന്നു. ഇതിനു പുറമേ M.S.S മഹിളാ സ്വസ്ഥ സംഘം എന്ന പേരിൽ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ഒരു യൂനിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രാഷ്ട്രീയ രംഗങ്ങളിലും സ്ത്രീ സംഘടനാ പ്രവർത്തനത്തിനുള്ള സംരംഭം പഞ്ചായത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. മത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് സംഘടനകളാണ് MGM ഉം GIO യും. M.G. M ന്റെ പ്രവർത്തനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രികളിൽ ചികിത്സാസംബന്ധമായി കൂടുതലായി എത്തിച്ചേരുന്നത് സ്ത്രീകളാണ്. മദ്യപാനം കൊണ്ട് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾ പഞ്ചായത്തിൽ കുറഞ്ഞതോതിലെങ്കിലുമുണ്ട്. സമ്പൂർണ്ണ മദ്യ നിരോധനത്തിനോടൊപ്പം അതിന്റെ ദുഷ്യഫലങ്ങളെ ക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിയ്ക്കേണ്ടതും അത്യാവശ്യമാണ്. സ്ത്രീ പീഡനങ്ങളും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും പൊതുവെ കുറവാണ്. ഇവയ്ക്കു പരിഹാരം കാണുന്നതിനുവേണ്ടി സ്ത്രീകളെ മോശമായി ചിത്രീകരിയ്ക്കുന്ന സിനിമകളും, പോസ്റ്ററുകളും മറ്റും നിരോധിക്കുന്നതിനു അടിയന്തിരശ്രദ്ധ കൊടുക്കേണ്ടതാണ്.

ഗൾഫ് പണത്തിന്റെ ആധിക്യത്തിൽ സ്ത്രീധന സമ്പ്രദായം മുമ്പത്തെക്കാളുപരി വർദ്ധിക്കുകയും ഇടത്തരക്കാർക്ക് വളരെയധികം വിഷമം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്.

പുരുഷന്റെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന സ്ത്രീകളാണ് 90% വും സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിയ്ക്കാനുള്ള സാഹചര്യങ്ങൾ ഏറെ ഉണ്ടെങ്കിലും ആരുംതന്നെ അതിനെക്കുറിച്ച് ചിന്തിയ്ക്കുന്നില്ല. കോഴിവളർത്തൽ, അടുക്കള തോട്ടനിർമ്മാണം, തുന്നൽ പരിശീലന കേന്ദ്രങ്ങൾ ഇവയൊക്കെ സ്ത്രീകൾക്കു നിഷ്പ്രയാസം ചെയ്യാവുന്നവയാണ്. ഏതൊരു രംഗത്തുപോലും സ്ത്രീകൾക്കു അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ആത്മവിശ്വാസമില്ലായ്മ
2. കൂലിയുടെ കാര്യത്തിലുള്ള വിവേചനം
3. സ്ത്രീകളെ സംബന്ധിയ്ക്കുന്ന നിയമങ്ങളെ കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഉള്ള അറിവില്ലായ്മ
4. അംഗൻവാടി അദ്ധ്യാപികമാർക്ക് ജോലി ഭാരം കൂടുതലാണ്. എന്നാൽ വേതന സമ്പ്രദായം തൃപ്തികരമല്ല.
5. ഭൗതിക സാഹചര്യങ്ങളും പഠനോപകരണങ്ങളും ഇല്ലാത്തതിനാൽ പ്രവർത്തം തൃപ്തികരമല്ല.
6. സ്കൂളുകളിൽ പാഠ്യേതര പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
7. വിദ്യാസമ്പന്നരായ സ്ത്രീകളിൽ പോലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനില്ക്കുന്നു
8. സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിയ്ക്കപ്പെടുന്നു. തൊഴിലില്ലായ്മ സ്ത്രീകളുടെ ഒരു പ്രധാന പ്രശ്നമാണ്. വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചുള്ള സാദ്ധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തികൊണ്ട് കൂട്ടായ്മയോടെ പ്രവർത്തിയ്ക്കാൻ കഴിയണം. സ്വന്തം കഴിവ് തിരിച്ചറിഞ്ഞുകൊണ്ടുമാത്രമെ ആത്മവിശ്വാസത്തോടെ മുന്നൂട്ടിറങ്ങാൻ കഴിയുകയുള്ളൂ. അർഹതയുള്ളതു ചോദിച്ചു വാങ്ങുവാനും, സമയോചിതമായി പ്രതികരിയ്ക്കാനും, ക്രിയാത്മകമായി പ്രവർത്തിയ്ക്കുവാനും കഴിയുന്നില്ല.

സാദ്ധ്യതകൾ

പഞ്ചായത്തിന്റെ നേതൃത്വത്തിൽ നേതൃത്വ പരിശീലന ക്യാമ്പ്, തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള ചർച്ചാക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിയ്ക്കാവുന്നതാണ്. വീട്ടമ്മമാർക്ക് ആവശ്യമായ ബോധവല്ക്കരണത്തിനു സഹായിയ്ക്കുന്ന അയൽകൂട്ടങ്ങൾ കുടുംബസദസ്സുകൾ എന്നിവ രൂപീകരിയ്ക്കാം. സ്കൂളുകളിലെ മാതൃസംഘടനകൾ ശക്തിപ്പെടുത്തുകയും അവയെ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയാം. പഞ്ചായത്തിന്റെ കീഴിൽ ഒരു ജാഗ്രതാ വനിതാ രൂപീകരിയ്ക്കാവുന്നതാമ്. തൊഴിൽ സംബന്ധമായും മറ്റു പ്രശ്നങ്ങൾക്കും ആവശ്യമായ ഉപദേശങ്ങൾ കൊടുക്കത്തെക്ക രീതിയിൽ ഈ സമിതിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തണം DWCRA പദ്ധതി പ്രകാരം ഒരു യൂണിറ്റ് മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് എല്ലാ വാർഡുകളിലും വിവിധ മേഖലകളിൽ ഇത് സാധ്യമാകും ഇത മൂലം കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതാ സെമിനാറുകൾ സംഘടിപ്പിച്ച് സ്ത്രീകളെ ഈ കാര്യത്തിൽ ബോധവൽകരിക്കേണ്ടത് അത്യാവശ്യമാകുന്നു.

ആവശ്യമായ എല്ലാ മേഖലയിലും സ്ത്രീകളുടെ പങ്ക് വർദ്ധിപ്പിക്കാൻ വേണ്ടി നമ്മുക്ക് കൂട്ടായി യത്നിക്കാം.

5(10)പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ പട്ടികജാതി 74 കുടുംബങ്ങളുണ്ട്. പട്ടിക വർഗ്ഗ കുടുംബങ്ങളില്ല. പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിൽ മൊത്തം 306 അഗംങ്ങളുണ്ട്.

വിദ്യഭ്യാസ മേഘലകളിൽ ഒരു നേട്ടവും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെ സാമ്പത്തിക രംഗത്തും ഈ വിഭാഗങ്ങളിൽ പെട്ടവർ വളരെ പുറകിലാണ്. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശം ഒരു പരിധിവരെ കിട്ടുകയും മിച്ച ഭൂമിയുടെ ലഭ്യതയില്ലെങ്കിലും ഈ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകുറച്ച് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുവദിച്ചിരുന്ന ഉച്ച നീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും വിദ്യഭ്യാസ പരമായും വളരെ പിന്നോട്ടായത് കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഇത്തരം കാര്യങ്ങളൊന്നും ഈ വിഭാഗങ്ങൾ അറിയാറില്ല. അത്കൊണ്ട് സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന്ന് നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇവിടെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനില്ക്കുന്നുണ്ട്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി ക്കുതന്നെ ഈ വിഭാഗത്തിൽ പെട്ടവർ വളരെ കുറവാണ്. രക്ഷിതാക്കൾ ഈ കാര്യത്തിൽ തീരെ ശ്രദ്ധചെലുത്തുന്നില്ല. കുടുംബം നോക്കേണ്ട ഗതികേട് വരുന്നത് കൊണ്ടും അധികപേരും പഠനം വഴിക്കു വച്ച് നിർത്തേണ്ടിവരുന്നു. വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കൂലിവേലചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരാണ്. ഇവരിൽ കൂടുതൽ സ്ത്രീകളും കൂലി പണിക്കുപോവുന്നവരാണ്. ഈ മേഘലയിൽ സ്ത്രീക്ക് 60 രൂപയും പുരുഷന് 100 രൂപയും കൂലി ലഭിക്കുന്നുണ്ട്. കാർഷിക മേഘല ഈ പ്രദേശത്ത് വളരെ മോശമായത്കൊണ്ട് ആ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ വളരെ കഷ്ടത അനുഭവിക്കുന്നു. തൊഴിൽ എന്നതിൽ ഉപരി ഭക്ഷ്യ ധാന്യ ഉൽപാദന വർദ്ധനവിൻരെ ആവശ്യകത കണക്കിലെടുത്ത് ഈ മേഘലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന്ന് വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

കാർഷിക മേഘലയിൽ സ്ത്രീസണുകളിലാണ് തൊഴിൽ എന്നത് കൊണ്ട് മിക്ക കർശകതൊഴിലാളികളുടെയും പ്രധാന തൊഴിൽ നെൽകൃഷി, വെറ്റിലകൃഷി, തെങ്ങ്, കവുങ്ങ്, വാഴ, കപ്പ എന്നിവ നശിച്ചുകൊണ്ടിരിക്കയാണ് അതുകൊണ്ട് ഈ വിഭാഗത്തിന്ന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹാകരമായിട്ടുണ്ട്. സർക്കാർ നൽകുന്ന സാമ്പത്തിക സഹായംകൊണ്ടു മാത്രം ഭവന നിർമ്മാണം നടത്തുവാൻ സാധിക്കുന്നില്ല. സാമ്പത്തിക പരാധീനതകൾ ഉള്ളവരാണ് എല്ലാവരും വീടു നിർമ്മാണത്തിനാവശ്യമായ പണം സ്വരൂപീക്കാൻ സ്വകാര്യ വ്യക്തി-കളിൽ നിന്ന് വായ്പ വാങ്ങി തിരിച്ചടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. ഭൂമിയുടെ രേഖ സാമ്പത്തിക സഹായം നല്കുന്നവരുടെ കയ്യിൽ അകപ്പെടുന്നത്കൊണ്ട് മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. വീടു നിർമ്മാണത്തിന്ന് ഉപയോഗിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പണി പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നുണ്ട്. വീടു വെക്കുവാൻ സ്ഥമില്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയൊള്ളു.

പല വീടുകളിലും കക്കൂസില്ല. ഓരോ വീടിന്ന് ഓരോ കക്കൂസ് അനുവദിച്ചുകൊടുത്തു ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക

ഹരിജൻ വീടുകൾ സംബന്ധിച്ചുള്ള വിവരണം

വാർഡ്	കോൺക്രീറ്റ്	ഓട്	ഓല	ആകെ	വീട് ആവശ്യമുള്ളവർ
I	-	4	3	7	4
II	-	-	-	ഇല്ല	
III	-	2	-	2	1
IV	-	6	5	11	10
V	-	-	-	ഇല്ല	-
VI	-	6	5	11	4
VII	-	7	7	14	11
VIII	-	9	1	10	6
IX	-	3	-	3	1
X	-	-	ഇല്ല	-	-
XI	-	1	1	1	-

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ പൊതുകവെ പഠനത്തിൽ താല്പരരല്ല. രക്ഷിതാക്കൾ ബോധവാന്മാരല്ലാത്തതിനാൽ പഠന കാര്യത്തിൽ ശ്രദ്ധാലുക്കളല്ല.
2. കാർഷിക മേഖലയിൽ തൊഴിൽ കുറവാണ്. തൊഴിൽ ശാലകളില്ല.
3. ജീവിതം പരിതാപകരമണ് കൂട്ടുകുടംബങ്ങളായി താമസിക്കുന്നതിനാൽ എല്ലാവർക്കും സ്വന്തമായി സ്ഥലമോ വീടോ ഇല്ല. വീടു നിർമ്മിക്കുവാൻ കിട്ടുന്ന സഹായം കൊണ്ട് വീടു നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പ്രദേശത്തെ നിർമ്മാണ ചെലവിന്റെ വർദ്ധന കണക്കാക്കി ഭവന ഗ്രാന്റ് വർദ്ധിപ്പിക്കണം.
4. വീടുകളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. പ്രാഥമിക സൗകര്യങ്ങളില്ല. വൈദ്യുതീകരിക്കാത്ത വീടുകളാണ് ഭൂരിപക്ഷവും.
5. പൊതു ശ്മശാനം ഇല്ല
   അഞ്ചുസെന്റിൽ താഴെ ഭൂമിയുള്ള കുടുംബങ്ങളാണ് അധികവും. അതുകൊണ്ട് ശവം മറവു ചെയ്യാൻ പൊതു ശ്മശാനം അത്യന്താപേക്ഷിതമായിരിക്കുന്നു.
6. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
7. ഈ വിഭാഗത്തിൽ പെട്ടവരുടെ കുടുംബങ്ങൾക്ക് ചികിത്സാധനസാഹം ലഭിക്കുന്നില്ല.
8. I.R.D.P യും മറ്റു പദ്ധതികളും ഫലപ്രഥമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.
9. അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായപകളും ധനസഹായവും ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. ജാമ്യം നൽകാൻ കഴിയാത്തതിനാൽ ബാങ്കിൽനിന്നും സ്വയം തൊഴിൽ വായ്പ ലഭിക്കുന്നില്ല.
10. പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി അപര്യപ്തമാണ്.

സാധ്യതകൾ

1. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള സൗജന്യ പദ്ധതികളിൽ ഉൾപ്പെടുത്തണം.
2. ഭവന നിർമ്മാണത്തിന് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കണം. അതിനായി സാമൂഹ്യക്ഷേമ സംഘടനകളിൽ നിന്നു സഹായത്തിനായി അപേക്ഷസമർപ്പിക്കാവുന്നതാണ്.

കുടിവെള്ളം

ശുദ്ധജലക്ഷാമം രൂക്ഷമാണ്. പൊതുകിണറുകളൊ ടാപ്പുകളൊ ഇല്ല. പഞ്ചായത്തിൽ ഏർപ്പെടുത്തുന്ന ജലവിതരണ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിലേക്ക് ടാപ്പുകൾ ഏർപ്പെടുത്തുക, പൊതുകിണറുകൾ, കുഴൽ

കിണർ എന്നിവ കുഴിക്കുകയും ചെയ്യേണ്ടതാണ്. തോടുകളിൽ തടയണകൾ കെട്ടി ഉള്ള ഭൂമിയിലെ വരൾച്ച മാറ്റാവുന്നതാമ്.

ഒന്ന് രണ്ട് വാർഡുകളിൽ മാത്രമാണ് ആശുപത്രികളുള്ളത്. അവയിൽ തന്നെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവുമില്ല. ആറ്, അഞ്ച് വാർഡു പ്രദേശത്തുകാർക്ക് പ്രയോജനപെടുന്ന വിധം ഒരു പുതിയ ആശുപത്രി നിർമ്മിച്ചു പ്രശ്നം പരിഹരിക്കാവുന്നതാണ്.

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മേഖലകളെ സംബന്ധിച്ചു ഈ വിഭാഗങ്ങളിൽ ബോധവൽക്കരണം ആവശ്യമായിരിക്കുന്നു. അവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഗ്രാമപഞ്ചായത്തുകളിലൂടെ ലഭ്യമാക്കുന്നതിനുള്ള നിയമ നിർമ്മാണം വേണം.

നിർദ്ദേശങ്ങൾ

കാർഷിക മേഖല അഭിവൃധിപ്പെടുത്തി തൊഴിൽ സാധ്യത വർധിപ്പിക്കുക. ഈ വിഭാഗത്തിലെ പെൺകുട്ടികൾക്കു കൈതൊഴിൽ പരിശീലിപ്പിക്കുകയും സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക

ഇതിന് വേണ്ട സഹായസഹകരണങ്ങളും ഉപദേശ നിർദേശങ്ങളും നല്കുന്ന സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്.

അഭ്യസ്ഥവിദ്യരായവർക്ക് വായ്പകളും സഹായ നിധികളും ഏകോപിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ചു മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായകമായ വായ്പകൾ നല്കുകയും, ഇങ്ങനെ വായ്പലഭിച്ചവർക്കായി അവർ ഉദ്ദേശിക്കുന്ന വ്യവസായത്തിൽ പരിശീലനം നല്കുകയും അതിന്റെ പൂർണ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്യുക

വീടുനിർമ്മാണത്തിനുള്ള സഹായധനം വർധിപ്പിക്കുക. കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നല്കുക.

വീടിന്റെ അറ്റകുറ്റ പണികൾക്ക് വായ്പ ലഭ്യമാക്കുക

വിദ്യാർത്ഥികൾക്ക് യൂനിഫോം നൽകുക

ശ്മശാനം നിർമ്മിക്കുക

അംഗൻവാടികൾ നിർമ്മിക്കുക.

വായനശാലകൾ സ്ഥാപിക്കുക

ഉന്നത വിദ്യാഭ്യസത്തിന് സാമ്പത്തിക സഹായവും മാർഗനിർദേശങ്ങളും നല്കുക.

എല്ലാവർക്കും കേന്ദ്രീകരിക്കാൻ പറ്റിയ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ടി. വി. സെറ്റുകൾ സ്ഥാപിക്കുക. അവയുടെ നിയന്ത്രണം അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സമിതിയെ ഏല്പിക്കുകയും ചെയ്യുക.

5(11) സഹകരണ മേഖല

"സഹകരണ സംഘങ്ങൾ ഈ നാടിന്റെ രക്തധമനികളാണ്. അത് മുറിക്കുന്നത് ആത്മഹത്യാപരമായിരിക്കും. സഹകരണ പ്രസ്ഥാനം കൊണ്ടു ഈ നാടുപ്രകമ്പനം കൊള്ളണം. അതിൽ കേരളത്തെ വേണം മാതൃകയായി സ്വീകരിക്കാൻ"

പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ഇംഗ്ലണ്ടിൽ ജന്മം കൊണ്ട സഹകരണപ്രസ്ഥാനം ഇന്ന് ലോകത്തിൽ തന്നെ ഏറ്റവും ആഴത്തിൽ വേരോടിയിട്ടുള്ളത് കേരളത്തിലാണ്. ജനകീയ പ്രസ്ഥാനങ്ങൾ എന്ന നിലയിൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളുമായി ഇഴചേർന്ന ബന്ധമാണ് ഇവിടെ സഹകരണ സംഘങ്ങൾക്കുള്ളത്.

ഈയടിസ്ഥാനത്തിൽ നാട്ടിൽ നിന്നു സ്വരൂപിക്കുന്ന പണം ഉപയോഗിച്ചു കർഷകരേയും ചെറുകിട വ്യവസായങ്ങളേയും, വാണിജ്യ- വ്യാപാരസ്ഥാപനങ്ങളേയും സഹായിക്കുവാനുള്ള ഉദ്ദേശ്യത്തോടെ 1960- ലെ കേരള സഹകരണ നിയമം അനുസരിച്ചു 20-1-1961 ൽ കല്പകഞ്ചേരി വില്ലേജ്/ പഞ്ചായത്ത് പ്രവർത്തന പരിധിയായി "കൽപകഞ്ചേരി സർവ്വീസു സഹകരണ സംഘം" എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെടുകയും, കല്പകഞ്ചേരി ആസ്ഥാനമായി 12-3-1961 ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത സ്ഥാപനമാണ് ഇന്നത്തെ കല്പകഞ്ചേരി കോ-ഓപറേറ്റീവ് ക്രഡിറ്റ് ബാങ്ക്.

ഒ. കുഞ്ഞബാവ, വി. ഇമ്പിച്ചിക്കോയ തങ്ങൾ, ബാല കൃഷ്ണമാരാർ, എം. കുഞ്ഞിമുയ്തീൻ കുട്ടിമൂപ്പൻ, എൻ. പി. കമ്മദ്, വി. സെയ്തലവി കോയ തങ്ങൾ, എസ്. എ. ജി. ഹൈദ്രോസ് കോയതങ്ങൾ, കെ. കെ. കുഞ്ഞിമുയ്തീൻ കുട്ടി, ടി. പോക്കർ, ഇ. കുഞ്ഞിമുഹമ്മദ്, കെ. എം. സെയ്തു മുഹമ്മദ് കോയ തങ്ങൾ, കുഞ്ഞാലൻ കുട്ടി C.K. മമ്മു, സി. ഹംസ, എം. കെ. കുഞ്ഞിക്കമ്മു. കെ. ഇബ്രാഹീം, സി. കുഞ്ഞിപ്പോക്കർ, എം. ബീരാൻ കുട്ടി, എം. എം. മുയ്തീൻകുട്ടി, ഒ. മുഹമ്മദ്, എം. മുഹമ്മദ് മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടന്നിരുന്നത്.

അംഗങ്ങളുടെ ഇടയിൽ സ്വയം പ്രാപ്തതാബോധം, പരസ്പര സേവനബുദ്ധി എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും അതിലേക്ക് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും പ്രയോഗിക്കുകയും ചെയ്യുക, സംഘാംഗങ്ങൾക്കു ഹൃസ്വകാല -മദ്ധ്യകാല വായ്പകൾ വിതരണം ചെയ്യുക, കാർഷികാവശ്യത്തിന്നു വേണ്ട വിത്ത്, വളം, കീടനാശിനി മുതലായവ വിതരണം ചെയ്യുക, വിളവുകളും വ്യാവസായികോല്പന്നങ്ങളും അംഗങ്ങൾക്കു വേണ്ടി മാർക്കറ്റിംഗ് സൊസൈറ്റി മുഖേനയോ മറ്റോ വിറ്റഴിക്കുക, കാർഷികോല്പാദന പദ്ധതികൾ അംഗങ്ങൾക്കു വേണ്ടി തയ്യാറാക്കി നടപ്പിലാക്കുക, അംഗങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന്നും സൂക്ഷിക്കുന്നതിനും സ്വന്തമായോ വാടകക്കോ ഗുദാ

മുകൾ സ്ഥാപിക്കുക, പുതിയ തരം വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനു അംഗങ്ങൾക്കു വേണ്ട സഹായ സഹകരണങ്ങൾ നൽകുക എന്നീ ഉദ്ദേശ്യങ്ങൾ മുൻനിർത്തിയാണ് സംഘം പ്രവർത്തനമാരംഭിച്ചത്.

ഈ ലക്ഷ്യങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടത്താനായില്ലെങ്കിലും കർഷകർക്കും ചെറുകിട കച്ചവടക്കാർക്കും ആശ്വാസം നൽകുന്ന രൂപത്തിൽ വായ്പകൾ നൽകുവാനും കേര കർഷകരെ സഹായിക്കാൻ പ്രത്യേകമായി ഒരു ചക്കു സൊസൈറ്റി ആരംഭിക്കുകയും ചെയ്തു. കൂടാതെ ഈ കാലഘട്ടത്തിൽ സംഘത്തിന്നു കുടുങ്ങത്തു കുണ്ടിൽ വളവന്നൂർ പഞ്ചായത്തിൽ 15 സെന്റു സ്ഥലം വാങ്ങുവാനും അവിടെ ഒരു സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനും കഴിഞ്ഞു. ഈ നിലയിൽ വളരാൻ പിന്നീട് സംഘത്തിനു കഴിഞ്ഞില്ല. ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും ഭരണസമിതികളുടെ കെടുകാര്യസ്ഥതയും ആണ് ഇതിനു മുഖ്യകാരണമായിതീർന്നത്. 70 കളിൽ സംഘത്തിന്റെ പ്രവർത്തനം വളരെ മോശമായിരുന്നു. 70 കളുടെ അവസാന ഘട്ടത്തിൽ നഷ്ടത്തിലോടുന്ന ഇത്തരത്തിലുള്ള സംഘത്തെ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചു.

1982 -ൽ പി. സെയ്തലവി മാസ്റ്ററുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ഭരണ സമിതി കടബാധ്യതകളിൽ നിന്നു സംഘത്തെ കരകയറ്റാനുള്ള ദൗത്യം ഏറ്റെടുത്തതോടെ സർക്കാർ ലിക്വിഡേഷൻ നടപടികൾ നിർത്തിവെച്ചു. ഇക്കാലത്ത് കല്പകാഞ്ചേരി പഞ്ചായത്താപ്പീസിന്റെ ഒരു മുറിയിൽ പ്രവർത്തിച്ചിരുന്ന സംഘത്തെ തൊട്ടടുത്തുള്ള സ്വന്തമായ വാടകക്കെട്ടിടത്തിലേക്കു മാറ്റുവാനും, ജില്ലാ ബാങ്കിന്നുള്ള കാർഷിക വായ്പാകടം വീട്ടുന്നതിനും സാധിച്ചു. പിന്നീട് സംഘത്തിന്നു വളവന്നൂർ പഞ്ചായത്തിലെ കുടുങ്ങാത്തുകുണ്ടിൽ ഉണ്ടായിരുന്നതും നിയമപ്രശ്നങ്ങളിൽ കുടുങ്ങിക്കിടന്നിരുന്നതുമായ സ്ഥലവും കെട്ടിടവും വീണ്ടെടുത്തു പരസ്യലേലം ചെയ്തു വിൽക്കുവാൻ കഴിഞ്ഞു. ഈ സംഭവം സംഘത്തിന്റെ പിന്നീടുണ്ടായ പുരോഗതിയിലേക്കുള്ള വഴിത്തിരിവായിരുന്നു.

1985-ൽ ശ്രീ. P.T കുഞ്ഞിമുഹമ്മദിന്റെ നേതൃത്വത്തിൽ വന്ന ഭരണ സമിതി, കല്പകഞ്ചേരി അങ്ങാടിക്ക് മീതെ ഇന്ന് നിലവിലുള്ള ബാങ്കിന്റെ സ്വന്തം കെട്ടിടവും സ്ഥലവും സമ്പാദിച്ചു. 85-86 ൽ ബാങ്കിന്റെ പ്രവർത്തനം ലാഭത്തിലായി.

ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ ഈ സ്ഥാപനം സാമാന്യം ഭേദപ്പെട്ട നിലയിൽ സേവനം നടത്തിവരുന്നു. പി. സെയ്തലവി മാസ്റ്റർ പ്രസിഡന്റായുള്ള ഭരണ സമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. 2055 മെമ്പർമാരുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ അനുസരിച്ച് ഹൃസ്വകാല- മദ്ധ്യകാല വായ്പകൾ അനുവദിച്ചു വരുന്നു. ഇപ്പോൾ നിലവിൽ 5 സ്ഥിരം ജീവനക്കാരും 4 കലക്ഷൻ ഏജന്റുമാരും ഒരു താല്ക്കാലിക ജീവനക്കാരനുമടക്കം 10 പേരാണ് ബാങ്ക് ജീവനക്കാർ 1996 ആഗസ്ത് 31 വരെയുള്ള സ്ഥിതി വിവരകണക്ക് താഴെ കൊടുക്കുന്നു.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		ഗ്രഹിച്ച മൂലധനം	ലാഭമോ	നഷ്ടമോ	ജീവനക്കാർ	
							കാർഷികം	കാർഷികേതരം		ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
1	2	3	4	5	6	7	8	9	10	11	12	13	14
കല്പകഞ്ചേരി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1808	1961	കല്പകഞ്ചേരി പഞ്ചായത്ത്	2055	486200	6873934	8954000	1157674	5716260	10441420	85957	ഇല്ല	5	5

സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. ഹ്യസ്വകാല വായ്പകൾ കർഷകർ യഥാസമയം തിരിച്ചടക്കാൻ വൈമുഖ്യം കാണിക്കുന്നതു പുനർ വായ്പാ സംരംഭങ്ങൾക്ക് പലപ്പോഴും തിരിച്ചടിയാകുന്നു.
2. 75 ലക്ഷം രൂപ കാർഷിക വായ്പാ വിതരണത്തിന്നു ആവശ്യമാണെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് സംഘത്തിന്നു വിതരണം നടത്താൻ കഴിഞ്ഞിട്ടുള്ളത്. ജില്ലാ ബാങ്ക് മുഖേന ലഭിക്കുന്ന നബാഡ് ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിന്നു മുഖ്യകാരണം.
3. പഞ്ചായത്തിലെ മുഴുവൻ കർഷകരും സംഘത്തിൽ ഓഹരിയെടുത്തു മൂലധനം വർദ്ധിപ്പിക്കേണ്ട സാഹചര്യത്തിൽ കേവലം 2055 കർഷകരേ സംഘാംഗങ്ങളായിട്ടുള്ളൂ. ചില ആളുകൾ മതപരമായ വീക്ഷണകോണിൽകൂടി സംഘം പ്രവർത്തനത്തെ നോക്കി കാണുന്നതും ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.
4. കർഷകർക്കു വളം സംഭരിച്ചു വിൽപ്പന നടത്തുന്നതിന്നുള്ള ഗോഡൗൺ ഇല്ലാത്തതിനാൽ വളം വില്പന നടത്താൻ കഴിയുന്നില്ല.
5. കൊപ്ര സംഭരണത്തിന്നാവശ്യമായ ചേവ്, ഗ്രൗണ്ട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം കൊപ്ര സംഭരണം നടക്കുന്നില്ല.
6. സർക്കാർ നിർദ്ദേശാനുസരണം അതാതു കാലങ്ങളിൽ ഓണച്ചന്ത, കശുവണ്ടി സംഭരണം എന്നിവ ഏറ്റെടുത്തു നടത്തിവരുന്നതു കൂടുതൽ കാര്യക്ഷമമാക്കണം.

നടപ്പിലാക്കേണ്ട പദ്ധതികൾ

1. ബാങ്കിന്റെ നിയന്ത്രണത്തിൽ ഒരു ചിട്ടി ഫണ്ട് നടത്തുന്നതിനുള്ള പദ്ധതി ഉണ്ടാക്കേണ്ടതാണ്.
2. എല്ലാ കർഷരും അംഗങ്ങളായികൊണ്ട് ഓഹരി മൂലധനം വർദ്ധിപ്പിക്കേണ്ടതാണ്
3. വളവും കാർഷികോൽപ്പന്നങ്ങളും സംഭരിക്കുന്നതിന്നും, വിതരണം ചെയ്യുന്നതിന്നും ബാങ്കിൽ സംവിധാനമുണ്ടാക്കേണ്ടതാണ്.
4. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്തു ഉയർത്തേണ്ടതാണ്.
5. രണ്ടത്താണിയിൽ ഒരു ബ്രാഞ്ചും പുത്തനത്താണിയിൽ ഒരു സായാഹ്ന ബ്രാഞ്ചും ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.
6. കാർഷിക വായ്പകൾക്ക് ഗവൺമെന്റ് നൽകുന്ന സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുകയും യഥാകാലങ്ങളിൽ തന്നെ കർഷകന്നു ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്
7. നബാഡിൽ നിന്നും കർഷകർക്കു ലഭിക്കുന്ന വായ്പകൾ അതാത് സഹകരണ സംഘങ്ങൾ മുഖേന നേരിട്ടു ലഭ്യമാക്കേണ്ടതാണ്.
8. കല്പകഞ്ചേരി പഞ്ചായത്തിന്റെ ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിച്ചു സഹകരിക്കേണ്ടതാണ്.
9. വിശേഷാഘോഷ സമയങ്ങളിൽ പ്രത്യേക ചന്തകൾ സംഘടിപ്പിക്കേണ്ടതാണ്.

5(12) വിഭവ സമാഹരണം

കാർഷികവ്യവസായിക മേഖലയിൽ മൊത്തത്തിലുള്ള മുരടിപ്പും ഊർജ്ജ മേഖലയിൽ അനുഭവപ്പെടുന്ന പ്രതിസന്ധിയും പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിൽ പ്രതികൂലമായി നില്ക്കുന്ന പ്രതിഭാസങ്ങളാണ്.

കാർഷികരംഗത്ത് ഉൽപാദനക്ഷമതയിൽ വന്ന കുറവും വ്യാവസായിക മേഖലയിൽ ഉണ്ടാവാതിരുന്ന സംരഭങ്ങളും കാരണം വിഭവസമാഹരണ രംഗത്ത് ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല.

കാർഷിക വ്യവസായിക മേഖലയിൽ സാധ്യമായ മുന്നേറ്റം നടത്തി നമ്മുടെ സാമ്പത്തിക രംഗം സമൃദ്ധമാക്കാൻ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വകാര്യമേഖലയിൽ വന്ന മാറ്റത്തിന്റെ വലിയ പങ്കും ഗൾഫ് കുടിയേറ്റം കൊണ്ടുണ്ടായതാണെന്ന് മനസ്സിലാക്കാൻ കഴിയും. പഞ്ചായത്ത് പ്രദേശങ്ങളിൽ റോഡ് വികസനം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിദ്യാഭ്യാസരംഗം, ദുരുതാശ്വാസപ്രവർത്തനം, വില്ലേജ് ഓഫീസ് അടക്കമുള്ള കെട്ടിടനിർമ്മാണം എന്നിവയിൽ സന്നദ്ധ പ്രവർത്തകരുടെ മനുഷ്യാദ്ധ്വാനത്തോടൊപ്പം ഗൾഫ് മലയാളികളുടെയും ഉദാരമനസ്കരായ സ്ഥിരതാമസക്കാരുടെയും സംഭാവന നിസ്സീമവും വളരെയധികം മതിപ്പുളവാക്കുന്നതാണ്.

പഞ്ചായത്ത് റോഡുകളധികവും ജനങ്ങൾ നിർമ്മിച്ചു പഞ്ചായത്ത് ഏറ്റെടുത്ത് അഭിവൃദ്ധി പ്രവർത്തനം നടത്തിയതാണ്.

പഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായത് കൊണ്ട് അത്യാവശ്യ പ്രവർത്തികൾപോലും ഏറ്റെടുത്തു നടത്താൻ കഴിയാത്ത അവസ്ഥയിലാണിന്ന്.

പഞ്ചായത്താഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പൊട്ടിപ്പൊളുഞ്ഞു ചോർന്നൊലിക്കുന്ന അവസ്ഥയിലാണിരിക്കുന്നത്. പുതുക്കിപ്പണിയാൻ പണം കിട്ടിയാൽ മാത്രംപോരെ പുതുക്കി നിർമ്മിക്കാൻ പ്രസ്തുത കെട്ടിടം നില്ക്കുന്നസ്ഥലം അപര്യാപ്തമായതിനാൽ പുതിയ ഭൂമി ലഭ്യമാവേണ്ടതുണ്ട്. ലഭ്യതക്കുറവും ഉയർന്നവിലയും അതിന്ന് വിഘാതമായി നില്ക്കുകയും ചെയ്യുന്നു.

വിഭവ സമാഹരണത്തിന്റെ പ്രശ്നങ്ങൾ പഠിക്കുമ്പോൾ അന്യത്ര കാര്യങ്ങളാണ് കാണുന്നത്.

1. കാർഷികോല്പാദന രംഗത്തുണ്ടായ ക്ഷമതക്കുറവും കൂലി വർദ്ധനയും കൂലിക്കാരുടെ ലഭ്യതക്കുറവും, വൈറ്റ് കോളർ ജോലിയോടുള്ള ആഭിമുഖ്യവും.

2. വ്യാവസായിക മേഖലയിലാണെങ്കിൽ സ്ഥലത്തിൻരെ ലഭ്യത, മേഖലയെ സംബന്ധിച്ചുള്ള സ്ഥലത്തിന്റെ ലഭ്യത, മേഖലയെ സംബന്ധിച്ചുള്ല അജ്ഞത, മൂലധനമിറിക്കുന്നതിന്നുള്ള ബുദ്ധിമുട്ട്, വായ്പകൾ ലഭിക്കാനുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വോൾട്ടേജ് ക്ഷാമമടക്കുള്ള ഊർജ്ജ പ്രശ്നം.

3. പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്ന തൊഴിൽ നികുതി, വീട് നികുതി, ലൈസൻസ് ഫീസ്, പരസ്യ നികുതി എന്നിവ ചുമത്തുന്നതിലുള്ള വികലതയും അശാസ്ത്രീയതയും അപര്യാപ്തതയും.

4. മറ്റു വകുപ്പുകളിലൂടെ സർക്കാർ പിരിച്ചെടുത്തു പഞ്ചായത്തിന് നല്കുന്ന വിവിധ ഫണ്ടുകളുടെ വിതരണത്തിൽ ഉണ്ടാവുന്ന വിവേചനം.

5. പഞ്ചായത്തിന്ന നുവദിക്കുന്ന JRY പോലെയുള്ള ഫണ്ടുകളിൽ ഹരിജന ക്ഷേമത്തിന്നായി

പഞ്ചായത്തിന്റെ വരുമാനം ഒരു ലഘുപഠനം

ഇനം	90-91	95-96
I തനത്		
A കെട്ടിട നികുതി	145650/-	231191/-
B. വിനോദ നികുതി	32429/-	NIL
C. തൊഴിൽ നികുതി	65642/-	136000/-
2. ഉപാധിരഹിത ഫണ്ട്	150000/-	242510/-
3. ജെ. ആർ. വൈ.	548324/-	158980
4. ഗ്രാന്റെറുകൾ, സംഭാവനകൾ	24152	422020/-
	966197	1190701

ചിലവ് ഒരു ലഘു പരിചയം

ഇനം	90-91	95.96
ഭരണം	229097/-	3,31165/-
പൊതുമരാമത്ത്	258033/-	421245/-
ജലവിതരണം,		
പൊതുജനാരോഗ്യം	640/-	167626/=
വിളക്ക് വെക്കൽ	8860/-	19872/=
വിദ്യാഭ്യാസം	1820/=	12827/=
മറ്റുള്ളവ		32529/=
ആകെ	504211	935264/=

അനുവദിച്ചു കിട്ടുന്ന വിഹിതം വിവിധ കാരണങ്ങളാൽ യഥാസമയം ഉപയോഗിക്കാൻ കഴിയാതെ വരുന്നത്കൊണ്ടുള്ള പ്രശ്നങ്ങൾ. ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റം കാരണം വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിലക്ക് വാങ്ങാൻ സാധിക്കായ്കയും ദാനമായി ലഭിക്കാൻ സാധ്യത കുറയുന്നതും. അടുത്ത സമയങ്ങളിലായ് ഗൾഫ്മേഖലയിൽ നിന്നുള്ള ഒഴിച്ചു വരവ്. ഓഫീസ് പ്രവർത്തനത്തിന്നാവശ്യമായ സ്റ്റാഫിന്റ കുറവ്

പരിഹാമാർഗ്ഗങ്ങൾ - ചില നിർദ്ദേശങ്ങൾ:-

1. കെട്ടിട നികുതി ചുമത്തിയതിൽ കാണുന്ന അപാകതയും അശാസ്ത്രീയതയും പരിഹരിച്ച് വേണ്ട ഭാഗങ്ങളിൽ സാരമായ വർദ്ധനവുണ്ടാക്കാവുന്നതാണ്.
2. സർക്കാർ ജീവനക്കാരിൽ നിന്ന് മാത്രമാണ് യഥാവിധിയും കാര്യമായും തൊഴിൽ നികുതി ലഭിക്കുന്നത്. ജോലി ചെയ്യുന്നവർ ഏത് മേഖലയിലായാലും അർഹമായ നികുതി ചുമത്താവുന്നതാണ്.
3. ധാരാളം മേഖലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി കച്ചവടക്കാർ ലൈസൻസില്ലാതെ കച്ചവടം ചെയ്യുന്നു. ലൈസൻസ് ഫീസു പുതുക്കി ലൈസൻസ് നിർബ്ബന്ധമാക്കുന്നതിലൂടെ അധിക വരുമാനം പ്രതീക്ഷിക്കാം.
4. പഞ്ചായത്തുകൾക്ക് വേണ്ടി വിവിധ വകുപ്പുകളിലൂടെ പിരിച്ചെടുത്തു സർക്കാർ നല്കിവരുന്ന മുഴുവൻ ഗ്രാന്റുകളും ജനസംഖ്യാനുപാതികമായി കാലവിളംബംകൂടാതെ ഭാഗിച്ചു നല്കണം.
5. പരസ്യ നികുതി ഏർപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിക്കണം.
6. വിനോദ നികുതി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും അതുവഴി ധനാഗമന വഴികൾ ഉണ്ടാവുകയും വേണം.
8. നിലവിലുള്ള മാർക്കറ്റ് പൊന്നും വിലകൊടുത്ത് നവീകരിക്കുകയും സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് ആരംഭിക്കാൻ നടപടി ഉണ്ടാവുകയും വേണം.

   പഞ്ചായത്ത് പ്രദേശത്ത് നികുതിയിൽ ഒഴിവാക്കിയതും അന്യാധീനപ്പെട്ട് പോയിക്കൊണ്ടിരിക്കുന്നതുമായ ഭൂമികൾ കണ്ടെത്തി അനുയോജ്യമായ നടപടികൾ നടപ്പാക്കി അതിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ എന്നാലോചിക്കണം.
10. വർഷങ്ങൾക്ക് മുമ്പ് മണ്ടായപുറത്ത് ബാവുണ്ണിമൂപ്പൻ പഞ്ചായത്തിന്റെ മർമ്മഭാഗമായ കടുങ്ങാത്തുകുണ്ടിൽ VEO ക്വാർട്ടേർസ് ഉണ്ടാക്കാൻ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്ന് നല്കിയ ഭൂമി പഞ്ചായത്തിന് ലഭ്യമാക്കി പഞ്ചായത്താഫീസും പഞ്ചായത്തിലെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു ഓഫീസുകളും പ്രവർത്തിക്കാൻ സൗകര്യമുള്ള കെട്ടിടങ്ങളും, മാസത്തിൽ ഭീമമായ ഒരു സംഖ്യ വാടകയിനത്തിൽ വരുമാനമുണ്ടാക്കാവുന്ന ഷോപ്പ് മുറികളും പണിത് വരുമാനം വർദ്ധിപ്പിക്കേണ്ട മാർഗ്ഗങ്ങൾ ആരായാവുന്നതാണ്.
11. കടുങ്ങാത്തുകുണ്ട്, പുത്തനത്താണി, രണ്ടത്താണി ഭാഗങ്ങളിൽ ടാക്സി സ്റ്റാന്റെറുകൾ ഉണ്ടാക്കി വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പഠിക്കണം. ആയതിന്

അനുയോജ്യമായ പുറമ്പോക്ക് ഭൂമി PWD ലഭിക്കുന്നതിനും നടപടികൾ ആവശ്യമാണ്.

12. പുത്തനത്താണിയിലും പരിസര പ്രദേശങ്ങളിലും ഉള്ള PWD പുറമ്പോക്കുകൾ അന്യാധീനപ്പെട്ട് പോവുകയാണ്. അത് പഞ്ചായത്തിന് ലഭ്യമാക്കിയാൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ലോഡ്ജുകൾ തുടങ്ങി അനുയോജ്യമായവ നിർമ്മിച്ച് വാടകയിനത്തിൽ വരുമാനമുണ്ടാക്കാൻ കഴിയും.
13. പഞ്ചായത്തിലെ ഉന്നതരും മഹദ് ചരിത്രം രചിച്ചവരുമായ മൂപ്പൻ കുടുംബത്തിന്റെ കൈവശമുള്ള ആഴ്ച ചന്ത നടക്കുന്ന വിസ്തൃതമായ ഭൂമി അനുയോജ്യമായ രീതിയിൽ പഞ്ചായത്തിന് ലഭിക്കുമോ എന്ന് പരിശോധിക്കുകയും ലഭ്യമാകുന്ന സാഹചര്യത്തിൽ ആഴ്ച ചന്ത നിലനിർത്തിക്കൊണ്ട് ദിവസ മാർക്കറ്റ്, മാൽസ്യ-മാംസ മാർക്കറ്റുകൾ വാടകക്ക് നല്കാവുന്ന മറ്റു കെട്ടിടങ്ങൾ, എന്നിവ ഉണ്ടാക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതും വരുമാനം വലിയൊരു ശതമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.
14. പഞ്ചായത്ത് പ്രദേശത്തുള്ള ബാങ്കുകളുടെ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാവുകയും പഞ്ചായത്തും സർക്കാറും നടപ്പാക്കുന്ന സ്കീമുകൾക്കും മറ്റു വ്യക്തിഗത വായ്പാ പദ്ധതികൾക്കുമായി നിക്ഷേപത്തിന്റെ മുഴുവൻ ഭാഗവും പഞ്ചായത്തതിർത്തിയിൽ തന്നെ നല്കുന്നതിന് ശ്രദ്ധിക്കേണ്ടതും വായ്പകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും ഊരാക്കുടുക്കുകളും ഒഴിവാക്കേണ്ടതുമാണ്.
15. കൃഷിയുടെയും വ്യവസായത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട പ്രോൽസാഹനങ്ങൾ നൽകുകയും തക്ക സഹായങ്ങൾ ലഭ്യമാക്കുകയും ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാവുകയും വേണം.
16. പഞ്ചായത്തിൽ നിന്നും ഇന്ദിരാവികാസ് പത്ര പോലുള്ള പോളിസികളിൽ നിക്ഷേപിക്കുന്ന സംഖ്യയുടെ 25% പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്ന ഒരു സ്കീം നടപ്പിലാക്കിയിരുന്നു. വിവിധ പ്രദേശങ്ങളിൽ കൂടുതൽ താല്പര്യമുള്ളതും ഗുണഭോക്താക്കൾ കൂടുതൽ ഉണ്ടാവുന്നതുമായ പ്രവർത്തികൾ കണ്ടെത്തി ഗ്രാമ സഭകളുടെ ശ്രമത്തോടെ അത്തരത്തിലുള്ള സ്കീമുകൾ ഉണ്ടാക്കുന്നത് വികസനത്തിന് ആക്കം കൂട്ടാൻ സഹായിക്കും.
17. ഗൾഫ് മലയാളികളുടെ പുനരധിവാസത്തിന് ഉചിതമായ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
18. പഞ്ചായത്തിലെ ഒട്ടുമിക്ക ഗ്രാമ സഭകളിൽനിന്നും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് വാഗ്ദനം ചെയ്തിട്ടുണ്ട്. പൊതുസ്വത്തുക്കൾ നമ്മുടെതാണെന്നും അതിന് സംഭവിക്കുന്ന നഷ്ടം നമ്മുടെ നഷ്ടമാണെന്നും ഓരോരുത്തരും അറിയുകയും എന്നെക്കൊണ്ട് പൊസ്വത്തുക്കൾക്ക് യാതൊരു ഹാനിയും വരുത്തില്ലെന്ന് എല്ലാവരും ഉറപ്പാക്കുകയും, യാതൊരാളുടെ പ്രേരണയും കൂടാതെ അതിന്റെ സംരക്ഷത്തിന് തന്നാൽ ആവുന്നതൊക്കെ ചെയ്യുമെന്നും നാം പ്രതിജ്ഞയെടുക്കുകയും അങ്ങിനെ മുന്നോട്ട് നീങ്ങുകയും ചെയ്യാം. ദൗർലഭ്യങ്ങൾ നീങ്ങി സമൃദ്ധി കളിയാടുകതന്നെ ചെയ്യും.
19. V.E.O തസ്തികപഞ്ചായത്ത് തസ്തികയിൽ ഉൾപെടുത്തിയും ആവശ്യമായ സ്റ്റാഫിനെ നിയമിച്ചു പഞ്ചായത്ത് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക.

6 ഉപസംഹാരം

സാമൂഹിക-രാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുന്നതാണ്. വസ്തു നിഷ്ഠമായി തെളിവിന്റെടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വീശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും ഐക്യം വളർന്നുവരുകയും ചെയ്യും.

സർവ്വെ റിപ്പോർട്ടുകൾ വികസന പ്രക്രിയകൾക്ക് അടിത്തറ നൽകും.

ആസൂത്രണം ആർത്ഥമാവുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കുവാൻ മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബന്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതി വിഭവങ്ങൾ, മാനവശേഷി എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങളെ ബന്ധപ്പെടുത്തി വിശകലനം ചെയ്തു പ്രയോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ കഴിയണം. ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളും ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും ഉണ്ടായ നിർദ്ദേശങ്ങളെയും സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ സമിതികൾക്ക് കഴിയും. സർക്കാറേതർ ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുവാൻ ജാഗ്രത പാലിക്കണം.

അവരുടെ നിബന്ധനകൾ പഠിച്ചു പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദ സംഘം സ്ഥിരമായി പ്രവർത്തിച്ചേതീരൂ.

ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദ വേലയല്ല. മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അത്കൊണ്ട് തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ "സമഗ്രവികസനരേഖ" സമ്പുഷ്ഠമാക്കി കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബന്ധത നാം നിലനിറുത്തണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ മഹാത്മജി സ്വപ്നം കണ്ട യഥാർത്ഥ ഗ്രാമസ്വരാജ് ഉയർന്നുവരുമെന്നത് തീർച്ചയാണ്.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്ത് തന്നെ നമുക്ക് കഴിയുമെന്ന് പ്രത്യാശയോടെ വിശദമായ വിശകലനത്തിന്നും ചർച്ചക്കും, പരിഷ്കരണത്തിന്നും വേണ്ടി ഈ സമഗ്ര വികസന രേഖ സെനിനാറിന്ന് മുമ്പാകെ സമർപ്പിക്കുന്നു.

പഞ്ചായത്ത് വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

ചെയർമാൻ = ഖദീജാ നർഗീസ്

കൺവീനർ = ടി. കെ. അബ്ദുസ്സലാം.

കൃഷി ജലസേചനം

P.T കുഞ്ഞിമുഹമ്മദ് (ഗ്രൂപ്പ് ചെയർമാൻ)

N. കുഞ്ഞറമു

അഷറഫ് പള്ളിയത്ത്

നൗഷാദ് - T.P

A.K.R. പ്രസന്ന അഗ്രി = ഓഫീസർ

M. രാധ - അഗ്ര : അസിസ്റ്റന്റ്

A. ഫാത്തിമബീവി അഗ്രി: അസിസ്റ്റന്റ്

N. അത്തുമാസ്റ്റർ

പള്ളിയത്ത് മുയ്തീൻ

ഇ. അലവിക്കുട്ടി

കെ. കെ. ഇബ്രാഹിം.

മൃഗസംരക്ഷണ മത്സ്യബന്ധനം

പി. നഫീസ (ഗ്രൂപ്പ് ചെയർമാൻ)

Dr. സി. ബി. ആന്റണി (വെറ്റ്നറി)

സി. എസ്. എം. യൂസഫ് (LNC STOCK ASIstant)

എം. ട്ടി. അബ്ദുൽ മനാഫ് മാസ്റ്റർ

കെ. അബ്ദുൽ റഷീദ് മാസ്റ്റർ

പൊട്ടേങ്ങൽ മുഹമ്മദ്

ആരോഗ്യം -കുടിവെള്ളം

കൊടപ്പനക്കൽ മുയ്തീൻകുട്ടി എന്ന ബാവ. - ഗ്രൂപ്പ് ചയർമാൻ

Dr. കെ. എം. അബ്ദുൽ ഷുക്കൂർ

Dr. ഒ. ജമാൽ മുഹമ്മദ്

ജോൺസക്കറിയ

പി. ജമാലുദ്ധീൻ കാനാഞ്ചേരി

കെ. രാജേന്ദ്രൻ

എ. ജബ്ബാർ

സിസ്റ്റർ അന്നമ്മ മാത്യു

വിദ്യാഭ്യാസം

മയ്യേരി കുഞ്ഞിമുഹമ്മദ് (ഗ്രൂപ്പ് ചെയർമാൻ)

എൻ. അബ്ദുൽ ജലീൽ മാസ്റ്റർ

കെ. അബ്ദുന്നാസർ മാസ്റ്റർ

കെ. നാരായണൻ

ഗതാഗതം ഊർജ്ജം മാർക്കറ്റ്

അൻവർ അമീൻ (ഗ്രൂപ്പ് ചെയർമാൻ)

ടി. ഹബീബുറഹ്മാൻ

കുഞ്ഞമ്മു കോട്ടയിൽ

ടി. കെ. അബ്ദുസ്സലാം മാസ്റ്റർ

ഇ. കെ. മുജീബ് മാസ്റ്റർ

എം. സൈനുദ്ധീൻ

കെ. ഷരീഫ്

പാർപ്പിടം സാമൂഹ്യക്ഷേമം

കെ. ഹംസ (ഗ്രൂപ്പ് ചെയർമാൻ)

ഇ. മുയ്തീൻകുട്ടി രണ്ടുത്താണി

കെ. വാസു

ടി. പി. ഇബ്രാഹിം

എം. പി. വർഗ്ഗീസ് VEO

വ്യവസായം

കെ. കെ. കുഞ്ഞീവി ടീച്ചർ (ഗ്രൂപ്പ് ചെർമാൻ)

പി. ടി. ഷാജഹാൻ

എം. സി. കുഞ്ഞി മുയ്തീൻ കുട്ടി

കുഞ്ഞിവാപ്പു തയ്യിൽ

കെ. എം. രഘുനാഥൻ

വനിത

ഖദീജാ നർഗീസ് (ഗ്രൂപ്പ് ചെയർമാൻ)

സുദർശനാ ഭായി ടീച്ചർ

മുജീബു റഹ്മാൻ കള്ളിയത്ത്

പാറക്കാട്ടിൽ മുയ്തീൻ കുട്ടി

N.P. മൈമൂന

M.P ലീല

സഹകരണ മേഖല

പി. സൈതലവി മാസ്റ്റർ (ഗ്രൂപ്പ് ചെയർമാൻ)

എ. പി. മുയ്തീൻകുട്ടി

കെ. ഗീത

സംസ്കാരം

പി. സൈതലവി മാസ്റ്റർ (ഗ്രൂപ്പ് ചെയർമാൻ)

കെ. പി. ഖാലിദ് മാസ്റ്റർ

കെ. കെ. ഷംശുദ്ധീൻ

എം. ഫഖറുദ്ധീൻ

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ടി. പി. തെയ്യൻ (ഗ്രൂപ്പ് ചെർമാൻ)

രാമചന്ദ്രൻ നെല്ലിക്കുന്ന്

എൻ. നാരായണൻ

ഇ. ഒ. അബ്ദുൾ നാസർ VEO

എൻ. ഗംഗാധരൻ

എം. പി. ഷൺമുഖൻ

വിഭവസമാഹരണം

ടി. പി. നഫീസ ഗ്രൂപ്പ് ചെയർമാൻ

എൻ. ഹനീഫ

ഇ. അബ്ദുൽ റഹീം.

നാട്ടറിവ് ചരിത്രം

കെ. ആറ്റക്കോയ തങ്ങൾ ഗ്രൂപ്പ് ചെയർമാൻ

ഒ. കുഞ്ഞമുഹമ്മദ് മാസ്റ്റർ (O.K)

ഇ. അബ്ദുൾ റസാക്ക് മാസ്റ്റർ


കെ. രായിൻ

പി. കെ. വേലുമാസ്റ്റർ

പി. ആമിന.

KALPAKAMCHERY GRAMA PANCHAYAT

TALUK BLOCK



കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്

27-11-96 ലെ വികസന സെമിനാറിൽ

വിവിധ ഗ്രൂപ്പുകൾ ചർച്ച ചെയ്തത് കൂട്ടിചേർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

---

5 1. കൃഷിയും ജലസേചനവും

1 വ്യവസായ വകുപ്പിന്റെ ഷെറീഫെഡിന്റെയും സഹായത്തോടെ മംഗലറി കൃഷിപുന രുദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

2 ടാക്ടർ ഇറങ്ങാനുള്ള സൗകര്യങ്ങളും ഓരോ വാർഡിലുമുള്ള റോഡുകളും പുനരുദ്ധീകരി കരിച്ച് പോകുന്ന നടപടികളും പഞ്ചായത്ത് സ്വീകരിക്കുക. ടാക്ടർ, ട്രില്ലർ മുത ലായവ വ്യക്തികൾക്ക് സബ്സിഡി നിരക്കിൽകൊടുക്കുക.

3 ഉപയോഗ ശൂന്യമായ പൊതുകുളങ്ങൾ റിപ്പയർ ചെയ്ത് നന്നാക്കുക.

4 പറവന്നൂർ പാടം, പൊറുകുന്ന് കുളം പാടം, മഞ്ഞച്ചോല പാടം, തോഴന്നൂർ പാടം എന്നിവിടങ്ങളിൽ പ്രത്യേക പഠനങ്ങൾനടത്തി ജലസേചനപദ്ധതി നടപ്പിലാക്കുക

5 വെറ്റില കരുമുളക്, കവുങ്ങ്, എന്നിവയുടെ രോഗങ്ങൾ പ്രകൃതിക്ഷോഭത്തിലുംപ്പെ ട്ടത്തി ധനസഹായം അനുവദിക്കുക.

5 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

1 പകർച്ച വ്യാധികൾക്കെതിരായുള്ള പ്രതിരോധവാക്സിനുകളും മറ്റു മരുന്നുകളും ആ വശ്യമായി വരുന്ന സമയങ്ങളിൽ പഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കുക.

2 സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈറ്റി ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കുക

3 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രി ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക.

4 കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

5 ഉടമസ്ഥരില്ലാതെയും അലഞ്ഞുതിരിഞ്ഞുനടക്കുന്നതുമായ നായ്ക്കളെ നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

വ്യവസായ വിപണന സഹകരണസംഘം

1 പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന വ്യവസായ ഉല്പന്നങ്ങൾ ശേഖരിച്ച് വിറ്റഴിക്കുന്ന തിനുള്ള മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവരിക.

2 ഉല്പന്നങ്ങളുടെ തോതനുസരിച്ച് വിദേശ ആഭ്യന്തര പ്രാദേശിക കേന്ദ്രങ്ങളിൽ വിത രണ കേന്ദ്രങ്ങളും ആരംഭിക്കുക.

3 കടിൽ വ്യവസായമായി മീനായി നിർമ്മാണം, തെങ്ങിൻ ചക്കരനിർമ്മാണം എ ന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് വേണ്ടുന്ന നടപടികൾസ്വീകരിക്കുക

5 4. വിദ്യാഭ്യാസം

1 ഉന്നത വിദ്യാഭ്യാസ സൗകര്യാർത്ഥം ഈ പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കുക.

2 മഞ്ഞച്ചോല LP സ്കൂൾ UP സ്കൂളായി അപ്ഗ്രേഡ് ചെയ്യുക. രണ്ടത്താണി സ്കൂൾ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിഴക്കേപ്പുറത്ത് ഹൈസ്കൂൾ അനുവദിക്കുക. നിലവിലുള്ള C M A M L P സ്കൂളുകൾ UP ഉൾക്കൊള്ളുന്ന ഹൈസ്ക്കൂളായി ഉയർത്തുക.

3 Pree-Degree ക്ലാസുകൾ സ്ക്കൂളിലേക്ക് മാറ്റുന്നതിന് ഭാഗമായി കല്ലിങ്ങൽ പറമ്പ് ഹൈസ്കൂളിൽ ഹ്യൂമനിസ്റ്റിക് ഗ്രൂപ്പും G V H S. കല്ലഞ്ചേരി അൽമനാർ ഹൈസ്ക്കൂളിൽ സയൻസ് ഗ്രൂപ്പുകളും അനുവദിക്കുക.

7 സ്ക്കൂളുകളുടെ പഠന സമയം ഏകീകരിക്കുക

8 പഞ്ചായത്ത് തലത്തിൽ LP സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുണ്ടാകുമ്പോൾ താൽകാലികമായി നിയമനം നടത്തുന്നതിന് പഞ്ചായത്തിന് അധികാരം നല്കുക.

9 പരീക്ഷ നടത്തിപ്പിന് ഏകീകരണ സ്വഭാവമുണ്ടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ അക്കാഡമിക്ക് കൗൺസിലുകളെ ഏൽപ്പിക്കുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

നിർദ്ദേശങ്ങൾ

1 അമ്പലകുളത്തിൽ നിന്ന് ജലം ശേഖരിച്ച് നടയാൽപറമ്പ് ഒരു റിസർവ്വയർ കൂടി സ്ഥാപിച്ച് സമീപപ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തുക.

ഗതാഗതം. ഊർജ്ജം മാർക്കറ്റ്

അനുബന്ധം : പട്ടിക I

ടാർ ചെയ്ത റോഡുകൾ കൂട്ടിചേർത്തത്.

17 കുട്ടികളത്താണി — ഏഴൂർ റോഡ് (PWD) 1. 500 കി. മീ

18 കടുംതുരുത്തുകുണ്ട് — എം. എ മൂപ്പൻ റോഡ് (പഞ്ചായത്ത്) 450 മീ

19 രണ്ടത്താണി — കണക്കാംകുന്ന് AMLP സ്ക്കൂൾറോഡ് [പഞ്ചായത്ത്] 1 കി. മീ

20 മാസ്റ്റ — തയ്യിൽ റോഡ് [പഞ്ചായത്ത്] 1. കി മീ

21 തവളംചിന — പൊരിയാട് റോഡ് (പഞ്ചായത്ത്) 400 മീ.

22 പുത്തനത്താണി — രണ്ടത്താണി റോഡ് [NH. 17] 3 500 കി മീ.

23 കാനാഞ്ചേരി — കുറുപ്പത്ത്പടി റോഡ് [പഞ്ചായത്ത്] 3. 60 മീ

24 കടുങ്ങാത്തുകുണ്ട് — പന്നമ്പാലം റോഡ് [പഞ്ചായത്ത്] PWD 500 മീ.

25 മേലേതൊടു — മസ്ജിദ് സലാം റോഡ് [പഞ്ചായത്ത്] 180 മീ

26 മുതുപറമ്പ് — ചെറുശോലപറമ്പ് റോഡ് ,, 100 മീ

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ [ലിസ്റ്റിൽപ്പെടാത്തത്]

പാലത്തിന്റെ പേര്:

1 വാർഡ് VII തേവർക്കളം — മണ്ണാംപടി തോടിന് കുറുകെ പാലം

2 ,, X ഭാമോദരൻപടി — ചോലക്കുന്ന് റോഡിന് കുറുകെ പാലം

1 പുതിയ റോഡുകൾ ഉണ്ടാക്കുമ്പോൾ അഴുക്കുചാൽ നിർമ്മിക്കുവാൻ വേണ്ടുന്ന സ്ഥലം കൂടി കണ്ടെത്തേണ്ടതാണ്.

2 ടെലഫോൺ അതോറിറ്റി, വാട്ടർ അതോറിറ്റി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ വർക്കു് നടക്കുമ്പോൾ പഞ്ചായത്തുമായി ബന്ധപ്പെട്ടു് വർക്കുകൾ നടത്തുക.

3 പുറമ്പോക്കു് സ്ഥലങ്ങൾ റോഡിലേക്കു് കയ്യേറിയിട്ടുള്ളതു് സർവ്വെ ചെയ്തു് പഞ്ചായത്തിലേക്കു് ഏറ്റെടുക്കുക.

ടാറിംഗു് നടത്തേണ്ട റോഡുകളുടെ ലിസ്റ്റിൽ വിട്ടുപോയതു്.

വാർഡു്:

V കണക്കാംകുന്നു് ചോലക്കാടു് റോഡു്.

X പാറക്കൽ – ഇല്ലത്തുകളം റോഡു്, തണ്ണീർചാലു് LP സ്കൂൾ റോഡു്

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ ലിസ്റ്റിൽ വിട്ടുപോയവ.

വാർഡു്:

VI 1 മഞ്ഞച്ചോല – കുന്നക്കാടു് റോഡു് [തോട്ടായി റോഡിൽ ബന്ധിപ്പിക്കുന്നു.]

2 കുന്നത്തുപ്പടി – തവളംചിനയുമായി ബന്ധിപ്പിക്കുന്ന റോഡു്.

3 ചവിടികുന്നു് – ചെറാലിവഴി – ചിന്നംപടിതിരുത്തി റോഡിൽ ബന്ധിപ്പിക്കുക.

വാർഡു്:

I കിഴക്കേപ്പുറം – മുച്ചിക്കൽ റോഡു് (ഇരു റോഡുകളുമായി ബന്ധിപ്പിക്കുക)

I to V മേലേതൊട്ടു – കരിങ്ങായി – അഞ്ചുട്ടിറോഡു്

IV to V ചീറാനി – തറളാടു് റോഡു്

V പൊരിയാടു് – വലിയ ചോലറോഡു്

X ദാമോദരൻപടി – പറവന്നൂർ ചോലറോഡിൽ (കെ പി. പടി മുതൽ സുപ്രിയ ആശുപത്രിവരെ.

I മുതുപറമ്പു് – കിഴക്കേപ്പുറം റോഡു്.

IV പൊട്ടേങ്ങൽ പടി പൂഴിക്കളം വഴി – പാലേത്തു് മദ്രസ വഴി.

പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെ K S R T C. ബസ്സുകൾ അനുവദിക്കേണ്ടതാണു്. പ്രധാന സ്ഥലങ്ങൾ താഴെ കാണിക്കുന്നു.

1 പരപ്പനങ്ങാടി – വളാഞ്ചേരി (എടരിക്കോടു് – വാരിയത്തു് രണ്ടത്താണി വഴി)

2 തിരൂർ – മഞ്ചേരി [കടുങ്ങാത്തുകുണ്ടു് – വാരിയത്തു്, രണ്ടത്താണി, കോട്ടക്കൽ മലപ്പുറം വഴി]

3 തിരൂർ – വളാഞ്ചേരി [വൈലത്തൂർ, കടുങ്ങാത്തുകുണ്ടു്, കല്പകഞ്ചേരി വഴി]

4 മലപ്പുറം – തിരൂർ (മലപ്പുറം – കോട്ടക്കൽ രണ്ടത്താണി, കുറുകത്താണി കടുങ്ങാത്തുകുണ്ടു്, മാസ്പ്രി, പാറക്കൽ വഴി)

ഊർജ്ജം

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട റോഡുകൾ:

1 തവളംചിന – തറളാട് മഠത്തിൽ പടി റോഡ്.
2 മുളപറമ്പ് – ചിറ്റാണി റോഡ്
3 കിഴക്കേപുറം – മേലാറ്റൂർ റോഡ്
4 തവളംചിന - ചിന്നംപടി വഴി തിരുത്തി റോഡ്.
5 തവളംചിന – മണ്ണാംവഴി
6 കുന്നുപടി - പാറാംകുളം

സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ്: VIII അയിരാനി മദ്രസക്ക് സമീപം. 4 ചിന്നംപടി
4 ചിറ്റാണി 3 ആയുർവ്വേദ ആശുപത്രിക്ക് സമീപം
VI മണ്ണാംപടി VI പാറാംകുളം

പുത്തനത്താണി തിരുന്നാവായ റോഡിൽ സ്ഥിതിചെയ്യുന്ന സുപ്രിയ ആശുപത്രിക്ക് സമീപം ഒരു വൈറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും.

1 പാർപ്പിടനിധി പരിവ് പരിഷ്കരിച്ച് കാര്യക്ഷമമാക്കുക.
2 7 ലക്ഷത്തിലധികം വാർഷികവരുമാനമുള്ള വീടുകൾക്ക് ഈടാക്കുന്ന നികുതിയിൽ ഒരു ഭാഗം പാവങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുക.
3 അവശത അനുഭവിക്കുന്ന ജനറൽ വിഭാഗത്തിനുള്ള വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുക
4 ഓല വീടുകൾ പൂർണ്ണമായും ഓട്മേഞ്ഞവയാകുന്നതിൽ വേണ്ട സഹായ ധനം അനുവദിക്കുക.
5 പുതിയ വീടുകളുടെ പണിപൂർണ്ണമായും പൂർത്തിയാക്കുന്നതിനു മുമ്പ്തന്നെ തൽക്കാലിക ഓണർഷിപ്പ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
6 ടൈസം സ്കീമിൽ വർഷം തോറും പുരുങ്ങിയത് വാർഡടിസ്ഥാനത്തിൽ 2 പേർക്കെങ്കിലും പരിശീലനം നൽകാനുള്ള പദ്ധതി ഉണ്ടാക്കുക,
7 ട്യൂംസ്കിറ്റ് പദ്ധതി കർഷകതൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളും, പെരുപ്പകുത്തികളും. മെക്കാനിക്കുകളും എന്നിവരെയും കൂടി ഉൾപ്പെടുത്തണം.
8 കക്കൂസ് നിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്ന 2000 രൂപയിൽ നിന്ന് 5000 രൂപയാക്കി വർദ്ധിപ്പിക്കണം ഓരോ വാർഡിലും 20 കക്കൂസുകളെങ്കിലും വർഷത്തിൽ ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

5, 8 സംസ്കാരം.

1 2, 8. 10. വാർഡുകളിൽ അംഗനവാടികൾ നിർമ്മിക്കുക.
2 പഞ്ചായത്തിലെ സാംസ്കാരിക നിലയം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറി റഫറൻസ് ലൈബ്രറിയായി ഉയർത്തുക. പഞ്ചായത്തിന്റെ ഏകലൈബ്രറി എന്ന നിലയിൽ ഈ ലൈബ്രറി ഉയർന്നുവരേണ്ടത് ഒരു അത്യാവശ്യമാണ്.
3 9.ാം വാർഡിൽ തണ്ണീർച്ചാൽ MSM ലൈബ്രറിക്ക് അംഗീകാരം നൽകുക.
4 കടുങ്ങാത്തുകുണ്ട് ക്രസന്റ് ആർട്സിനും ഗ്രാന്റ് നൽകുക.
5 മാസ്സ് കലാ മന്ദിരത്തിന് പ്രോത്സാഹനം നൽകുക.
6 പഞ്ചായത്തിലെ പ്രധാന പ്പെട്ട സ്ഥലങ്ങളിൽ പൊതു TV സെറ്റുകൾ സ്ഥാപിക്കുക.
7 ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ കീഴിൽ മാസംതോറും സാംസ്കാരിക യോഗങ്ങൾ നടത്തുക.
8 അശ്ലീല പോസ്റ്ററുകൾക്കും മയക്കുമരുന്ന് വിപണനത്തിനുമെതിരെ ശക്തമായ നടപടികൾ എടുക്കുക.
9 അംഗനവാടികളിലെ അദ്ധ്യാപികമാർക്കും, പഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രേറിയൻമാർക്കും ട്രെയിനിംഗ് നൽകുക.
10 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുക. പാഠപുസ്തകങ്ങൾ സൗജന്യം വിതരണം ചെയ്യുക
11 നിലവിലുള്ള എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക
12 മദ്രസകളുടെ ഒഴിവ് സമയങ്ങളിൽ കമ്മിറ്റിയേയും ബന്ധപ്പെടുത്തി സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുക
13 ജനവിദ്യാകേന്ദ്രങ്ങളെ പുനരുദ്ധരിച്ച് ഹൈസ്കൂൾ കേന്ദ്രങ്ങളായി മാറ്റുക.
14 സന്നദ്ധ യുവജന വിദ്യാർത്ഥി സംഘടനകളെ സംഘടിപ്പിച്ച് സൗജന്യ ട്യൂഷൻ സംഘടിപ്പിക്കാൻ പഞ്ചായത്ത് മെമ്പർമാർ നേതൃത്വം നൽകുക.
15 വനിതാ കുടുംബയോഗങ്ങൾ സംഘടിപ്പിക്കുക.

വനിത

1 പേജ് നമ്പർ 70 ൽ മഹിളാ സമാജങ്ങളും വനിതാ പ്രസ്ഥാനങ്ങളും എന്ന ഖണ്ഡികയിൽ കുടുങ്ങാത്തുകുണ്ടിൽ പരാമർശിക്കപ്പെട്ട മഹിളാ സമാജത്തിന്റെ പേര് ദേശസേവിനി എന്നാകുന്നു.
കസ്തൂർബ എന്ന പേരിലുള്ള മഹിളാ സമാജം പാലേത്താണ്.
2 മഹിളാ സമാജങ്ങൾ ശക്തിപ്പെടുത്തുക.
3 ജാഗ്രത വനിത സമിതി രൂപീകരിക്കുക.
4 അയൽകൂട്ട സമ്പ്രദായം നടപ്പിലാക്കുക.
5 കുടുംബഭാരം ചുമക്കാൻ പുരുഷന്മാർക്കുകൂടി തയ്യാറായെങ്കിൽ മാത്രമേ സ്ത്രീകൾക്ക് പൊതുരംഗത്ത് സജീവമായി പങ്കെടുക്കുവാൻ കഴിയുകയുള്ളൂ
6 DWCRA കൾ പകുത്തുനൽകി പഞ്ചായത്തിൽ ഒരു വാർഡിൽ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ അത് എല്ലാ വാർഡുകളിലും ഓരോ യൂണിറ്റ് ആവശ്യമാണ്.

7 അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.

5, 10 പട്ടികജാതി പട്ടികവർഗ്ഗം

1 3, 4, 6. 7, 8, 9, 11 എന്നീ വാർഡുകളിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധം കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളും സ്ഥാപിച്ച് പ്രസ്തുത പ്രദേശങ്ങളിലെ ചികിത്സാ പ്രശ്നം പരിഹരിക്കാവുന്നതാണ്.
ഗ്രാമപഞ്ചായത്തുകളിലൂടെ ലഭ്യമാകുന്ന തൊഴിലുകളിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യംകൊടുത്ത് അവരുടെ തൊഴിൽപ്രശ്നം പരിഹരിക്കാവുന്നതാണ്

സഹകരണം.

1 നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് ഒരു സഹകരണ പല വ്യഞ്ജന സ്റ്റോർ ആരംഭിക്കണം.
2 ക്ഷീരോല്പാദകരെ സഹായിക്കുന്നതിന് ക്ഷീര സഹകരണ സംഘം രൂപീകരിക്കണം
3 സഹകരണാടിസ്ഥാനത്തിൽ ബീഡി വ്യവസായം തുടങ്ങാവുന്നതാണ്.
4 സഹകരണാടിസ്ഥാനത്തിൽ ഉന്നതസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാവുന്നതാണ്.
5 സഹകരണാടിസ്ഥാനത്തിൽ ആശുപത്രി തുടങ്ങാവുന്നതാണ്.

വിഭവ സമാഹരണം

1 കല്ലകഞ്ചേരി GVHSS ഗ്രൗണ്ടിൽ ഓരോ വർഷവും നടന്നുവരുന്ന ഫുട്ബാൾ ടൂർണമെന്റിൽ നിന്നും നാമമാത്രമായ വരുമാനം പോലും പഞ്ചായത്തിന് ലഭിക്കുന്നില്ല. അതിനാൽ ഇതുപോലുള്ള ടൂർണമെന്റുകൾ പഞ്ചായത്തിന്റെ കീഴിൽ നടത്തിയാൽ വരുമാനം ഏറെ വർദ്ധിപ്പിക്കാൻ കഴിയും.
2 പഞ്ചായത്ത് മിനിസ്റ്റേഡിയങ്ങൾ അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തുകയോ അസാദ്ധ്യമെങ്കിൽ മറ്റൊന്നിന് സ്ഥലം കണ്ടെത്തുകയോ വേണം,
3 ഉപയോഗയോഗ്യമല്ലാത്ത സ്ഥലങ്ങൾ കമ്പോണിറ്റിഹാളുകൾ സ്ഥാപിക്കുക.
4 മത്സ്യകച്ചവടം. മാംസകച്ചവടം എന്നിവക്ക് ലൈസൻസ് ഏർപ്പെടുത്താവുന്നതും അവരിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കാവുന്നതുമാണ്.
5 ഉല്പാദന ക്ഷമതയുള്ള പച്ചക്കറി വിത്തുകളും നഴ്സറികളിൽ വളവും നൽകി ആലപ്പുഴ മോഡൽ കാർഷിക വിപ്ലവം നടത്തിയാൽ അത് ഏറെ ഗുണപ്രദമാകും.
6 ടാക്സി സ്റ്റാൻറ് നിർമ്മിച്ച് നൽകിയോ അല്ലാതെയോ പഞ്ചായത്തിൽ ഓടികൊണ്ടിരിക്കുന്ന വാഹനങ്ങളിൽ പാർക്കിംഗ് ഫീസ് ആയി നിശ്ചിത തുക ഈടാക്കാൻ നടപടിയെടുക്കുക.

7 പഞ്ചായത്തിലെ വിവിധ റോഡുകൾക്കിരുവശങ്ങളിലായി നിലവിലുള്ള ഫലവൃക്ഷങ്ങളിൽ നിന്ന് ഫലങ്ങൾ യഥാവിധി ശേഖരിച്ച് വിതരണത്തിനായി ഒരു മാർഗ്ഗം കണ്ടെത്തി പണം സമ്പാദിക്കാവുന്നതാണ്.

8 പഞ്ചായത്തിലെ വിവിധ തോടുകളിൽ നിന്നും മണ്ണ് വാരി കൃഷിഭൂമിയുടെ അസന്തുലിതാവസ്ഥക്ക് കോട്ടം വരുത്തുന്നവർക്ക് പിഴ ചുമത്താവുന്നതാണ്.

9 വായ്പാനയം ഉദാരമാക്കി ഗൃഹസ്ഥുകാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ എല്ലാ നിലക്കും സഹായം നൽകും.

10 ഗൃഹത്തിൽ പോയവർക്കും പോകാനുള്ളവർക്കും ഉപയോഗപ്പെടുംവിധം വിദ്യാഭ്യാസയോഗ്യത മാനദണ്ഡം വെക്കാതെ സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകും

11 ഗവൺമെൻറ് തലത്തിൽ ഗവൺമെൻറുകളുമായി നയതന്ത്രബന്ധം പുലർത്തി തൊഴിൽ വൈദഗ്ധ്യമുള്ളവർക്കെങ്കിലും അവസരം ഒരുക്കികൊടുക്കുക.

12 യാത്രാസംബന്ധമായ നിയമ വ്യവസ്ഥകളും ഉദാരവും ജനകീയവുമാക്കുക.

13 ഗൃഹസ്ഥർക്ക് ഭാവിയിലേക്ക് ഉപയോഗപ്പെടും വിധം അവരുടെ സമ്പാദ്യ ശീലം വളർത്തുക. സമ്പാദിക്കുന്ന പണം ഗവൺമെൻറിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.